കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാവേലിക്കര നഗരസഭ

2016-17

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-ജി.എ.5-1128/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
തീയതി. 20.09.2017

ഇ-മെയിൽ - ddhglfalpy@gmail.com

ഫോൺ - 0477 2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

.

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)

മാവേലിക്കര നഗരസഭ

.

സർ,

വിഷയം : മാവേലിക്കര നഗരസഭ- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(3)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാവേലിക്കര നഗരസഭയുടെ 2016 -17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3. ഡയറക്ടർ നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം
5. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-ജി.എ.5-1128/17 തീയതി: 20.09.2017

## ആലപ്പുഴ ജില്ലയിലെ മാവേലിക്കര നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം - വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാവേലിക്കര നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.01.2017 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 51 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 41 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ആർ. അശോകൻ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 05.08.2017 മുതൽ<br>18.08.2017 വരെ | ശ്രീ. ബി. ലിജിലാൽ, ഓഡിറ്റ് ഓഫീസർ (ഹ .ഗ്രേ)<br>ശ്രീമതി. മായാദേവി.സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ഫമിൻ.എസ്.എം , സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.സുഷ.റ്റി.പിള്ള, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.രാജി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.സുനിൽ കുമാർ.ജി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) ചെയർ പേഴ്സൺ

| | |
|---|---|
| ശ്രീമതി. ലീലാ അഭിലാഷ് | 01.04.2016 മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1. | ശ്രീ. എൻ. കെ. കൃഷ്ണ കുമാർ | 01.04.2016 മുതൽ 30.06.2016 വരെ |
| 2. | ശ്രീ. ഡി. സാജു | 01.07.2016 മുതൽ 31.03.2017 വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | മുനിസിപ്പൽ എൻജിനീയർ | ശ്രീ.ഡി.ദിനേശ് കുമാർ | 01.04.2016 മുതൽ 03.11.2016 വരെ |
| | | ശ്രീ.ജയ ദാസ് | 04.11.2016 മുതൽ 31.03.2017 വരെ |
| 2 | സൂപ്രണ്ട്, ജില്ലാ ആശുപത്രി, മാവേലിക്കര | ഡോ.ഷഹനാ.കെ.മുഹമ്മദ് | 01.04.2016 മുതൽ 28.01.2017 വരെ |
| | | ഡോ.കോശി ഇടിക്കുള | 29.01.2017 മുതൽ 31.03.2017 വരെ |
| 3 | ചീഫ് മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ആശുപത്രി | ഡോ.സുലോചന | 01.04.2016 മുതൽ 30.11.2016 വരെ |
| | | ഡോ.എസ്.ആർ.രാജി | 01.12.2016 മുതൽ 15.2.2017 വരെ |
| | | ഡോ.കെ.റംല | 16.02.2017 മുതൽ 31.03.2017 വരെ |
| 4 | സീനിയർ വെറ്ററിനറി സർജൻ | ഡോ.സനുജ.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| 5 | ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസർ | ശ്രീമതി.കെ.കെ.കൃഷ്ണകുമാരി | 1.4.2016 മുതൽ 3.07.2017 വരെ |
| | | സോനാ സോണി ജോസഫ് | 04.07.2016 മുതൽ 31.03.2017 വരെ |
| 6 | പ്രധാനാധ്യാപകൻ, ഗവ.ഗേൾസ് ഹൈസ്കൂൾ, മാവേലിക്കര | ശ്രീ.റജി സ്റ്റീഫൻ | 01.04.2016 മുതൽ 31.03.2017 വരെ |
| 7 | വ്യവസായ വികസന ഓഫീസർ | ശ്രീമതി.ആശാ റാണി | 01.04.2016 മുതൽ 31.03.2017 വരെ |
| 8 | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | ശ്രീ.എം.എൻ.പ്രസാദ് | 01.04.2016 മുതൽ 31.03.2017 വരെ |
| 9 | പട്ടികജാതി വികസന ആഫീസർ | ശ്രീമതി.മായാ ഗോപിദാസ് | 01.04.2016 മുതൽ 31.03.2017 വരെ |
| 10 | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | ശ്രീ.അനൂപ്.വി.സി | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ<br>1-10 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | നികുതി പരിഷ്കരണം പൂർത്തിയായില്ല - വരുമാനം നഷ്ടമാകുന്നു. |
| 3 | 2-2 | അനധികൃത നിർമ്മാണത്തിന് അധിക വസ്തുനികുതി ഈടാക്കിയില്ല |
| 4 | 2-3 | അനധികൃത കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകിയില്ല,വസ്തുനികുതി ഈടാക്കിയില്ല – നഗരസഭാ ഫണ്ടിന് വൻ നഷ്ടം. |
| 5 | 2-4 | ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിയില്ല |
| 6 | 2-5 | സ്ഥാപനനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിൽ കുറവ് |
| 7 | 2-6 | സ്ഥാപനനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല- വരുമാനനഷ്ടം |
| 8 | 2-7 | തൊഴിൽ നികുതി ശേഖരണത്തിലും അനുബന്ധ രേഖകളുടെ പരിപാലനത്തിലും ഗുരുതരമായ വീഴ്ച |
| 9 | 2-8 | ഡി&ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ |
| 10 | 2-9 | ലേലം സംബന്ധിച്ച അപാകതകൾ |
| 11 | 2-10 | തനത് ഫണ്ട് പരിപാലനത്തിനായി 2 അക്കൗണ്ടുകൾ - അപാകത തുടരുന്നു |
| 12 | 2-11 | വാടക ഈടാക്കിയില്ല – കുടിശ്ശിക 411937/- രൂപ നഷ്ടം. |
| 13 | 2-12 | പെർമിറ്റിന് അധിക ഫീസ് ഈടാക്കുന്നു |
| 14 | 2-13 | ഓഡിറ്റ് ഇംപാക്ട് |
| ഭാഗം – 3 | | |
| 15 | 3-1 | ലോകബാങ്ക് ധനസഹായം - സമയബന്ധിതമായി ചെലവു നടത്താതിരുന്നതുമൂലം 2.04 കോടി രൂപ ലാപ്സായി |
| 16 | 3-2 | നഗരസഭാ ഓഫീസിൽ ക്യുബിക്കിൾ നിർമ്മാണം - പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ പാളിച്ചകൾ |
| 17 | 3-3 | കോട്ടാതോടിന്റെ ശുചീകരണത്തിനായി ലഭിച്ച തുക വർഷങ്ങൾക്കുശേഷവും ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ |
| 18 | 3-4 | നിർത്തലാക്കി വർഷങ്ങൾക്കുശേഷവും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവഴിക്കാത്ത 1.37കോടി രൂപ തിരിച്ചടക്കാതെ നിക്ഷേപമായി തുടരുന്നു |
| 19 | 3-5 | മതിയായ ഫണ്ട് ലഭ്യമായിട്ടും ആധുനിക അറവുശാലയുടെ നിർമ്മാണം സ്തംഭനാവസ്ഥയിൽ |
| 20 | 3-6 | പട്ടിക ജാതി വിദ്യാർത്ഥികളുടെ പഠന മുറി നിർമ്മാണം പൂർത്തീകരിച്ചില്ല |
| 21 | 3-7 | ഇടവിള കൃഷി -പദ്ധതിയുടെ നടത്തിപ്പ് സുതാര്യമല്ല |
| 22 | 3-8 | കിണർ നിർമ്മാണത്തിന് അർഹമായതിലും അധികം സബ്സിഡി നൽകി |
| 23 | 3-9 | അധിക നിരക്കിൽ തെങ്ങിൻ തൈ വാങ്ങി |
| 24 | 3-10 | പട്ടിക ജാതി വിഭാഗത്തിന്റെ ഭവന നിർമ്മാണ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| 25 | 3-11 | ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല |

| | | |
|---|---|---|
| 26 | 3-12 | ആധുനിക ശ്മശാനത്തിന്റെ ബൈലോ പരിഷ്കരണം അനിവാര്യം |
| 27 | 3-13 | ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയില്ല |
| 28 | 3-14 | മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ കാര്യക്ഷമമല്ല |
| 29 | 3-15 | ഖരമാലിന്യ സംസ്കരണ യൂണിറ്റ് നിർമ്മാണം പ്രാവർത്തികമായില്ല, മാലിന്യനിർമ്മാർജ്ജനം വഴി മുട്ടുന്നു |
| 30 | 3-16 | ഷീ പാഡ് പദ്ധതി പൂർത്തീകരിച്ചില്ല. |
| 31 | 3-17 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ-അവലോകനം |
| 32 | 3-18 | മുൻകൂർ അനുവദിച്ച തുകകൾ ക്രമീകരിച്ചില്ല |
| 33 | 3-19 | ആരോഗ്യമേഖലയിലെ മരുന്ന് വാങ്ങൽ പദ്ധതികൾ - നൽകിയ മുഴുവൻ തുകക്കുമുള്ള മരുന്നുകൾ ലഭിച്ചില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 34 | 3-20. | പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി-യഥാസമയം യോഗം ചേരുന്നില്ല:- |
| 35 | 3-21 | ഉപയോഗിക്കാത്ത വാഹനം ലേലം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചില്ല |
| 36 | 3-22 | പരിക്കേറ്റ വിദ്യാർത്ഥിക്ക് നഷ്ടപരിഹാരം -കോടതി വിധിക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 37 | 3-23 | നാഷണൽ പെൻഷൻ സ്കീം -ജീവനക്കാരുടെ നഗരസഭാവിഹിതം പൂർണ്ണമായും അടച്ചിട്ടില്ല |
| 38 | 3-24 | പെൻഷൻ വിഹിതം കൃത്യമായി അടച്ചിട്ടും അലോട്ട്മെന്റ് ലഭിക്കുന്നില്ല, പെൻഷൻഫണ്ടിനായി പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ല |
| 39 | 3-25 | വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമല്ല |
| 40 | 3-26 | ആശ്രയ ഗുണഭോക്താക്കൾ അവഗണനയിൽ |
| 41 | 3-27 | എ ബി സി പ്രോഗ്രാം- തുക വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല |
| 42 | 3-28 | തെരുവ് വിളക്ക് പരിപാലനം - കെ.എസ്.ഇ.ബിയുടെ കണക്കിൽ ഉൾപ്പെടാത്ത പോസ്റ്റുകളുടെ അറ്റകുററപ്പണിക്ക് തുക ചെലവഴിച്ചു |
| 43 | 3-29 | ഐ.കെ.എം നൽകിയ സ്പെസിഫിക്കേഷന് വിരുദ്ധമായി ലാപ് ടോപ്പ് വാങ്ങി |
| 44 | 3-30 | നഗരസഭാ കമ്പ്യൂട്ടർ വത്കരണം- ഉപകരണങ്ങൾ പ്രവർത്തന ക്ഷമമാക്കിയിട്ടില്ല |
| 45 | 3-31 | പത്താം ക്ലാസ് തുല്യതാ പരീക്ഷ-കോച്ചിംഗ് ക്ലാസിനായി തുക ചെലവഴിച്ചത് അനുവദിക്കുന്നില്ല |
| 46 | 3-32 | വെള്ളക്കര കുടിശ്ശിക നാൾക്കുനാൾ വർദ്ധിക്കുന്നു- നഗരസഭയ്ക്ക് വൻബാദ്ധ്യത |
| 47 | 3-33 | മരാമത്തുവേലകളുടെ നിർവ്വഹണത്തിൽ ശ്രദ്ധേയമായ അപാകതകൾ |
| 48 | 3-34 | പൈനുള്ളതിൽ റോഡ് ഇന്റർലോക്കിംഗ് രണ്ടാംഘട്ടം - ക്രമപ്രകാരമല്ലാത്ത നിർമ്മാണ പ്രവൃത്തി |
| 49 | 3-35 | കുരുവിക്കാട് കോളനി റോഡ് റീ ടാറിംഗ് & ഇന്റർലോക്കിംഗ് - ക്രമപ്രകാരമല്ലാത്ത ഇനത്തിനായി അധികച്ചെലവ് |
| 50 | 3-36 | എഫ്.സി.ഐ.- കൊമ്പശ്ശേരിൽ റോഡ് മെറ്റലിംഗ് & ടാറിംഗ് - ഫില്ലിംഗിന് അധികച്ചെലവ് |
| 51 | 3-37 | സ്റ്റാക്ക് ചെയ്ത മെറ്റലിന്റെ അളവിൽ നിന്നും നിയമാനുസൃത കുറവു വരുത്താതെ കരാറുകാർക്ക് തുക അനുവദിച്ചു |
| 52 | 3-38 | നിർമ്മാണ പ്രവൃത്തികൾക്ക് നിയമാനുസൃത സേവനനികുതി ഒടുക്കിയിട്ടില്ല |
| 53 | 3-39 | ഡെപ്പോസിറ്റ് വർക്കുകളിൽ എഗ്രിമെന്റ് വയ്ക്കാതെ നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറി |

| | | |
|---|---|---|
| 54 | 3-40 | ടെൻഡർ ഫീസ് - 22450/-രൂപ നഗരസഭാ ഫണ്ടിൽ ഒടുക്കിയിട്ടില്ല |
| ഭാഗം- 4 | | |
| 55 | 4-1 മുതൽ<br>4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 56 | അനുബന്ധം -1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 26.02.2016 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 213272700 | 208308000 |
| വാർഷിക കണക്ക് പ്രകാരം | 132154462 | 121853199 |

റസിപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരമുള്ള തുകയാണ് വാർഷിക കണക്ക് പ്രകാരമുള്ള തുകയായി ചേർത്തിട്ടുള്ളത്. സർക്കാർ നേരിട്ട് വിതരണം ചെയ്ത വിവിധ ക്ഷേമപെൻഷനുകളുടെ തുകയായ 3.01 കോടി രൂപയുടെ വരവ് ചെലവുകൾ ബജറ്റിലുണ്ടെങ്കിലും റസിപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ ഉൾപ്പെടുന്നില്ല. ഈ തുക കൂടി ചേർത്താലും യഥാർത്ഥ വരവ് ചെലവുകളേക്കാൾ അഞ്ച് കോടിയോളം രൂപ അധികമാണ് പ്രതീക്ഷിത വരവ് ചെലവുകൾ. കേരള മുനിസിപ്പാലിറ്റി നിയമം 1994 വകുപ്പ് 286 എല്ലാ സ്ഥിരം സമിതികളും ബജറ്റ് നിർദ്ദേശം തയ്യാറാക്കി ധനകാര്യ സ്ഥിരം സമിതിക്ക് നൽകണമെന്നും വകുപ്പ് 293 മേൽപ്പറഞ്ഞ പ്രകാരം തയ്യാറാക്കുന്ന ബജറ്റ് എസ്റ്റിമേറ്റിൽ മുൻവർഷത്തേതിൽ അ ധികമായി പ്രതീക്ഷിക്കുന്ന വരുമാനങ്ങൾക്ക് കൃത്യമായ വിശദീകരണം ഉൾക്കൊള്ളിക്കണമെന്നും ബജറ്റ് എസ്റ്റിമേറ്റ് വാസ്തവികമാകണമെന്നും വ്യവസ്ഥ ചെയ്യുന്നു. ഈ വ്യവസ്ഥകൾ കൃത്യമായി പാലിക്കാതിരുന്നതാണ് ബജറ്റ് യാഥാർത്ഥ്യത്തിൽ നിന്ന് അകന്നുപോകാൻ കാരണം.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക കണക്കുകൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് അനുബന്ധം ഒന്ന് ആയി ഈ റിപ്പോർട്ടിനൊപ്പം ചേർത്തിട്ടുണ്ട്. വാർഷിക കണക്ക് പ്രകാരമുള്ള സാമ്പത്തിക വിശകലനം, വാർഷിക കണക്കിലെ അപാകങ്ങൾ എന്നിവ ഈ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ സവിസ്തരം ചേർത്തിട്ടുണ്ട്

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ടമെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 20048369 | 17137653 | 85.48 |
| വികസനഫണ്ട് എസ്.സി.പി. | 13661781 | 9971218 | 72.98 |
| വികസനഫണ്ട് ടി.എസ്.പി. | --- | -- | -- |
| സംരക്ഷണഗ്രാന്റ് റോഡ് | 10518540 | 7427068 | 70.60 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 6823459 | 6823459 | 100 |

| | | | |
|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 26074612 | 16923238 | 64.90 |
| പെർഫോമൻസ് ഗ്രാന്റ് | 22733310 | 2347153 | 10.32 |
| ബി ഫണ്ട് | 30328455 | 30328455 | 100 |

## 1-4 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 226 | 154541842 | 113 | 60629789 | 25 | 88 | 49.83 |

ആകെ വിഭാവനം ചെയ്ത പദ്ധതികളിൽ 50% മാത്രമാണ് പൂർത്തിയാക്കിയത്. അടങ്കൽ തുകയുടെ 39% മാത്രമാണ് ചെലവ്. പദ്ധതി ആസൂത്രണവും നിർവ്വഹണവും സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-6 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.88ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 22471115 | 26199326 | 3728211 | 16.59 |
| നികുതിയേതര വരവുകൾ | 6876305 | 8815439 | 1939134 | 28.20 |
| മറ്റ് വരവുകൾ | 2305883 | 1348015 | -957868 | - 41.54 |
| ആകെ | 31653303 | 36362780 | 4709477 | 14.88 |

## 1-7 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഭാഗമായി 3016 ഗുണഭോക്താക്കൾക്ക് 30316575/-രൂപ വിതരണം ചെയ്തു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 169200 | 100 |
| കർഷകതൊഴിലാളി പെൻഷൻ | 2087750 | 255 |

| | | |
|---|---|---|
| വിധവാപെൻഷൻ | 8449700 | 730 |
| വാർദ്ധക്യകാലപെൻഷൻ | 16975610 | 1658 |
| വികലാംഗപെൻഷൻ | 1902075 | 210 |
| അവിവാഹിതപെൻഷൻ | 552240 | 57 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 180000 | 6 |
| ആകെ | 30316575 | 3016 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9/8/17 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 79786/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിൽ കാതലായ വീഴ്ച സംഭവിക്കുന്നുണ്ട്. ആഡിറ്റിന്റെ ശ്രദ്ധയിൽപെട്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

ക) 30/3/17, 31/3/17 തീയതികളിൽ പണം അടക്കുന്നതിൽ 6600/- രൂപയുടെ കുറവുണ്ടായി. ഇത് ആഡിറ്റ് ചൂണ്ടിക്കാട്ടുംവരെ നഗരസഭ അറിഞ്ഞില്ല. ബിൽ കളക്ടർമാർ പണം അടക്കും മുൻപ് ക്യാഷ്യർ അഥവാ ഉത്തരവാദിത്വപ്പെട്ട മറ്റൊരുദ്യോഗസ്ഥൻ പരിശോധിച്ച് കൃത്യത ഉറപ്പാക്കേണ്ടതാണ്.

ഖ) പല അനധികൃത കെട്ടിടങ്ങൾക്കും 2016-17 ൽ നികുതി ഡിമാന്റ് ചെയ്തിരുന്നില്ല. ഇത് സംബന്ധിച്ച് കൃത്യമായ പരിശോധനകൾ ഉണ്ടായില്ല.

ഗ) നഗരസഭയിലെ കെട്ടിടങ്ങളുടെ നികുതി പരിഷ്കരണം 01/04/2013 പ്രാബല്യത്തിൽ നടത്തേണ്ടതായിരുന്നു. എന്നാൽ ഇതുവരെ നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ല.

ഘ) ഡിപ്പോസിറ്റ് രജിസ്റ്റർ, അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നത് സംബന്ധിച്ച രജിസ്റ്റർ, അനധികൃത നിർമ്മാണങ്ങൾക്ക് യു.എ.നമ്പർ നൽകി അസസ്സ് ചെയ്തതിന്റെ വിവരം സൂക്ഷിക്കുന്ന രജിസ്റ്റർ മുതലായവ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

ങ) പ്രോഫഷണൽ ടാക്സ് സംബന്ധിച്ച രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

ച) ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല.

ഛ)വാർഷിക ധനകാര്യ പത്രികയെ സംബന്ധിച്ച സംശയ ദുരീകരണത്തിന് സാദ്ധ്യമാകും വിധം അതേപ്പറ്റി ധാരണയുള്ള ഒരുദ്യോഗസ്ഥൻ പോലും നഗരസഭയിൽ ഇല്ല.

ജ)പാസ്ബുക്ക്, ബാങ്ക് ബുക്ക് എന്നിവ കൃത്യമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ഇത് സെക്രട്ടറി പരിശോധിച്ചിട്ടില്ല.

ഝ) വിവിധ വരവുകളിലെ വാർഷിക കണക്കും യഥാർത്ഥ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വരവിനങ്ങളുടെ ഡി.സി.ബി (മുതൽ-പിരിവ്-ബാക്കി) പത്രിക തയ്യാറാക്കിയിട്ടില്ല. ഇക്കാര്യങ്ങൾ സെക്രട്ടറി

പരിശോധിച്ചിട്ടില്ല.

ഞ) തൻപതിവേട് (പേഴ്സണൽ രജിസ്റ്റർ) കൃത്യമായി എഴുതുകയോ അത് മേലധികാരികൾ കാലികമായി പരിശോധിക്കുകയോ ചെയ്യുന്നില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.12.2010 | 20.12.2010 - 23.12.2010 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.06.2017 | 12.06.2017- 23.06.2017 | ലഭിച്ചിട്ടില്ല |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 നികുതി പരിഷ്കരണം പൂർത്തിയായില്ല - വരുമാനം നഷ്ടമാകുന്നു.

കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 14/1/2014 ന് മുൻപ് നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളുടേയും നികുതി 1/4/2013 പ്രാബല്യത്തിൽ പരിഷ്കരിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത പരിഷ്കരണം നഗരസഭയിൽ ഇതുവരെ പൂർത്തിയായിട്ടില്ല. നഗരസഭയിൽ 28 വാർഡുകൾ ഉണ്ടെങ്കിലും നികുതി ശേഖരണത്തിന് 20 വാർഡുകളായാണ് കണക്കാക്കിയിരുന്നത്. ഇത് മാറ്റി 28 വാർഡുകളിലായി കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടുണ്ടെങ്കിലും 2016-17 ൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾക്ക് ഇപ്രകാരം നമ്പർ നൽകിയിട്ടില്ല. പ്രസ്തുത ചട്ടങ്ങൾ, ചട്ടം 6,7, പട്ടിക ഒന്ന് എന്നിവ പ്രകാരം നഗരസഭാ പ്രദേശത്തെ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളായി തിരിക്കാവുന്നതാണ്. എന്നാൽ മാവേലിക്കര നഗരസഭ, നഗരസഭാ പരിധിയിൽ പ്രദേശങ്ങളെ ആദ്യ രണ്ട് മേഖലകളിൽ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. 2015-16 വരെ 15579 കെട്ടിടങ്ങൾ ഉള്ളതിൽ 10330 കെട്ടിടങ്ങളുടെ നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടുണ്ട്. 1,2, 4,5,6,7,8,9,10,11,12,13,18 വാർഡുകളിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ പൂർണ്ണമായും സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒന്നിനുപോലും ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല. ഫോറം 6 ൽ ശേഖരിച്ച വിവരങ്ങൾ പൂർണ്ണമായും 'സഞ്ചയ' യിൽ ഉൾപ്പെടുത്തപ്പെടാത്തതിനാൽ സഞ്ചയ – സാംഖ്യ സോഫ്റ്റ് വെയറുകൾ സംയോജിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഫോറം 6 ൽ നടത്തിയ വിവരശേഖരണം പൂർണ്ണമോ കുറ്റമറ്റതോ അല്ല. മിക്ക ഫോറങ്ങളിലും മേഖല, കാലപ്പഴക്കം, ഇവമൂലമുള്ള കിഴിവുകൾ മുതലായവ ഉൾപ്പെടുത്തിയിട്ടില്ല. നഗരസഭ അംഗീകരിച്ച മേഖലകളിൽ തൃതീയ മേഖല ഇല്ലെങ്കിലും പല ഫോറത്തിലും (ഉദാ. വാർഡ് 11 വീട്ട് നമ്പർ 85,87 ) ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. ഫോറങ്ങളിലെ വിവരവും ഡേറ്റ എൻട്രി നടത്തിയ വിവരവും തമ്മിലും വ്യത്യാസമുണ്ട്. അപാകങ്ങൾ പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ഡിമാന്റ് ചെയ്യുന്നതിൽ വരുന്ന കാലതാമസം നിമിത്തം നികുതിപ്പണം നഷ്ടമാകുവാനും ഇടയുണ്ട്. ഇക്കാര്യത്തിൽ ഭരണസമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കുവാൻ ആഡിറ്റ് ശുപാർശ ചെയ്യുന്നു.

### 2-2 അനധികൃത നിർമ്മാണത്തിന് അധിക വസ്തുനികുതി ഈടാക്കിയില്ല

മാവേലിക്കര നഗരസഭയിൽ പുതിയകാവ് കളക്കാട്ട് ലൌ ഡയിൽ വീട്ടിൽ മേരി ദാസൻ തോമസ് കെട്ടിട നമ്പർ VI/535 A യിലെ 89.81 ചതുരശ്രമീറ്ററിനോട് കൂട്ടിച്ചേർത്ത് നിർമ്മിച്ച 33.27 ച. മി കെട്ടിട ഭാഗവും പ്രത്യേകം നിർമ്മിച്ച 47.30 ച.മി കെട്ടിടവും 10/4/2007 ൽ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും 16/3/2015 ൽ മാത്രമാണ് റഗുലറൈസ് ചെയ്യാൻ അപേക്ഷ നൽകിയത് (നം. 2421/15). അപേക്ഷയിലെ അപാകങ്ങൾ പരിഹരിച്ച് 21/3/2016 ൽ ഈ നിർമ്മാണങ്ങൾ ക്രമീകരിച്ച് നൽകി. പ്രസ്തുത നിർമ്മാണം ക്രമീകരിച്ച് നമ്പർ നൽകിയശേഷം നികുതി നിർണ്ണയിച്ചപ്പോൾ (ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നം. E2/5578/16, 5/8/16, അസസ്മെന്റ് തീയതി 1/9/16) നിർമ്മാണം പൂർത്തിയായ തീയതി മുതൽ റഗുലറൈസ് ചെയ്ത തീയതി വരെ കെട്ടിടം അനധികൃതമായിരുന്നതിനാൽ കേരള മുനിസിപ്പാലിറ്റി നിയമം 1994 വകുപ്പ് 242 പ്രകാരം അതിന് ബാധകമായ നികുതി അഥവാ വസ്തു നികുതിയും അതിന്റെ ഇരട്ടിയും ചേർന്ന തുക ഈടാക്കേണ്ടിയിരുന്നു. എന്നാൽ

നിയമാനുസൃത കെട്ടിടത്തിന് ഈടാക്കുന്ന നികുതി മാത്രമാണ് ഈടാക്കിയത്.

കെട്ടിട നമ്പർ VI/535 A യോട് കൂട്ടിചേർത്ത 33.27 ച.മി കെട്ടിടഭാഗത്തിന് 14 രൂപ/ച.മി പ്രകാരം 559/- രൂപ (33.27x14+നിരത്തിന്റെ അടിസ്ഥാനത്തിലുള്ള 20 ശതമാനം വർദ്ധനവ്) വാർഷിക നികുതി നിശ്ചയിച്ചിട്ടുണ്ട്. പുതിയതായി നിർമ്മിച്ച 535(3) എന്ന 47.30 ച.മി തറവിസ്തീർണ്ണമുള്ള കെട്ടിടത്തിനും മേൽപ്പറഞ്ഞ നിരക്കിൽ 794 രൂപ വാർഷിക നികുതി നിശ്ചയിച്ചു.

മേൽപ്പറഞ്ഞ കെട്ടിടങ്ങൾക്ക് 2007-08 മുതൽ 2015-16 വരെയും അനധികൃത കെട്ടിടം എന്ന നിലയ്ക്ക് സാധാരണയുള്ളതിന്റെ മൂന്നിരട്ടി വസ്തുനികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ VI/535 A യുടെ ആകെ 123.08 ച.മീറ്ററിന് ഈ 9 വർഷത്തെ നികുതി കണക്കാക്കി (പ്രതി വർഷം 1569/- രൂപ) ആയതിൽ നിന്ന് മുൻപ് തന്നെ ഓരോ വർഷവും അടച്ച 808 രൂപ കിഴിച്ച് ബാക്കി പ്രതിവർഷം 761/-രൂപ 15/9/16 ൽ രസീത് നമ്പർ 69896/- പ്രകാരവും കെട്ടിട നം.535(3) ന് ബാധകമായ പ്രതിവർഷം 794/-രൂപ 15/9/16 ൽ രസീത് നമ്പർ 69895/- പ്രകാരവും ഈടാക്കുക മാത്രമാണ് ഉണ്ടായത്. യഥാക്രമം 1677/- രൂപ (559x3), 2382/- രൂപ (794x3) രൂപ ഈടാക്കേണ്ടിയിരുന്ന സ്ഥാനത്താണിത്. ഇവയുടെ വസ്തുനികുതി ഇനത്തിൽ ഒരു വർഷം യഥാക്രമം 1118/- രൂപ (1677 - 559), 1588/- രൂപ (2382 – 794) മുനിസിപ്പൽ ഫണ്ടിന് നഷ്ടമായി. 2007-08 മുതൽ 2015-16 വരെ ഒൻപത് വർഷത്തേക്ക് യഥാക്രമം 10062/- (1118x9) രൂപ, 14292/- (1588 x9) രൂപ എന്നിങ്ങനെ ആകെ 24354/- രൂപയുടെ കുറവാണ് ഉണ്ടായത്. ഇത് ചൂണ്ടിക്കാട്ടി 16/8/17 ൽ ആഡിറ്റ് അന്വേഷണം (നം. 38) നൽകിയതിനെ തുടർന്ന് 18/8/17 ൽ ഈ തുക ഡിമാന്റ് ചെയ്ത് കക്ഷിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ ആഡിറ്റ് പൂർത്തിയാകും വരെ തുക ഈടാക്കപ്പെട്ടിട്ടില്ല. തുക ഈടാക്കി വിവരം ആഡിറ്റിൽ അറിയിക്കേണ്ടതാണ്. തുക ലഭ്യമാകാത്ത പക്ഷം ആയത് സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട്, സെക്രട്ടറി എന്നിവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ-1999 ചട്ടം 146(3) വ്യവസ്ഥ ചെയ്യും പ്രകാരം അനുബന്ധം ഐ മാതൃകയിൽ ഉത്തരവ് സെക്രട്ടറി പുറപ്പെടുവിക്കേണ്ടതാണെങ്കിലും ഇത് ഉണ്ടാകുന്നില്ല. അനധികൃത നിർമ്മാണം ക്രമീകരിക്കുന്നത് സംബന്ധിച്ച് അനുബന്ധം ജെ മാതൃകയിൽ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നുമില്ല. റഗുലറൈസേഷൻ സംബന്ധിച്ച രജിസ്റ്റർ കൃത്യമായി എഴുതുന്നുണ്ടെന്നും നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്നും ഉറപ്പിക്കാൻ ഭരണസമിതിക്ക് ശുപാർശ ചെയ്യുന്നു.

## 2-3 അനധികൃത കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകിയില്ല,വസ്തുനികുതി ഈടാക്കിയില്ല – നഗരസഭാ ഫണ്ടിന് വൻ നഷ്ടം.

നഗരസഭയിലെ താഴെപറയുന്ന അനധികൃത കെട്ടിട ഉടമകളിൽ നിന്ന് കേരള മുനിസിപ്പാലിറ്റി നിയമം 1994- വകുപ്പ് 242, കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങൾ 2011-ചട്ടം 20 എന്നിവ പ്രകാരം ഈടാക്കേണ്ട വസ്തുനികുതി 2016-17 ൽ ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തായി കാണുന്നില്ല. അനധികൃത നിർമ്മാണങ്ങൾക്ക് പ്രസ്തുത ചട്ടങ്ങൾ ചട്ടം 20(2) പ്രകാരമുള്ള നമ്പർ നൽകിയിട്ടില്ല. ചട്ടം 20(1) പ്രകാരം അനുബന്ധം 10 ഫാറത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്റർ നഗരസഭയിൽ ഇല്ല. അനധികൃത നിർമ്മാണങ്ങൾക്ക് അവ അപ്രകാരം നിലനിൽക്കുന്ന കാലത്തോളം അതിന് ബാധകമായ വസ്തുനികുതിയുടെ മൂന്ന് മടങ്ങ് വസ്തുനികുതിയാണ് ഈടാക്കേണ്ടത് (വകുപ്പ് 242). ഇപ്രകാരം വസ്തുനികുതി നിർണ്ണയിക്കാത്തത് മൂലവും നിർണ്ണയിച്ച വസ്തുനികുതി ഡിമാന്റ് ചെയ്യാത്തത് മൂലവും നഗരസഭക്ക് വൻ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ട്. നഗരസഭാ എൻജിനീയറിംഗ് വിഭാഗം ഹാജരാക്കിയ അൺ ആതറൈസ്ഡ് കൺസ്ട്രക്ഷൻ രജിസ്റ്ററിനെ ആസ്പദമാക്കി കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം. | ഉടമസ്ഥന്റെ പേര് | ഫയൽ നമ്പർ/ പെർമിറ്റ് അപേക്ഷ നമ്പർ | നിർമ്മിതി യുടെ വിസ്തീർണ്ണം, തരം | ഒരു ച.മിറ്റിന് വസ്തുനികുതി | നിർണ്ണയിച്ച വാർഷിക വസ്തുനികുതി |
|---|---|---|---|---|---|---|

| (ക) | (ഖ) | (ഗ) | (ഘ) | (ങ) | (ച) | (ഛ) |
|---|---|---|---|---|---|---|
| 1 | 5 | ഭാസ്കരൻ & ഓമന, ലക്ഷ്മി ഭവനം | E3/14523/10 | 507.37 | 90 | 164388* |
| 2 | 8 | സ്ലീബ കോശി, എസ്.എസ്.ഹൗണ്ടായ് | 18/09-10 | 776.45 | 90 | 262053** |
| 3 | 20 | വർഗ്ഗീസ്.കെ. സാമുവൽ, കടകശ്ശേരിൽ, നടക്കാവ് | 3/12-13 | നികുതി നിശ്ചയിച്ചിട്ടില്ല | | |
| 4 | 25 | സി.പി. വർഗ്ഗീസ്, ചിറ്റക്കാട്ട് വില്ല, കണ്ടിയൂർ | E3/6283/14 | 327 | 90 | 105948 * |
| 5 | 35 | വി.കെ.രാജൻ, കിഴക്കേവിളയിൽ | E3/8302/14 | നികുതി നിശ്ചയിച്ചിട്ടില്ല | | |
| 6 | 53 | കാർത്യായിനി, ചരിവ് പറമ്പിൽ, പുളിമൂട് | E3/6341/15 | | | |
| 7 | 62 | ജനാർദ്ദനൻ, തെക്കേവിളയിൽ | E2/9361/15 | | | |
| 8 | 63 | തങ്കമ്മ തങ്കച്ചൻ, മുറിമല തെക്കതിൽ, പുതിയകാവ് | E2/ 8312/15 | | | |
| 9 | 68 | വിജയൻ, തച്ചരിക്കൽ വീട്, കണ്ണമംഗലം | E2/331/16 | | | |
| 10 | 73 | വിനോദ് ശിവൻ, വൈഷ്ണവം, മറ്റം വടക്ക് | E2/4760/16 | | | |

* വിസ്തീർണ്ണംxനിരക്ക് x3+വഴിയുടെ അടിസ്ഥാനത്തിൽ 20 % അധികം

** തറ വിസ്തീർണ്ണംxനിരക്ക്x3+വഴിയുടെ അടിസ്ഥാനത്തിൽ 20% അധികം+തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% അധികം

ഈ ഫയലുകൾ ഹാജരാക്കാൻ 9/8/17 ൽ റിക്വസിഷൻ നൽകിയിട്ടും മേൽപ്പറഞ്ഞവയിൽ ക്രമ നം 1,2,9 എന്നിവ മാത്രമാണ് ലഭ്യമായത്. ഇക്കാര്യത്തിൽ നഗരസഭ സ്വീകരിച്ച നടപടികൾ ആഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് 11/8/17 ൽ ആഡിറ്റ് അന്വേഷണം നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനങ്ങൾക്ക് താമസം വിനാ ഡിമാന്റ് നോട്ടീസ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആഡിറ്റ് തീരും വരെ അപ്രകാരം നോട്ടീസ് നൽകിയിട്ടില്ല. (മേൽപ്പറഞ്ഞവയിൽ സ്ലീബ കോശിക്ക് മാത്രമാണ് 2015-16 വരെ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളത്.)

മേൽപട്ടിക പ്രകാരം മുനിസിപ്പൽ ഫണ്ടിന് 532389 രൂപയുടെ നിജപ്പെടുത്താവുന്ന നഷ്ടം 2016-17 ൽ മാത്രമുണ്ടായി. ഈ തുക സെക്ഷൻ ക്ളർക്ക്, റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട്, സെക്രട്ടറി എന്നിവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

അനധികൃത നിർമ്മാണങ്ങൾ റഗുലറൈസ് ചെയ്യാൻ കഴിയാത്തവയാണെങ്കിൽ പൊളിച്ച് നീക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇവ അനധികൃതമായി നിലനിൽക്കുന്ന കാലത്തോളം മേൽപ്പറഞ്ഞ നിരക്കിൽ നികുതി (സാധാരണ വസ്തുനികുതിയുടെ മൂന്ന് മടങ്ങ്) ഡിമാന്റ് ചെയ്ത് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇതിൽ വീഴ്ച വന്നിട്ടുണ്ടോ എന്ന് നഗരസഭാ സമിതി പരിശോധിച്ച് നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കാൻ ശുപാർശ ചെയ്യുന്നു. മുഴുവൻ അനധികൃത നിർമ്മാണങ്ങളും കണ്ടെത്തി യു.എ നമ്പർ നൽകാനും നികുതി ഡിമാന്റ് ചെയ്യാനും ശ്രദ്ധിക്കേണ്ടതാണ്.

## 2-4 ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിയില്ല

നഗരസഭാ പരിധിയിൽ പ്രവർത്തിച്ചുവരുന്ന താഴെപ്പറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മുൻ വർഷങ്ങളിൽ സ്ഥാപനനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിലും തൻവർഷം ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം | നഷ്ടം (മുൻവർഷ നികുതി അടിസ്ഥാനമാക്കിയുള്ളത്) |
|---|---|---|---|
| 1 | മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ്സ് | 1 | 1250 |
| 2 | എച്ച്.ഡി.എഫ്.സി | 1 | 1250 |
| 3 | SC/ST കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1 & 2 | 2500 |
| 4 | മുത്തൂറ്റ് മെർക്കന്റയിൽസ് | 1 & 2 | 2500 |
| 5 | ഐ.സി.ഐ.സി.ഐ | 2 | 1250 |
| 6 | കേരള ഹൗസിംഗ് ഫിനാൻസ് | 1 & 2 | 2500 |
| 7 | മുത്തൂറ്റ് സെക്യൂരിറ്റീസ് | 1 & 2 | 2500 |
| 8 | സിൻഡിക്കേറ്റ് ബാങ്ക് | 1 | 1250 |
| 9 | ഇൻഡസ് ലാന്റ് മാർക്കറ്റിംഗ് & ഫൈനാൻഷ്യൽ സർവീസ് | 1 & 2 | 2500 |
| 10 | S .M .L ഫൈനാൻസ് | 1 & 2 | 2500 |
| 11 | എസ്.ബി.ഐ ലൈഫ് ഇൻഷുറൻസ് | 1 | 1250 |

| | | | |
|---|---|---|---|
| 12 | ആക്സിസ് ബാങ്ക് | 1 & 2 | 2500 |
| 13 | ഐ.ഡി.ബി.ഐ | 1 & 2 | 2500 |
| 14 | മേരിലാന്റ് ചിട്ടിഫണ്ട് | 1 | 1250 |
| 15 | കൊയിപ്പള്ളിൽ ഫിനാൻസ് | 1 & 2 | 2500 |
| 16 | വേണാട്ട് ചിട്ടി ഫണ്ട് ,വാർഡ് 6 | 1 & 2 | 2500 |
| 17 | ശ്രീ ഭുവനേശ്വരി ഗോൾഡ് ലോൺ, വാർഡ് 6 | 1 & 2 | 2500 |
| 18 | താലൂക്ക് സഹകരണ ബാങ്ക്, തഴക്കര ബ്രാഞ്ച്, വാർഡ് 10 | 1 & 2 | 2500 |
| | ആകെ | | 37500 |

ടി സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി സ്ഥാപനനികുതി പിരിച്ചെടുക്കാതിരുന്നതിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9) ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. നഷ്ടമായ തുക പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കാത്ത പക്ഷം ആയത് ഇരു അർദ്ധവർഷങ്ങളിലേയും സെക്രട്ടറിമാർ, സൂപ്രണ്ട്, സെക്ഷൻ ക്ലർക്ക് എന്നിവരിൽ നിന്ന് സമാനപാതത്തിൽ ഈടാക്കേണ്ടതാണ്.

## 2-5 സ്ഥാപനനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിൽ കുറവ്

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ചട്ടം 3(2) മുതൽ 3(11) വരെ പ്രകാരം ഓരോ അർദ്ധവർഷങ്ങളിലും 1250/-രൂപ വീതം സ്ഥാപന നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന ഏതാനും ധനകാര്യ സ്ഥാപനങ്ങളുടെ സ്ഥാപനനികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഡിമാന്റ് ചെയ്ത ആകെ തുക (ഒന്നും രണ്ടും അർദ്ധവർഷങ്ങൾ) | ഈടാക്കേണ്ട നികുതി | കുറവ് (ഒന്നും രണ്ടും അർദ്ധവർഷങ്ങൾ) |
|---|---|---|---|---|
| 1 | ജിബി ഫിനാൻസ് | 900 | 2500 | 1600 |
| 2 | യവനിക ഫൈനാൻസിയേഴ്സ് (വാർഡ് 12) | 2000 | 2500 | 500 |
| 3 | ART ഫൈനാൻസിയേഴ്സ് | 600 | 2500 | 1900 |
| 4 | കോട്ടപ്പുറത്ത് ഫൈനാൻസിയേഴ്സ് | 900 | 2500 | 1600 |

| | | | | |
|---|---|---|---|---|
| 5 | ഗോൾഡൻ ഫൈനാൻസിയേഴ്സ്, തട്ടാരമ്പലം | 1200 | 2500 | 1300 |
| 6 | വിജി ഫൈനാൻസിയേഴ്സ്, വാർഡ് 8 | 900 | 2500 | 1600 |
| 7 | വടക്കേവീട്ടിൽ ഫിനാൻസ്, വാർഡ് 9 | 900 | 2500 | 1600 |
| 8 | അനശ്വര ഫിനാൻസിയേഴ്സ്, വാർഡ് 12 | 1200 | 2500 | 1300 |
| | ആകെ | | | 11400/- |

ടി ധനകാര്യസ്ഥാപനങ്ങളിൽ നിന്നും മുൻവർഷങ്ങളിലും സ്ഥാപനനികുതി കുറവായി ഡിമാന്റ് ചെയ്ത് ഈടാക്കിയതുവഴി നഗരസഭയ്ക്ക് വരുമാനനഷ്ടം സംഭവിച്ചിട്ടുണ്ട്. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9) കുറവ് വന്ന തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൻവർഷ കുടിശ്ശിക പലിശ സഹിതം ഈടാക്കാത്തപക്ഷം സെക്രട്ടറി, സൂപ്രണ്ട്, സെക്ഷൻ ക്ലർക്ക് എന്നിവരുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## 2-6 സ്ഥാപനനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല-വരുമാനനഷ്ടം

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ചട്ടം 3(2) മുതൽ 3(11) വരെ പ്രകാരം 1250/- രൂപ ഓരോ അർദ്ധവർഷങ്ങളിലും സ്ഥാപന നികുതി ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നു. താഴെപ്പറയുന്ന ധനകാര്യസ്ഥാപനങ്ങൾ നഗരസഭാപരിധിയിൽ പ്രവർത്തിച്ചുവരുന്നതായി ഭൌതിക പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. എന്നാൽ ടി സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ സ്ഥാപനനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

1. D.H.F.L ഹോം ലോൺസ് (മുൻസിപ്പൽ ഓഫീസിന് എതിർവശം)
2. രാജൻസ് മണി എക്സ്ചേഞ്ച് (മുൻസിപ്പൽ ഓഫീസിന് സമീപം)
3. റൈറ്റ് ഇൻവെസ്റ്റ്മെന്റ് സൊല്യൂഷൻസ്, മാവേലിക്കര
4. പനയ്ക്കൽ ഫൈനാൻസിയേഴ്സ്
5. K.P.B നിധി ലിമിറ്റഡ്, എ.ആർ. ജംഗ്ഷൻ
6. കോർപ്പറേഷൻ ബാങ്ക്, പുതിയകാവ്

നഗരസഭാപരിധിയിൽ പ്രവർത്തിച്ചുവരുന്ന മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും മുൻ വർഷങ്ങളിലേതുൾപ്പെടെയുള്ള നികുതി ഈടാക്കാതിരുന്നതിനാൽ നഗരസഭയ്ക്ക് വരുമാനചോർച്ച ഉണ്ടായിട്ടുണ്ട്. ഈ 6 സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി പിരിച്ചെടുക്കാതിരുന്നതിനാൽ തൻവർഷം മാത്രം 15000/- രൂപയുടെ നഷ്ടം നഗരസഭയ്ക്കുണ്ടായി.

ടി സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9, 22) നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. മുൻ വർഷങ്ങളിലേതുൾപ്പെടെ ഈയിനത്തിൽ നഷ്ടമായ തുക പലിശ സഹിതം ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കാത്തപക്ഷം സെക്രട്ടറി, സൂപ്രണ്ട്, സെക്ഷൻ ക്ലർക്ക് എന്നിവരുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## 2-7 തൊഴിൽ നികുതി ശേഖരണത്തിലും അനുബന്ധ രേഖകളുടെ പരിപാലനത്തിലും ഗുരുതരമായ വീഴ്ച

നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിലും ഇതു സംബന്ധമായ രേഖകളുടെ പരിപാലനത്തിലും കുറ്റകരമായ അനാസ്ഥ ബന്ധപ്പെട്ട ജീവനക്കാരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) തൊഴിൽ നികുതി രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല, സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളേയും അതിൽ ജോലി ചെയ്യുന്ന ജീവനക്കാരേയും ഉൾപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങൾ ഇതു സംബന്ധമായി ഹാജരാക്കിയ പത്രിക ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല. ഇതു മൂലം പിരിച്ച തുകയുടെ കൃത്യത ഉറപ്പു വരുത്തുവാനും കഴിഞ്ഞിട്ടില്ല. തൊഴിൽ നികുതി സംബന്ധിച്ചുള്ള ഡിമാന്റ് രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. കൂടാതെ അരിയർ ഡിമാന്റ് രജിസ്റ്ററും പരിപാലിച്ചിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം തൊഴിൽ നികുതിയുടെ കറണ്ട് കുടിശ്ശിക 249371/-രൂപയും അരിയർ കുടിശ്ശിക 9670328/-രൂപയുമാണ്. എന്നാൽ രേഖകളുടെ അഭാവത്തിൽ കുടിശ്ശികയുടെ നിജസ്ഥിതിയും, തൊഴിൽ നികുതി ഒടുക്കാതെ കൂടുതൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നതിനും ഓഡിറ്റിനായിട്ടില്ല. നഗരസഭാ പരിധിയിൽ പ്രവർത്തിച്ചുവരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന നികുതി (1250/-) ഡി & ഒ ലൈസൻസിനൊപ്പം അടച്ചിട്ടുണ്ടെങ്കിലും അടവ് വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ തുകയൊന്നും നഗരസഭയിൽ ഒടുക്കിയിട്ടില്ല.

1. എസ്.എസ്.ഹ്യുണ്ടായി
2. വിജയ സിൽക്ക് ഹൗസ്
3. ആർ.വി.ബേക്കറി
4. പോത്തൻ സ്റ്റോഴ്സ്
5. പ്രതിഭ തീയറ്റർ
6. പോപ്പുലർ വെഹിക്കിൾസ്
7. രാംകോ ഏജൻസീസ്
8. റിലയൻസ് ഇൻഫോകോം
9. ഭാസ്കര മൊബൈൽസ്
10. അയ്യപ്പാസ് ടെക്സ്റ്റയിൽസ്
11. സംഘം ടെക്സ്റ്റയിൽസ്
12. ഐശ്വര്യ ടെക്സ്റ്റയിൽസ്
13. കൊമ്പശ്ശേരിൽ ജ്യുവലറി
14. പുഷ്പ ഡിപ്പാർട്ട്മെന്റൽ സ്റ്റോർ
15. വിദ്യാധിരാജ വിദ്യാപീഠം.

തൊഴിൽ നികുതി ചട്ടം 3(2) മുതൽ 3(11) വരെ പ്രകാരം നഗരസഭാ പരിധിയിൽ ജോലി ചെയ്യുന്ന, 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടുള്ള എല്ലാ ജീവനക്കാരും തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ മാവേലിക്കര നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്വകാര്യസ്ഥാപനങ്ങളിൽ ഉടമസ്ഥരെക്കൂടാതെ താത്ക്കാലികവും സ്ഥിരവുമായ നിരവധി ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെങ്കിലും അവരുടെ വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി പത്രിക നഗരസഭയിൽ സമർപ്പിക്കുകയോ തൊഴിൽ നികുതി കൃത്യമായി പിരിച്ചെടുക്കുകയോ ചെയ്യാത്തത് അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22) മറുപടി ലഭിച്ചില്ല. നഗരസഭാ

പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടേയും വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ടി ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

ബി)അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, കരാറുകാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരിൽ നിന്ന്

തൊഴിൽ നികുതി ഈടാക്കുന്നില്ല

തൊഴിൽ നികുതി ചട്ടം 3(2) മുതൽ 3(11) വരെ പ്രകാരം നഗരസഭാ പരിധിയിൽ ജോലി ചെയ്യുന്ന 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടുള്ള എല്ലാ ജീവനക്കാരും തൊഴിൽ നികുതി അടയ്ക്കാൻ നിഷ്കർഷിക്കുന്നു. എന്നാൽ നഗരസഭാ പരിധിയിൽ ജില്ലാക്കോടതി ഉൾപ്പെടെ നിരവധി കോടതികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അഭിഭാഷകരുടെ തൊഴിൽ നികുതി ഇനത്തിൽ നഗരസഭയിൽ വരവൊന്നുമില്ല. കൂടാതെ സ്വകാര്യഡോക്ടർമാർ, കരാറുകാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരിൽ നിന്നും ഡിമാന്റ് ചെയ്യുകയോ അവർ വരുമാനപത്രിക സമർപ്പിക്കുകയോ ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല. നഗരസഭയ്ക്ക് നിയമാനുസൃതം ലഭിക്കേണ്ട തനതു വരുമാനത്തിൽ ഗണ്യമായ തുക ഇത്തരത്തിൽ നഷ്ടപ്പെടുന്നു. നിയമാനുസൃതം നഗരസഭയ്ക്ക് ലഭിക്കേണ്ട തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

സി) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2016-17 രണ്ടാം അർദ്ധ വർഷം വരുമാനത്തിനാനുപാതികമായി തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുണ്ടായി.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| 1. | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ | സന്തോഷി സുകുമാരൻ | 118910 (Rt.0054/21.3.17) | 750 | 1000 | 250 |
| 2 | SBT, മാവേലിക്കര മെയിൻ ബ്രാഞ്ച് | ഡെയ്സി ഡാനിയേൽ | 142997 | ഇല്ല | 1250 | 1250 |
| 3 | ഫെഡറൽ ബാങ്ക് | ലക്ഷ്മി പ്രദീപ് | 120192 (Rt.0051/8.3.17) | 750 | 1000 | 250 |
| 4 | ഫെഡറൽ ബാങ്ക് | അജിത.ഇ.പി | 120192 (Rt.0051/8.3.17) | 750 | 1000 | 250 |
| 5 | ഫെഡറൽ ബാങ്ക് | ദിവ്യ.എസ് | 120192 (Rt.0051/8.3.17) | 750 | 1000 | 250 |
| 6 | ഫെഡറൽ ബാങ്ക് | അശ്വതി.ജി.ശിവൻ | 120192 (Rt.0051/8.3.17) | 750 | 1000 | 250 |
| | | ആകെ | | | | 2500/- |

തൊഴിൽ നികുതി കുറവായി ഈടാക്കിയതിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33) മറുപടി ലഭിച്ചില്ല. നഷ്ടമായ തുക ഈടാക്കാത്തപക്ഷം സെക്ഷൻ ക്ലർക്കിന്റെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## 2-8 ഡി&ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ

*ഡി & ഒ ലൈസൻസ് പരിശോധനയിൽ താഴെപ്പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.*

ഡി & ഒ ലൈസൻസ് ഫീസ് സംബന്ധിച്ച് ഹെൽത്ത് വിഭാഗം തയ്യാറാക്കിയ ഡി.സി.ബി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. നഗരസഭാ പരിധിയിൽ പ്രവർത്തിച്ച് വരുന്ന ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ പേര് ഉൾപ്പെടുത്താതെ കച്ചവടനാമം (ബ്രാൻഡ് നെയിം) മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഡി & ഒ ലൈസൻസ് ഫീസ് 04/02/1997 ലെ കാലഹരണപ്പെട്ട ഒരു ഗസറ്റ്/ബൈലോയെ അടിസ്ഥാനമാക്കിയാണ് ഈടാക്കി വരുന്നത്. ടി ബൈലോ കാലാനുസൃതമായി പരിഷ്കരിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. പരിഷ്കരിച്ചിട്ടില്ലെങ്കിൽ ബൈലോ കാലാനുസൃതമായി പരിഷ്കരിക്കാതിരുന്ന തിനാൽ നിലവിൽ പഴയ ബൈലോയുടെ അടിസ്ഥാനത്തിലാണ് ഡി & ഒ ഫീസ് ഈടാക്കി വരുന്നത്. ടി ബൈലോയിൽ ഉൾപ്പെടാത്ത വിഭാഗങ്ങൾക്ക് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ചുമത്തുന്നത് എന്ന് വ്യക്തമല്ല. (ഉദാ:-ഫ്ലക്സ് പ്രിന്റിംഗ്, ഹൈപ്പർ/സൂപ്പർ മാർക്കറ്റ്, ഇന്റർനെറ്റ് കഫെ, ഐ.റ്റി ബിസിനസ്സ്, മൊബൈൽ ഷോപ്പ്, വിദേശ മദ്യഷോപ്പ്/ബിവറേജസ്, ബ്യൂട്ടി പാർലർ, ഡി.റ്റി.പി, ലേസർ പ്രിന്റിംഗ് മുതലായവ). പുതുക്കിയ ഫീസ് നിർണ്ണയിച്ച് ഡി & ഒ ഷെഡ്യൂൾ 23/01/2012 ലെ 7-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം അംഗീകരിച്ചുവെങ്കിലും നിലവിലുള്ള വ്യാപാര സ്ഥാപനങ്ങൾക്ക് പരിഷ്കരിച്ച നിരക്കിലുള്ള ഫീസ് ഈടാക്കുന്നതിന് സർക്കാറിൽ നിന്നും താൽക്കാലിക നിരോധനം ഉണ്ടായതിനാൽ പരിഷ്കരിച്ച നിരക്കിലുള്ള ഫീസീടാക്കാൻ നഗരസഭയ്ക്കായിട്ടില്ല.

വരുമാനം കൂടുതലുള്ള സ്ഥാപനങ്ങളിൽ നിന്നും പരമാവധി ഫീസ് ഈടാക്കാമെന്നിരിക്കെ പ്രതിദിന വരുമാനം കൂടിയ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിലാണ് ഡി & ഒ ഫീസ് ഈടാക്കിയത്. അന്വേഷണ റിപ്പോർട്ട് പലതും അപൂർണ്ണമാണ്.

| ക്രമ നം. | സ്ഥാപനം/വ്യാപാര നാമം | ഈടാക്കിയ ഫീസ് |
|---|---|---|
| 1. | ശാന്തി ഫ്യുവൽസ് (പെട്രോൾ പമ്പ്) | 1000/- |
| 2 | കടവിൽ ഫ്യുവൽസ്(പെട്രോൾ പമ്പ്) | 2000/- |
| 3 | കാർ വിൽപ്പന (XIV/135A,B,C) | 1500/- |
| 4 | ഹെർക്കുലീസ് കാർ ഷോപ്പ് (XIV/460C) | 1500/- |
| 5 | ജി.എം ഓട്ടോമൊബൈൽസ് (XIV/487) (ടൂ വീലർ വിൽപ്പന) | 500/- |
| 6 | മേനത്ത് ഓട്ടോമൊബൈൽസ് (XIV/505) | 1500/- |
| 7 | വാഴപ്പള്ളിൽ ജ്യുവലേഴ്സ് | 1500/- |
| 8 | ദേവിക ജ്യുവലേഴ്സ് | 1000/- |
| 9 | കല്ലുംപറമ്പിൽ ജ്യുവലേഴ്സ് | 1000/- |
| 10 | പൂജ ഫാഷൻ ജ്യുവലറി | 1000/- |

അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടില്ല. പല അപേക്ഷകളിലും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടോ വാടകചീട്ടിന്റെ പകർപ്പ് ഉൾപ്പെടെയുള്ള അനുബന്ധ രേഖകളോ ലഭ്യമല്ല. ലൈസൻസിന് കുടിശ്ശിക വരാൻ പാടില്ലായെങ്കിലും നഗരസഭയുടെ വാർഷിക ധനകാര്യപത്രികയിൽ ലൈസൻസ് ഫീസിനത്തിൽ അരിയർ കുടിശ്ശിക 1,129,803/- രൂപയെന്നും കറണ്ട് കുടിശ്ശിക 12294/- രൂപയെന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഹെൽത്ത് വിഭാഗത്തിൽ നിന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡി.സി.ബി പത്രിക പ്രകാരം 1000/-രൂപ മാത്രമാണ് ലൈസൻസ് ഫീസിനത്തിൽ ലഭിക്കാനവശേഷിക്കുന്നത്. കൃത്യമായ രേഖകളുടെ അഭാവത്തിൽ ഇതിന്റെ നിജസ്ഥിതിയും ഉറപ്പാക്കാനായിട്ടില്ല. അപാതകൾ പരിഹരിക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്..

## 2-9 ലേലം സംബന്ധിച്ച അപാകതകൾ

താഴെപ്പറയുന്ന ഇനത്തിന് 2016-17 ൽ ലേലം കൊണ്ട വ്യക്തി ലേല തുക മുഴുവൻ അടച്ചില്ല.

| ക്രമ നം. | ലേല ഇനം | ലേലം കൊണ്ട തുക | ലേലം കൊണ്ട വ്യക്തി | ആകെ ഈടാക്കിയ തുക (ഇ.എം.ഡി ഉൾപ്പെടെ) | ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | പുന്നമൂട് ചന്ത ഫീസ് പിരിവ് | 280000 | രമ സുനിൽകുമാർ | 271333 | 8667+GST+P.I |

ലേലവ്യവസ്ഥ പ്രകാരം (നം.8) ലേല ഇനം ഉറപ്പിച്ച് ലഭിക്കുന്ന വ്യക്തികൾ നോട്ടീസ് ലഭിച്ച് 7 ദിവസത്തിനകം മുദ്രപ്പത്രത്തിൽ സ്വന്തം ചെലവിൽ കരാർ വെയ്ക്കണമെന്നിരിക്കെ ലേലം ലഭിച്ച വ്യക്തികളാരും തന്നെ നഗരസഭയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. എഗ്രിമെന്റ് ചമയ്ക്കാതെ കരാറുകാർക്ക് ലേല ഇനങ്ങൾ കൈമാറ്റം ചെയ്ത നടപടി ക്രമ വിരുദ്ധമാണ്. നിയമാനുസൃതം നഗരസഭയുമായി കരാർ വെയ്ക്കാത്തപക്ഷം ഭാവിയിൽ ഉണ്ടാകാവുന്ന ലേലതുക അടയ്ക്കാത്തവരിൽ നിന്നും കോടതിവ്യവഹാര നടപടികളിലൂടെ ഈടാക്കുവാനും നഗരസഭയ്ക്ക് കഴിയാതെ വരും. ലേലം കൊള്ളുന്ന വ്യക്തികളിൽ നിന്ന് നിയമാനുസൃതം കരാർ വെയ്ക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ലേലകുടിശ്ശിക ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 2-10 തനത് ഫണ്ട് പരിപാലനത്തിനായി 2 ബാങ്ക് അക്കൗണ്ടുകൾ - അപാകത തുടരുന്നു

മാവേലിക്കര നഗരസഭയുടെ തനത് ഫണ്ട് സൂക്ഷിപ്പിനായി ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്, മാവേലിക്കര ശാഖയിലും (അക്കൗണ്ട് നം. 001935) എസ്.ബി.റ്റി, മാവേലിക്കരയിലുമായി (അക്കൗണ്ട് നം. 67182787841) ഒരേ സമയം 2 അക്കൗണ്ടുകൾ പരിപാലിച്ചുവരുന്നു. സർക്കുലർ നം.58725/എഫ്.എം.3/2008/തസ്വഭവ/26.05.2011 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ തനത് ഫണ്ട് സൂക്ഷിപ്പിന് ഒറ്റ അക്കൗണ്ട് മാത്രം ഉപയോഗിക്കാൻ നിഷ്കർഷിക്കുന്നു. 2 അക്കൗണ്ടുകൾ നിലനിർത്തിയതു സംബന്ധിച്ച അപാകത മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതാണെങ്കിലും അപാകത അതേപടി തുടരുന്നു. അപാകത പരിഹരിക്കാനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-11 വാടക ഈടാക്കിയില്ല – കുടിശ്ശിക 418187/- രൂപ.

എ) ഡിമാന്റ് രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന കടമുറികളുടെ വാടക ബന്ധപ്പെട്ട കാലയളവുകളിൽ ഒടുക്കിയിട്ടില്ല.

| ക്രമ നം. | റൂം നം. | അനുഭവക്കാരന്റെ പേര് | വാടക | ഒടുക്കുവാനുള്ള കാലയളവ് | തുക. |
|---|---|---|---|---|---|
| 1. | പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സ്.<br>റൂം നം. 7 | വി.മുരളീധരൻ,<br>ആനക്കുട്ടിൽ,<br>പോനകം. | 823/- | 11/16 മുതൽ 03/17 വരെ. | 4115/- |
| 2. | റൂം നം. 9. | എലിസബത്ത് ജോൺ,<br>മാത്തിപറമ്പിൽ,<br>പോനകം. | 65/- | 03/17. | 65/- |

| | | | | | |
|---|---|---|---|---|---|
| 3. | പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സ്. (പുതിയത്) <br> റൂം നം.1. | എ.കെ.സൂസമ്മ, കുറ്റിവേലി കിഴക്കതിൽ, ഉമ്പർനാട്, കല്ലുമല. | 1250/- | 11/16 മുതൽ 03/17 വരെ. | 6250/- |
| 4. | റൂം നം.2. | എ.കെ.സൂസമ്മ, കുറ്റിവേലി കിഴക്കതിൽ, ഉമ്പർനാട്, കല്ലുമല. | 1250/- | 11/16 മുതൽ 03/17 വരെ. | 6250/- |
| 5. | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് (പുതിയത്) <br> റൂം നം. 11-14 | സുനിൽകുമാർ.N. ഇളയിടത്ത്, പത്തിയൂർതോട്ടം. | 2000/- (മുൻവർഷ രജിസ്റ്റർ പ്രകാരം) | 04/16 മുതൽ 03/17 വരെ. (03/15 വരെയാണ് ഒടുക്കിയിട്ടുള്ളത്) | 24,000/- |
| 6. | മിച്ചൽ ജംഗ്ഷൻ (തെക്ക്) റൂം.നം.5 | യു.ബാബു. | 2747/- | 04/16 മുതൽ 03/17 വരെ. | 32964/- |
| 7. | റൂം.നം.4. | യു.ഹസ്സൻകോയ. | 2797/- | 05/16 മുതൽ 03/17 വരെ. | 30767/- |
| 8. | മിച്ചൽ ജംഗ്ഷൻ (വടക്ക്) <br> റൂം.നം.1 | ജോർജ്ജ് അലക്സാണ്ടർ. | 2872/- | 4/16 മുതൽ 3/17 വരെ ഒടുക്കിയിട്ടില്ല. | 34464/- |
| 9. | റൂം.നം.3. | കെ.എം.മുഹമ്മദ്കുഞ്ഞ്. | 5617/- | 4/16 മുതൽ 3/17 ഒടുക്കിയിട്ടില്ല. | 67404/- |
| 10. | റൂം.നം.5. | ഫിലിപ്പ് വർഗ്ഗീസ്. | 2768/- | ഒടുക്കിയിട്ടില്ല. | 33216/- |
| 11. | റൂം.നം.9. | അബ്ദുൾ അസീസ്. | 3000/- | ഒടുക്കിയിട്ടില്ല. | 36000/- |
| 12. | റൂം.നം.10. | കെ.എം.മുഹമ്മദ് കുഞ്ഞ്. | 5049/- | ഒടുക്കിയിട്ടില്ല. | 60588/- |
| 13. | മിച്ചൽ ജംഗ്ഷന് | അബ്ദുൾ അസീസ്. | 2124/- | ഒടുക്കിയിട്ടില്ല. | 25488/- |

| | | | | | |
|---|---|---|---|---|---|
| | തെക്ക്. | | | | |
| | റൂം നം. 1 | | | | |
| 14. | റൂം നം. 2. | പി.കെ.അമ്മിണി, കൊട്ടുവള്ളികിഴക്കതിൽ, ചേരാവള്ളി. | 1680/- | ഒടുക്കിയിട്ടില്ല. | 20160/- |
| 15. | റൂം നം. 3 | മുഹമ്മദ് അസ്ലാം. | 1576/- | ഒടുക്കിയിട്ടില്ല. | 18912/- |
| 16. | റൂം നം. 6 | എസ്.രാധാകൃഷ്ണൻ, | 1462/- | ഒടുക്കിയിട്ടില്ല. | 17544/- |
| | | ആകെ. | | | 418187/- |

മിച്ചൽ ജംഗ്ഷന് വടക്ക്, തെക്ക് കടമുറികളുടെ (ക്രമ നം.8 മുതൽ 16വരെ) വാടക മുൻവർഷങ്ങളിലും ഒടുക്കിയിട്ടില്ല. ഈ കടമുറികളുടെ വാടക അവസാനം അടച്ചതിന്റെ വിവരത്തിനായി ഫയൽ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം.2/08.08.17 നൽകിയെങ്കിലും മറുപടി നൽകിയില്ല. മുൻ വർഷത്തെ ഡിമാന്റ് രജിസ്റ്ററുകളുടെ അഭാവത്തിൽ ഈ കടമുറികളുടെ കുടിശ്ശിക കൃത്യമായി നിർണ്ണയിക്കാൻ ഓഡിറ്റിൽ സാധിച്ചില്ല. ആയതിനാൽ കുടിശ്ശിക തിട്ടപ്പെടുത്തി പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റുള്ള കടമുറികളുടെ വാടകക്കാരുമായി കരാർ ചമച്ചതിന്റെ വിവരം, കുടിശ്ശിക ഈടാക്കാൻ നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം എന്നിവയും ലഭ്യമാക്കിയില്ല.

യഥാസമയം ഈടാക്കാതിരുന്നതു കാരണം ഓഡിറ്റ് വർഷം മാത്രം 418187/- രൂപ വാടക ഇനത്തിൽ കുറവ് വന്നു. ഈ തുകയും മുൻവർഷങ്ങളിലെ വാടക കുടിശ്ശികയുംഅനുഭവക്കാരിൽ നിന്നും പലിശ സഹിതം (സേവന നികുതി ഉൾപ്പെടെ) ഈടാക്കാനായില്ല എങ്കിൽ ഉത്തരവാദിയായ സെക്ഷൻ ക്ലാർക്ക്, മേൽ നോട്ട ചുമതലയുണ്ടായിരുന്ന സൂപ്രണ്ട്, സെക്രട്ടറി എന്നിവരുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

ബി) <u>കരാർ പുതുക്കിയതിന്റെ വിവരം നൽകിയില്ല.</u>

ചുവടെ ചേർക്കുന്ന കടമുറികളുടെ വാടക ഈടാക്കിയിരിക്കുന്നത് മുൻവർഷത്തെ അതേ നിരക്കിലാണ്.

1. പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സ്. (പുതിയത്) .

   റൂം നം.1.(1250/-)

   റൂം നം.2.(1250/-)

2. മുനിസിപ്പൽ ബസ് സ്റ്റാന്റ് ഷോപ്പിഗ് കോപ്ലക്സ്.

   റൂം നം.11. (91993/-)

3. മുനിസിപ്പൽ ബസ് സ്റ്റാന്റ് ഷോപ്പിഗ് കോപ്ലക്സ്.(പുതിയത്)

   റൂം നം.5.(3,000/-)

4. എൽ.ഐ.സി .ഷോപ്പിഗ് കോപ്ലക്സ് -മുകളിലെ നില.(38367/-)

5. മിച്ചൽ ജംഗ്ഷൻ-തെക്ക്.

   റൂം നം. ഒന്നു മുതൽ നാല് വരെ.(2124/-, 1680/-, 1576/-, 2797/- നിരക്കിൽ)

6. മിച്ചൽ ജംഗ്ഷൻ-വടക്ക് (ഒന്ന് മുതൽ പതിനൊന്ന് വരെ -2872/-, 3398/-, 5617/-, 2748/-, 2768/-, 2650/-, 2063/-, 1984/-, 3001/-, 5049/-, 918/- നിരക്കിൽ) എല്ലാ മുറികൾക്കും മുൻ വർഷത്തെ നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

കരാർ പ്രകാരം ഉള്ള വാടക വർദ്ധനവിന്റെ വിവരത്തിനായി ഓഡിറ്റ് അന്വേഷണം (നം.3/08.08.17) നൽകിയെങ്കിലും മറുപടി നൽകുകയോ കരാർ രേഖകൾ ഹാജരാക്കുകയോ ചെയ്യാത്തതിനാൽ വാർഷികമായാണോ ത്രൈ വാർഷികമായാണോ വർദ്ധനവ് എന്നത് പരിശോധിച്ചുറപ്പാക്കാനായില്ല. കരാർ സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കി ഈടാക്കിയ തുകയിൽ വ്യക്തത വരുത്തേണ്ടതാണ്.

## 2-12 പെർമിറ്റിന് അധിക ഫീസ് ഈടാക്കുന്നു

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം ഗാർഹികാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 7 രൂപയും മറ്റ് കെട്ടിടങ്ങൾക്ക് 10 രൂപയുമാണ് ഈടാക്കാവുന്ന പെർമിറ്റ് ഫീസ്. എന്നാൽ നിലവിൽ മാവേലിക്കര നഗരസഭയിൽ പ്രസ്തുത ഫീസിന് പുറമേ 50 ശതമാനം അധിക ഫീസ് കൂടി ഈടാക്കുന്നുണ്ട്. ഇതിന്റെ കാരണം ആരാഞ്ഞതിൽ 23/9/14 ലെ ധനകാര്യ വകുപ്പിന്റെ സ.ഉ.(അ) 409/14 ഉത്തരവിന്റെ വെളിച്ചത്തിലാണ് ഇപ്രകാരം ഈടാക്കുന്നത് എന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ പ്രസ്തുത ഉത്തരവ് വിവിധ സർക്കാർ വകുപ്പുകൾക്ക് മാത്രം ബാധകമായതാണ്. ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബാധകമല്ല. എന്ന് മാത്രമല്ല പത്ത് രൂപക്ക് മുകളിലും ആയിരം രൂപ വരെയും ഉള്ള ഫീസുകൾക്കാണ് ഈ 50 ശതമാനം ബാധകം. ആയിരത്തിന് മുകളിൽ പതിനായിരം രൂപ വരെയുള്ള ഫീസുകൾക്ക് 25 ശതമാനവും അതിന് മുകളിൽ 15 ശതമാനവും മാത്രമാണ് ഈ ഉത്തരവിൽ നിഷ്കർഷിക്കുന്ന വർദ്ധനവ്. ഈ വ്യവസ്ഥപോലും നഗരസഭ പരിഗണിച്ചിട്ടില്ല. ചട്ടങ്ങൾ പ്രകാരം നിയമസഭ അംഗീകരിച്ച ഫീസിൽ അധികമായ ഫീസ് ഈടാക്കുന്നത് ഭരണഘടനയുടെ ലംഘനമാണ്. ഇത് ഭരണ സമിതിയുടെ പരിശോധനക്കും അനന്തരനടപടിക്കുമായി ശുപാർശ ചെയ്യുന്നു.

## 2-13 ഓഡിറ്റ് ഇംപാക്ട്

ബിൽ കളക്ടറായ ശ്രീമതി. ലക്ഷ്മിയുടെ പേരിൽ അനുവദിക്കപ്പെട്ട രസീത് ബുക്ക് നം. 771 ഉപയോഗിച്ച് 30/03/17 ൽ പിരിച്ചെടുത്ത 4072/- രൂപയും (രസീത് നം.77002 മുതൽ 77006 വരെ) 31/03/17 ൽ പിരിച്ചെടുത്ത 2184/- രൂപയുമുൾപ്പെടെ (രസീത് നം77007) ആകെ 6256/- രൂപ ഓഡിറ്റ് ആരംഭിച്ച 5.08.2017 വരെ നഗരസഭാ ഫണ്ടിൽ ഒടുക്കിയിട്ടില്ലായെന്ന് കണ്ടെത്തിയിരുന്നു. ഇതിന്മേൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം. 1/05.08.2017) ബന്ധപ്പെട്ട ജീവനക്കാരിയോട് സെക്രട്ടറി വിശദീകരണം ആരായുകയും (മെമ്മോ നം. A2-7451/17 തീ.18.8.17) സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം ടി ജീവനക്കാരി പ്രസ്തുത ദിവസങ്ങളിലെ കളക്ഷൻ തുകയായ 6256/- രൂപയും 18% പലിശയും ഉൾപ്പടെ ആകെ 6726/-രൂപ 9/08/2017 ൽ രസീത് നം. 117010103787, 117010103789, 117010103788 പ്രകാരം നഗരസഭാഫണ്ടിൽ ഒടുക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയുണ്ടായി. ജീവനക്കാരി നൽകിയ വിശദീകരണത്തിന്റെ പകർപ്പും തുടർനടപടി വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ലോകബാങ്ക് ധനസഹായം - സമയബന്ധിതമായി ചെലവു നടത്താതിരുന്നതുമൂലം 2.04 കോടി രൂപ ലാപ്സായി

ലോകബാങ്ക് ധനസഹായമിനത്തിൽ 2016-17 വർഷം നഗരസഭയ്ക്ക് താഴെപ്പറയുന്ന ഉത്തരവുകൾ പ്രകാരം 2,27,33,310/-രൂപ അനുവദിച്ചിരുന്നു.

| | | |
|---|---|---|
| 1 | G.O.(Rt)9307/2016/Fin. Dated, 30.11.16 | 20000000 |
| 2 | G.O.(Rt)797/2017/Fin. Dated, 01.02.17 | 2733310 |
| | ആകെ | 22733310 |

ഈ തുക വകയിരുത്തി 2,27,33,310/-രൂപ അടങ്കലുള്ള 9 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിരുന്നുവെങ്കിലും തൻവർഷം 23,47,153/-രൂപ ചെലവഴിക്കുവാനെ നഗരസഭയ്ക്കു കഴിഞ്ഞിട്ടുള്ളു (10%). അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി ബില്ലുകൾ സമർപ്പിക്കാതിരുന്നതുമൂലം 2,03,86,157/-രൂപ

ഈയിനത്തിൽ തൻവർഷം ലാപ്സായി. ജനോപകാരപ്രദമായ പദ്ധതികൾക്കായുള്ള ധനസഹായമാണ് ഇപ്രകാരം നഷ്ടമാകുന്നതെന്നതിനാൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഫണ്ട് ലാപ്സാകുന്നതൊഴിവാക്കാൻ ആവശ്യമായ സത്വര നടപടി സ്വീകരിക്കുന്നതിലേക്ക് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 നഗരസഭാ ഓഫീസിൽ ക്യുബിക്കിൾ നിർമ്മാണം - പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ പാളിച്ചകൾ

പ്രോജക്ട് നം. - 218/16

അടങ്കൽ - 15,00,000/- (ലോകബാങ്ക് ധനസഹായം)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എൻജിനീയർ

ചെലവഴിച്ച തുക - 1317888/- (ബിൽ നം. 20/6.3.17 Vol.(1) 4/31.3.17 Vol(2))

നഗരസഭാ ഓഫീസിൽ ക്യുബിക്കിൾ നിർമ്മാണത്തിനായി തയ്യാറാക്കിയ പ്രോജക്ടിന്റെ നിർവ്വഹണത്തിനായി 29.01.16ൽ ഇ-ടെൻഡർ ക്ഷണിച്ചതിനെ തുടർന്ന് 12.02.16ൽ താഴെപ്പറയും പ്രകാരം രണ്ട് ടെൻഡറുകൾ ലഭിച്ചിരുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|
| 1 | എസ്.എൻ.ഫർണീച്ചർ ഇൻഡസ്ട്രി, കോതമംഗലം | 11.5%കുറവ് |
| 2 | സ്റ്റോബോർഡ് ഫാക്ടറി, പരുമല | 2% കുറവ് |

ഇ-ടെൻഡറുകളുടെ 'ഫിനാൻസ്-ബിഡ് ഓപ്പണിംഗ് സമ്മറി' പ്രകാരം 12.02.16ൽ മേൽപ്പറഞ്ഞ രണ്ടു ടെൻഡറുകളും അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ എസ്.എൻ.ഫർണീച്ചർ ഇൻഡസ്ട്രി എന്ന സ്ഥാപനം ടെൻഡർ ഫീ, ഇ.എം.ഡി. എന്നിവ നൽകിയിട്ടില്ലായെന്നും, ഇത് സംബന്ധിച്ച് സർക്കാരിൽ നിന്നും ഇളവ് ഉത്തരവ് (Fee exemption certificate) ഹാജരാക്കിയിട്ടില്ലായെന്നുമുള്ള എൻജിനീയറുടെ 16.02.16ലെ റിപ്പോർട്ടിനെ തുടർന്ന് 17.02.16ൽ കൂടിയ കൗൺസിൽ പ്രസ്തുത സ്ഥാപനത്തിന്റെ ടെൻഡർ നിരസിക്കുവാനും (തീരുമാനം നം.19), സിംഗിൾ ടെൻഡറായി പരിഗണിച്ച് റീ ടെൻഡർ ചെയ്യുവാനും തീരുമാനിച്ചു. ഇതനുസരിച്ച് 16.07.16ൽ നടത്തിയ റീ-ടെൻഡറിൽ 'സ്റ്റോബോർഡ് ഫാക്ടറി, പരുമല' എന്ന സ്ഥാപനം മാത്രം പങ്കെടുത്തു എന്നതിനാൽ ടി സ്ഥാപനത്തിന്റെ 2.25% കുറഞ്ഞ നിരക്കിലുള്ള ടെൻഡർ അംഗീകരിച്ച് വാങ്ങൽ നടത്തിയതായാണ് രേഖ (19.07.16ലെ 9-ാം നമ്പർ തീരുമാനം). പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

(എ) കുറഞ്ഞനിരക്കിലുള്ള ടെൻഡർ ക്രമപ്രകാരമല്ലാതെ ഒഴിവാക്കുകവഴി 124711/-രൂപയുടെ അധികച്ചെലവ്

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ എസ്.എൻ. ഫർണീച്ചർ ഇൻഡസ്ട്രി ടെൻഡർ ഫീ, ഇ.എം.ഡി. എന്നിവ സംബന്ധിച്ച് സർക്കാരിൽ നിന്നുള്ള ഇളവ് ഉത്തരവ് ഹാജരാക്കിയില്ല എന്ന കാരണത്താലാണ് അവരുടെ ടെൻഡർ നഗരസഭ നിരസിച്ചത്. എന്നാൽ ഇതു സംബന്ധമായി ഹാജരാക്കിയ ഫയൽ പ്രകാരം പ്രസ്തുത സ്ഥാപനത്തിന് ഫർണീച്ചർ നിർമ്മാണവുമായി ബന്ധപ്പെട്ട് മൈക്രോ സംരംഭം എന്ന നിലയിൽ സംസ്ഥാന വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച സാക്ഷ്യപത്രത്തിന്റെ പകർപ്പും (Form No. 27362), ഫർണീച്ചറിന്റേയും, മറ്റ് തടി ഉൽപ്പന്നങ്ങളുടേയും നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാന വാണിജ്യ വകുപ്പിൽ നിന്നുമുള്ള 06.10.2007മുതലുള്ള രജിസ്ട്രേഷൻ രേഖകളുടെ (ടിൻ നം. 32151557204) പകർപ്പും ഹാജരാക്കിയിരുന്നതായി കാണുന്നു. നഗരസഭ വർക്ക് ഓർഡർ നൽകിയ സ്ഥാപനത്തിനും ഇതേ സാക്ഷ്യപത്രമാണുള്ളത്. സംസ്ഥാനത്തിനകത്തു പ്രവർത്തിക്കുന്ന അംഗീകൃത ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകളിൽ നിന്നും (Micro and small enterprises) വാങ്ങലുകൾ നടത്തുമ്പോൾ അവരെ EMD, Tender fee എന്നിവ അടക്കുന്നതിൽ

നിന്നും ഒഴിവാക്കിക്കൊണ്ടുള്ള സർക്കാരിന്റെ 489/2013/Fin/26.09.13, G.O.(P)6/2014/SPD/17.05.14 ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് സ്റ്റോബോർഡ് ഇൻഡസ്ട്രീസിന് EMD, Tender fee എന്നിവ ഒടുക്കുവരുത്താതിരുന്നിട്ടും സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത്. എന്നാൽ ഈ ഉത്തരവുകൾ ഒരു പ്രത്യേക സ്ഥാപനത്തിനുവേണ്ടി മാത്രം ഉള്ളവയല്ല. സംസ്ഥാനത്തിനകത്തു രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അംഗീകൃത ചെറുകിട/ഇടത്തരം വ്യവസായ യൂണിറ്റുകൾക്കും ബാധകമായ പൊതു ഉത്തരവുകളാണ്. നിയമാനുസൃതം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതും, വ്യവസായവകുപ്പിന്റെ അനുമതിയുള്ളതും വർഷങ്ങളായി ഫർണീച്ചർ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എന്നതിന്മേൽ വാണിജ്യനികുതി വകുപ്പിന്റെ സാക്ഷ്യപത്രമുള്ളതുമായ എസ്.എൻ.ഇൻഡസ്ട്രീസിനും മേൽ ഉത്തരവുകൾ ബാധകമാണെന്നിരിക്കെ മതിയായ കാരണമൊന്നുമില്ലാതെ കുറഞ്ഞനിരക്കിലുള്ള ടെൻഡർ ഒഴിവാക്കിയ നടപടി ക്രമവിരുദ്ധമാണ്. ഇതുവഴി നഗരസഭക്കുണ്ടായ അധികച്ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റ് തുക | 1348223 |
| എസ്.എൻ.ഇൻഡസ്ട്രീസ് രേഖപ്പെടുത്തിയിരുന്ന നിരക്ക് | 1193177 (11.5% കുറവ്) |
| സ്റ്റോബോർഡ് ഫാക്ടറിക്ക് അനുവദിച്ച തുക | 1317888 (2.25% കുറവ്) |
| നഗരസഭക്കുണ്ടായ അധികച്ചെലവ് | 1317888-1193177 = 124711/- |

ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/14.08.17) എസ്.എൻ.ഫർണീച്ചർ ഇൻഡസ്ട്രീസ്, കോതമംഗലം ഹാജരാക്കിയ സർട്ടിഫിക്കറ്റിൽ 'Wooden manufacturing capacity' എത്രയെന്ന് രേഖപ്പെടുത്തിയില്ലെന്നതുമൂലമാണ് പ്രസ്തുത സ്ഥാപനത്തിന്റെ ടെൻഡർ നിരസിക്കുവാൻ ശുപാർശ ചെയ്തതെന്ന് നിലവിലെ മുനിസിപ്പൽ എൻജിനീയർ മറുപടി നൽകി. എന്നാൽ 16.11.2009 മുതൽ പ്രാബല്യമുള്ളതായി കാണിച്ചിട്ടുള്ള ഈ സാക്ഷ്യപത്രം, അവർ EMD, Tender fee എന്നിവ ഒഴിവാക്കുന്നതിലേക്ക് വ്യവസായ വകുപ്പിൽ മൈക്രോ തൊഴിൽ സംരംഭം എന്ന നിലയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്നതിന് തെളിവായാണ് ഹാജരാക്കിയിട്ടുള്ളത്. കൂടാതെ ടെൻഡർ ഫീ, ഇ.എം.ഡി. എന്നിവ സംബന്ധമായി ഇളവ് ഉത്തരവ് ഹാജരാക്കിയില്ല എന്ന ഒറ്റ കാരണം ചൂണ്ടിക്കാട്ടിയാണ് ടി സ്ഥാപനത്തിന്റെ ടെൻഡർ നഗരസഭ നിരസിച്ചിട്ടുള്ളത്. ഫയലിൽ ഒരിടത്തും മറ്റേതെങ്കിലും അപാകത സമർപ്പിക്കപ്പെട്ട ടെൻഡറിൽ ഉള്ളതായി പരാമർശിച്ചിട്ടും ഇല്ല. നിർവ്വഹണ ഉദ്യോഗസ്ഥനോ, പ്രൊക്യൂർമെന്റ് കമ്മിറ്റിയോ സ്ഥാപനം സന്ദർശിച്ച് വിലയിരുത്തൽ പോലും നടത്താതെ മതിയായ ഡോക്യുമെന്റുകൾ എല്ലാം ഉൾപ്പെടുത്തി ലഭിച്ച ടെൻഡർ നിരസിച്ച നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആകയാൽ ഈയിനത്തിൽ അധിക ചെലവായ 124711/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(ബി) നിശ്ചിത സമയത്തിനുള്ളിൽ എഗ്രിമെന്റ് ചമക്കാതിരുന്നിട്ടും പിഴ ഈടാക്കിയില്ല

റീ ടെൻഡർ വഴി വാങ്ങൽ നടത്തിയ സ്റ്റോബോർഡ് ഫാക്ടറി, പരുമല എന്ന സ്ഥാപനത്തിന് 20.07.16ൽ നൽകിയ സെലക്ഷൻ നോട്ടീസിൽ (E1-7037/15) 8.8.16 ന മുൻപ് കരാറുടമ്പടിക്കാവശ്യമായ മുദ്രപത്രം ഹാജരാക്കണമെന്നും, പിഴ കൂടാതെ ഉടമ്പടി ഒപ്പുവക്കുവാനുള്ള സമയം 16.08.16 വരെയാണെന്നും, 23.08.16വരെ 1% പിഴ ചുമത്തി ഉടമ്പടി ഒപ്പുവക്കാവുന്നതാണെന്നും കാണിച്ചിരുന്നു. 23.07.16ൽ സെലക്ഷൻ നോട്ടീസ് സ്ഥാപനം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധമായി എഗ്രിമെന്റ് ചമച്ചിട്ടുള്ളത് 18.08.16ൽ മാത്രമാണ് (നം.9/16-17). നിശ്ചിത തീയതിക്കുള്ളിൽ എഗ്രിമെന്റ് ചമക്കാതിരുന്നിട്ടും ടി സ്ഥാപനത്തിൽ നിന്നും പിഴയൊന്നും ഈടാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 13179/-രൂപ (131788x1/100) പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈടാക്കാത്തപക്ഷം ആയത് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായിരിക്കുന്നതാണ്.

(സി) അംഗീകരിച്ച ടെൻഡർ കുറവുവരുത്താതെ തുക നൽകി

സാധനങ്ങൾ സപ്ലൈ ചെയ്ത സ്ഥാപനം ലഭ്യമാക്കിയ ടെൻഡറിൽ 2.25% കുറഞ്ഞ നിരക്കാണ് രേഖപ്പെടുത്തിയിരുന്നതെങ്കിലും താഴെപ്പറയുന്ന ഇനങ്ങൾക്ക് ഈ കുറവുവരുത്താതെ എസ്റ്റിമേറ്റ് നിരക്ക് അനുവദിച്ചുനൽകി.

| ഇനം | ടെൻഡർ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്ന നിരക്ക് | നൽകിയ തുക | നൽകേണ്ടിയിരുന്ന തുക (-2.25%) | അധികം നൽകിയ തുക |
|---|---|---|---|---|
| Revolving chair medium back (3 എണ്ണം) | 5976 | 5976x3=17928 | 17525 | 403 |
| Steel chair with cushion seat and back (4 എണ്ണം) | 3132 | 3132x4=12528 | 12246 | 282 |
| Computer chair with arm (26 എണ്ണം) | 3704 | 3704x26=96304 | 94137 | 2167 |
| VAT (14.5%) | | 18380 | 17968 | *414 |
| ആകെ | | | | 3266 |

(* സാധനവിലയിൽ നിന്നും ടെൻഡർ വ്യതിയാനം കുറവുചെയ്യാതിരുന്നതുമൂലം അധികമായി നൽകേണ്ടിവന്ന VAT.)

## 3-3 കോട്ടാതോടിന്റെ ശുചീകരണത്തിനായി ലഭിച്ച തുക വർഷങ്ങൾക്കുശേഷവും ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ

മാവേലിക്കര നഗരസഭയിലെ കോട്ടാതോടിന്റെ മലിനീകരണം തടയുന്നതിനും, ശുചീകരണത്തിനുമായി 30 ലക്ഷം രൂപ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും 2013-14 വർഷം ലഭിച്ചിരുന്നു (ചെക്ക് നം. 912706/31.03.14). 28.03.14ലെ എം.ഒ.യു. പ്രകാരം ഈ പദ്ധതി 30.08.14ന് മുൻപ് പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും നാളിതുവരെ ഇതുസംബന്ധമായി പ്രവൃത്തികളൊന്നും നഗരസഭ ഏറ്റെടുത്തിട്ടില്ല. 2016-17 ൽ ഇതിലേക്കായി പദ്ധതികളൊന്നും തയ്യാറാക്കിയിട്ടുമില്ല. എന്നാൽ കോട്ടാതോടിന്റെ ശുചീകരണത്തിനായി നഗരസഭയ്ക്കുപുറമേ ഇറിഗേഷൻ വകുപ്പിനും തുക അനുവദിച്ചിട്ടുള്ളതായി ഹാജരാക്കിയ ഫയലിൽ രേഖയുണ്ട്. എന്നാൽ അവർ നടത്തുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നോ അവ എവിടെയാണ് നടത്തുന്നതെന്നോ വ്യക്തമായ വിവരം നഗരസഭയ്ക്കില്ല. ഇതിലേക്കായി നഗരസഭയ്ക്ക് അനുവദിച്ച തുക സമയബന്ധിതമായി ചെലവഴിക്കാതിരുന്നതുമൂലം, തുക പലിശസഹിതം തിരിച്ചടക്കാൻ 22.09.14ൽ മലിനീകരണ നിയന്ത്രണ ബോർഡ് ആവശ്യപ്പെട്ടിരുന്നുവെങ്കിലും (DCB/ASI/26/2012), പ്രവൃത്തി നടത്തുന്നതിന് 6 മാസത്തെ സമയംകൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നഗരസഭ 18.11.15ൽ അവർക്ക് കത്ത് നൽകുകയാണുണ്ടായത്. എന്നാൽ തുടർന്നും ഇതുസംബന്ധമായി പ്രവൃത്തികളൊന്നും നടത്താതെ ഇതിലേക്കായി ലഭിച്ച തുക IDBI ബാങ്കിന്റെ 9935-ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു. 18.04.17ൽ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് 33,11,275/-രൂപയാണ്.

മുൻ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം ഉൾപ്പെടുത്തിയിരുന്നുവെങ്കിലും നാളിതുവരെ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലാ എന്നതിനാൽ ഇതു സംബന്ധമായി വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.47/16.08.17) 2015-16 വർഷം ഇതിലേക്ക് പ്രോജക്ട് തയ്യാറാക്കി ടെൻഡർ ചെയ്തുവെങ്കിലും ആരും പങ്കെടുക്കാതിരുന്നതിൽ വർക്ക് നടത്തുവാൻ കഴിഞ്ഞില്ലായെന്നും, എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 2017-18 ൽ പുതിയ പ്രോജക്ടായി ടി പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മുനിസിപ്പൽ എൻജിനീയർ മറുപടി നൽകി. പദ്ധതി നിർവ്വഹണത്തിനായി ലഭിച്ച ധനസഹായം ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നത് നഗരസഭാ അധികൃതരുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-4 നിർത്തലാക്കി വർഷങ്ങൾക്കുശേഷവും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ

## ചെലവഴിക്കാത്ത 1.37കോടി രൂപ തിരിച്ചടക്കാതെ നിക്ഷേപമായി തുടരുന്നു

(എ) ഐ.ഡി.എസ്.എം.റ്റി.

ചെറുകിട ഇടത്തരം പട്ടണങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ 10 പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി കേന്ദ്രവിഹിതം ഇനത്തിൽ 90,00,000/-രൂപയും, സംസ്ഥാന വിഹിതമായി 56,52,000/-രൂപയും ഉൾപ്പെടെ 146.52 ലക്ഷം 03/2004 മുതൽ 3/2007വരെ വർഷങ്ങളിലായി നഗരസഭയ്ക്ക് ലഭിച്ചിരുന്നു. ലഭിച്ച തുകയിൽ നിന്നും 78,74,585/-രൂപ 30.06.2011 വരെ നഗരസഭ പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ഈ ചെലവുകൾ പൂർണ്ണമായും കേന്ദ്രസഹായമുപയോഗിച്ചാണ് നടത്തിയിട്ടുള്ളത്. IDSMT പദ്ധതി 31.03.2007 നുശേഷം കേന്ദ്രസർക്കാർ നിർത്തലാക്കിയതിനെ തുടർന്ന് കേന്ദ്രവിഹിതമിനത്തിൽ മിച്ചം നിൽക്കുന്ന 11.26 ലക്ഷം രൂപ പലിശസഹിതം തിരിച്ചടക്കുവാൻ സർക്കാരിൽ നിന്നും ആവർത്തിച്ചുള്ള നിർദ്ദേശമുണ്ടായിരുന്നിട്ടും നഗരസഭ തുകയൊന്നും തിരിച്ചടച്ചിട്ടില്ല. ഏറ്റവും ഒടുവിലായി 31.03.17ലും ഇതുസംബന്ധമായി ചീഫ് ടൗൺ പ്ലാനറുടെ നിർദ്ദേശം നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട് (ഇ1-7043/2012(2)). IDBI ബാങ്കിന്റെ 31888-ാം നമ്പർ അക്കൗണ്ടിൽ ഈയിനത്തിൽ 25.07.17ലെ നീക്കിയിരിപ്പ് 1,01,57,010/-രൂപയാണ്. സംസ്ഥാന വിഹിതമിനത്തിൽ ലഭിച്ച തുക പൂർണ്ണമായും, കേന്ദ്രവിഹിതമിനത്തിൽ മിച്ചമുള്ള 11.26ലക്ഷം രൂപയും, പലിശയും ഉൾപ്പെടെ മിച്ചം നിൽക്കുന്ന ടി തുക പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ ആവർത്തിച്ചുള്ള നിർദ്ദേശമുണ്ടായിട്ടും തിരിച്ചടക്കാതെ ബാങ്ക് നിക്ഷേപമായി തുടരുന്നത് ക്രമവിരുദ്ധമാണ്. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.49/17.08.17) കൗൺസിൽ തീരുമാനമെടുത്ത് ടി തുക തിരിച്ചടക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് മുനിസിപ്പൽ എൻജിനീയർ മറുപടി നൽകി. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(ബി) ദേശീയ ചേരിവികസന പദ്ധതി (എൻ.എസ്.ഡി.പി)

ദേശീയ ചേരി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 1997-98 മുതൽ 2006-07 വരെ വർഷങ്ങളിലായി നഗരസഭയ്ക്ക് 1,42,05,445/-രൂപ ലഭിച്ചിരുന്നു. പദ്ധതി നിർത്തലാക്കിയതിനെ തുടർന്ന് 12/2015നു ശേഷം ഈയിനത്തിൽ മിച്ചം നിൽക്കുന്ന തുക തിരിച്ചടക്കുവാനുള്ള സർക്കാർ നിർദ്ദേശം നഗരസഭയ്ക്ക് ലഭിച്ചിരുന്നുവെങ്കിലും ഓഡിറ്റ് സമയം വരെ തുകയൊന്നും തിരിച്ചടച്ചിട്ടില്ല. ഇതിലേക്കായുള്ള യൂണിയൻ ബാങ്കിന്റെ 1808-ാം നമ്പർ അക്കൗണ്ടിൽ 04.01.2017ലെ നീക്കിയിരിപ്പ് 36,61,164/-രൂപയാണ്. നിർത്തലാക്കിയ പദ്ധതിയുടേതായി ചെലവഴിക്കാതെ മിച്ചം നിൽക്കുന്ന തുക സർക്കാർ നിർദ്ദേശമുണ്ടായിട്ടും തിരിച്ചടക്കാതിരിക്കുന്നതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (49/17.08.17) മറുപടി ലഭ്യമായില്ല. ആകയാൽ അക്കൗണ്ടിൽ മിച്ചം നിൽക്കുന്ന തുക തിരിച്ചടക്കുന്നതിനാവശ്യമായ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 മതിയായ ഫണ്ട് ലഭ്യമായിട്ടും ആധുനിക അറവുശാലയുടെ നിർമ്മാണം സ്തംഭനാവസ്ഥയിൽ

നഗരസഭയുടെ അധീനതയിലുള്ള അറവുശാല ആധുനീകവൽക്കരിക്കുന്നതിനായി 8/2010ൽ 28.40ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് ശുചിത്വമിഷൻ സാങ്കേതികാനുമതി നൽകുകയും ചെയ്തിരുന്നു. അടങ്കൽ തുകയുടെ 50% വിഹിതമായ 14.20 ലക്ഷം രൂപ ശുചിത്വമിഷൻ നഗരസഭയ്ക്ക് അനുവദിക്കുകയും ചെയ്തു. ഈ തുക പഞ്ചാബ് നാഷണൽ ബാങ്കിന്റെ 53596-ാം നമ്പർ അക്കൗണ്ടിൽ 13.01.2011 ൽ നിക്ഷേപിച്ചുവെങ്കിലും ശേഷിച്ച തുക കണ്ടെത്താതിരുന്നതുമൂലം പ്രവൃത്തികളൊന്നും നടന്നില്ല. തുടർന്ന് 29.04.2015ലെ കൗൺസിൽ തീരുമാനപ്രകാരം (തീരുമാനം നം. 3) അറവുശാലയുടെ നവീകരണത്തിനായി 62.30ലക്ഷം രൂപയുടെ പുതുക്കിയ അടങ്കൽ അംഗീകരിച്ച് ശുചിത്വമിഷന് സമർപ്പിക്കുകയുണ്ടായി. 03.09.2015ൽ ശുചിത്വമിഷൻ 60 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുകയും ഇതിലേക്കാവശ്യമായ മുഴുവൻ തുകയും അവർ വഹിച്ചുകൊള്ളാമെന്ന് നഗരസഭയെ അറിയിക്കുകയും ചെയ്തു. ഇപ്രകാരം വാഗ്ദാനം ചെയ്യപ്പെട്ട 60 ലക്ഷം രൂപ ശുചിത്വമിഷനിൽ നിന്നും ലഭ്യമായതിനെ തുടർന്ന് ആയത് 19.04.2017ൽ മുകളിൽ പ്രതിപാദിച്ച അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

2015-16 വർഷം ഈ പ്രവൃത്തി ടെൻഡർ ചെയ്യുകയും 23.01.16ൽ സമർപ്പിക്കപ്പെട്ട 9.99% കുറഞ്ഞ നിരക്കിലുള്ള

ടെൻഡർ 27.01.16ലെ കൗൺസിൽ അംഗീകരിക്കുകയും ചെയ്തിരുന്നു (തീരുമാനം നം.24). 09.02.16ൽ കരാറുകാരൻ എഗ്രിമെന്റ് വച്ചുവെങ്കിലും സൈറ്റ് കൈമാറി പണി തുടങ്ങുന്നതിന് നിർദ്ദേശം നൽകാതിരുന്നതുമൂലം ഓഡിറ്റ് സമയംവരെ (8/2017) കരാറുകാരൻ പണികളൊന്നും നടത്തിയിട്ടില്ല.

പദ്ധതി നിർവ്വഹണത്തിനാവശ്യമായ മുഴുവൻ തുകയും ഗ്രാന്റായി ലഭ്യമായിട്ടും പണികൾ ആരംഭിക്കാതിരിക്കുന്നതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

“15 വർഷങ്ങൾക്കുമുൻപ് നിർമ്മിച്ച അറവുശാലയിൽ Tiny modern slaughter house പണിയുന്നതിനുവേണ്ടിയാണ് പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. ആയതിന് ശുചിത്വമിഷന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. എന്നാൽ നിലവിലുള്ള കെട്ടിടവും ശുചിത്വമിഷനിൽ നിന്നും ലഭിച്ച പ്ലാനും തമ്മിൽ വളരെയധികം വ്യത്യാസം കാണുന്നു. നിലവിലുള്ള എസ്റ്റിമേറ്റിൽ ശുചിത്വമിഷന്റെ പ്ലാൻ പ്രകാരം നിർമ്മാണം നടത്തുന്നതിന് നിലവിലുള്ള എസ്റ്റിമേറ്റു തുക പര്യാപ്തമല്ല. എസ്റ്റിമേറ്റിൽ ഉൾപ്പെട്ട Aerobic Compost plant, septic tank, biogas plant എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ശുചിത്വമിഷന്റെ മാനദണ്ഡം അനുസരിച്ച് ടൈനി മോഡേൺ സ്ലോട്ടർ ഹൗസ് ആയി നിലവിലുള്ള കെട്ടിടം പുതുക്കി പണിയാൻ കഴിയുമോ എന്ന് പരിശോധിച്ച് സാങ്കേതിക ഉപദേശം നൽകുന്നതിലേക്ക് ശുചിത്വമിഷന് കത്ത് നൽകിയിട്ടുണ്ട്”.

എന്നാൽ പദ്ധതി നിർവ്വഹണത്തിനായി ടെൻഡർ ചെയ്ത് കരാറുകാരനെ തെരഞ്ഞെടുത്ത് ഒന്നര വർഷങ്ങൾക്കുശേഷമാണ് ഇപ്രകാരം ഒരാവശ്യം നഗരസഭ ഉന്നയിച്ചിരിക്കുന്നതെന്നതിൽ നിന്നും യഥാസമയം ആവശ്യങ്ങൾ ശുചിത്വമിഷനെ അറിയിക്കുന്നതിൽ നഗരസഭാ അധികൃതർ വീഴ്ചവരുത്തിയെന്ന് വ്യക്തമാണ്. നഗരസഭയുടെ നിലവിലുള്ള കെട്ടിടത്തിന്റെ സൗകര്യങ്ങൾ യഥാവിധി പരിശോധിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും ഗുരുതരമായ പാളിച്ചയാണ്. എഗ്രിമെന്റ് വച്ചശേഷം പ്രത്യേക കാരണമില്ലാതെ കരാറുകാരനെ പണി നടത്താൻ അനുവദിക്കാതിരിക്കുന്നതുമൂലമുണ്ടായേക്കാവുന്ന വ്യവഹാര നടപടികൾക്കും, കാലതാമസംമൂലം എസ്റ്റിമേറ്റ് പുതുക്കേണ്ടിവന്നാൽ അതുമൂലമുണ്ടാകുന്ന അധികച്ചെലവിനും നഗരസഭാ അധികൃതരാണ് ഉത്തരവാദികളെന്നതിനാൽ ഈ വിഷയത്തിൽ സത്വര തുടർനടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 പട്ടികജാതി വിദ്യാർത്ഥികളുടെ പഠന മുറി നിർമ്മാണം പൂർത്തീകരിച്ചില്ല

എസ്.സി.ഡി.ഒ യും ഹെൽത്ത് സൂപ്പർവൈസറും നിർവ്വഹണ ഉദ്യോഗസ്ഥരായി പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി എന്ന പദ്ധതി 2016-17 ൽ നടപ്പാക്കിയിരുന്നു. ഒരു ലക്ഷം രൂപയുടെ ആനുകൂല്യം അഞ്ച് തുല്യ ഗഡുക്കളായാണ് വിതരണം നടത്തുന്നത്. ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറയ്ക്ക് അർഹമായ ആനുകൂല്യം നല്കുന്നു. രണ്ടു പദ്ധതികളിലുമായി ചുവടെ പേര് ചേർക്കുന്ന രക്ഷിതാക്കൾ പഠന മുറിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല .

| പ്രോജക്ട് നം./ നിർവ്വഹണം | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ ആകെ ഗഡുക്കൾ | നിലവിലെ അവസ്ഥ | റിമാർക്സ് |
|---|---|---|---|---|
| പ്രോജക്ട് നം. **73/16-17** അടങ്കൽ - 2000000 ചെലവ് - 600000 എസ്.സി.ഡി.ഒ | ഉത്തമൻ.കെ, കല്ലുകുഴിയിൽ | 40,000 | ഫൗണ്ടേഷൻ പൂർത്തീകരിച്ചു. ഭിത്തിയുടെ പണി നടക്കുന്നു | ഓഡിറ്റ് അന്വേഷണം നം. 39/16.08.17 നുള്ള മറുപടിയിൽ പഠന മുറിയുടെ നിർമ്മാണം അടിയന്തിരമായി പൂർത്തീ കരിക്കണമെന്ന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ടെന്ന് അറിയിച്ചു . |
| | രാജീവ്.ടി.എസ്, കാവിന്റെ കിഴക്കതിൽ | 80,000 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു | |

| | | | | |
|---|---|---|---|---|
| | മണിയൻ, മണിമന്ദിരം | 80,000 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു | |
| | സുരേഷ്.ബി, സുരേഷ് ഭവനം | 80,000 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു | |
| | രഞ്ജിനി, ഇടയിലേ വീട്ടിൽ പടീറ്റതിൽ | 40,000 | ഭിത്തിയുടെ പണി പൂർത്തീകരിച്ചു | |
| | ശാരദ, പൂവണ്ണാൽ | 40,000 | സൺഷെയ്ഡ് വരെ പൂർത്തീകരിച്ചു | |
| | മുരളി പത്മനാഭൻ, കൊല്ലൻ പറമ്പിൽ | 80,000 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു | |
| | ബൈജു.സി, പുതുവേലിൽ വീട് | 80,000 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു | |
| | ഹേന.ജി.മോൾ, മയൂരി | 60,000 | ഭിത്തിയുടെ പണി പൂർത്തീകരിച്ചു | |
| പ്രോജക്ട് നം . 193/17<br>അടങ്കൽ - 600000<br>ചെലവ് – 400000<br>ഹെൽത്ത് സൂപ്പർവൈസർ | സുമ ഉത്തമൻ | 80,000 | ലഭിച്ച ആനുകൂല്യത്തിനനുസൃതമായി ഉള്ള പ്രവൃത്തി പൂർത്തീകരിച്ചു | ഓഡിറ്റ് അന്വേഷണം നം. 14/09.08.17 നുള്ള മറുപടിയിൽ പദ്ധതി 2017-18 ൽ സ്പിൽ ഓവറാക്കിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള ഗഡുക്കൾ നല്കുന്നതാണെന്നും അറിയിച്ചു |
| | സഹദേവൻ | 80,000 | | |
| | ജയരാജ് .കെ.റ്റി | 80,000 | | |
| | ജയൻ .കെ | 60,000 | | |
| | സുരേഷ് കുമാർ | 50,000 | | |
| | വനജ | 50,000 | | |

പഠനമുറി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശവും ആവശ്യമായ സഹായവും നല്കുവാൻ നഗരസഭാ ഭരണ സമിതി നടപടി സ്വീകരിക്കേണ്ടതാണ് .ഇതിനു ശേഷവും ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം അനുവദിച്ച ധനസഹായം നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ് .

## 3-7 ഇടവിള കൃഷി -പദ്ധതിയുടെ നടത്തിപ്പ് സുതാര്യമല്ല

| | | |
|---|---|---|
| പ്രോജക്ട് നം. | :- | 223/17 |
| അടങ്കൽ | :- | 513500 (വികസന ഫണ്ട് ) |
| | | 170000 (ഗുണഭോക്തൃ വിഹിതം ) |

| | | |
|---|---|---|
| ആകെ | :- | 683500 |
| ചെലവ് | :- | 105750 /- (വികസന ഫണ്ട്)<br>(ബിൽ നം. 101152/KBMJ 02/16/8.3.17-97500,<br>101244/KBMJ 04/16/29.3.17-8250) |

ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുവാൻ ആവിഷ്ക്കരിച്ച് നടപ്പാക്കിയ പദ്ധതിയാണിത്. പ്രോജക്ട് രൂപീകരണ ഫോം 1 പ്രകാരം 1000/- രൂപ വിലവരുന്ന 22 കിലോ കിഴങ്ങ് വർഗ്ഗങ്ങൾ (10കിലോ ചേന @32/- രൂപ, 4 കിലോ ചേമ്പ് @60/-രൂപ, 2 കിലോ ഇഞ്ചി @80/-രൂപ, 4 കിലോ കാച്ചിൽ @50/-രൂപ, 2 കിലോ മഞ്ഞൾ @40/-രൂപ) കർഷകർക്ക് നല്കുന്നു. ഓരോ കർഷകനും 250/- രൂ വീതം ഗുണഭോക്തൃ വിഹിതം അടയ്ക്കണം. സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് ഒന്നിൽ കൂടുതൽ യൂണിറ്റുകൾ അനുവദിക്കുന്നു.

കൃഷി ഓഫീസർ ഹാജരാക്കിയ രേഖകൾ പ്രകാരം വി.എഫ്.പി.സി.കെ. യുടെ ആലപ്പുഴ ശാഖ, കെയ്കോയുടെ തിരുവല്ല ശാഖ എന്നിവിടങ്ങളിൽ നിന്നും കാർഷിക ഉൽപ്പന്നങ്ങളുടെ വില അന്വേഷിച്ചിട്ടുണ്ട്. എന്നാൽ ഇടവിളക്കിറ്റ് വാങ്ങിയിരിക്കുന്നത് കെയ്കോയുടെ അമ്പലപ്പുഴ ശാഖയിൽ നിന്നാണ്. ഇവരാകട്ടെ ഇടവിളക്കിറ്റിലെ ഓരോ ഇനവും എത്ര രൂപയ്ക്ക് നല്കുമെന്ന് അറിയിച്ചിട്ടില്ല.

കെയ്കോ നല്കിയ ഇൻവോയിസ് നം AMB /117/16-17/28.02.17 പ്രകാരം 97500/- രൂപയും ഇൻവോയിസ് നം. AMB/157/16-17/29.03.17 പ്രകാരം 8250/- രൂപയും അമ്പലപ്പുഴ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃ വിഹിതം 3.06.17- ൽ അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സിൽ ഏതെല്ലാം കാർഷിക ഉൽപ്പന്നങ്ങളാണ് നൽകുന്നതെന്നോ അവയുടെ വിലയോ രേഖപ്പെടുത്തിയിട്ടില്ല. ഓരോ കിറ്റിനും 1000/-രൂപ എന്നു മാത്രമാണ് കാണിച്ചിട്ടുള്ളത്. അതിനാൽ തന്നെ ലഭ്യമാക്കിയ കാർഷിക ഉൽപ്പന്നങ്ങൾ ഏതെല്ലാമെന്നും അവയുടെ തൂക്കം എത്രയെന്നുമുള്ള കാര്യത്തിൽ വ്യക്തതയില്ല. 141 ഗുണഭോക്താക്കൾ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. ഇവർക്കുള്ള വിതരണ രജിസ്റ്ററിലും ഇതു സംബന്ധിച്ച രേഖപ്പെടുത്തലില്ല.

പദ്ധതി നിർവ്വഹണത്തിലെ മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം. 30/14.08.2017 ന് ഹാജരാക്കിയ മറുപടിയിൽ വി.എഫ്.പി.സി.കെ, കെയ്കോ എന്നിവിടങ്ങളിൽ നിന്നും ക്വട്ടേഷൻ സ്വീകരിച്ചുവെന്നും അതിൽ കുറഞ്ഞ വില ക്വാട്ട് ചെയ്ത കെയ്കോയിൽ നിന്നും സാധനങ്ങൾ വാങ്ങി എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ക്വട്ടേഷൻ സമർപ്പിച്ചത് കെയ്കോയുടെ തിരുവല്ല ശാഖയും സാധനങ്ങൾ വാങ്ങിയിരിക്കുന്നത് അമ്പലപ്പുഴ ശാഖയിൽ നിന്നുമാണ്. ഒരേ സ്ഥാപനത്തിന്റെ രണ്ടു ശാഖകളെങ്കിലും പലപ്പോഴും ഏകീകൃത വിലയല്ല ഈ രണ്ടു സ്ഥാപനങ്ങളും ക്വാട്ട് ചെയ്യാറുള്ളത്. കൂടാതെ ബില്ല് കെയ്കോയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്. വിതരണം ചെയ്ത കാർഷിക ഉൽപ്പന്നങ്ങൾ ഏതെല്ലാമെന്നും അവയുടെ തൂക്കവും വിലയും എത്രയെന്നും മറുപടിയിലും വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ പദ്ധതിയുടെ നടത്തിപ്പ് സുതാര്യമല്ല എന്ന വിലയിരുത്താവുന്നതാണ്. ഇതിന്മേൽ വ്യക്തമായ അന്വേഷണം നടത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 കിണർ നിർമ്മാണത്തിന് അർഹമായതിലും അധികം സബ്സിഡി നൽകി

പ്രോജക്ട് നം . - 67/16-17

അടങ്കൽ - 90000

ചെലവ് - 52500

നിർവ്വഹണം - പട്ടികജാതി വികസന ഓഫീസർ

2016-17 ൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ കിണർ നിർമ്മാണം എന്ന പദ്ധതി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(i) അർഹമായതിലും അധികം സബ്സിഡി നല്കി

പന്ത്രണ്ടാം പദ്ധതിയുടെ ജി.ഒ. (എം.എസ്)4/2016/ത.സ്വ. ഭ .വ/11.01.2016 നമ്പർ സബ്സിഡി മാർഗ്ഗ രേഖ പ്രകാരം കിണർ നിർമ്മാണത്തിന്റെ യൂണിറ്റ് കോസ്റ്റ് എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം ജില്ലാ തലത്തിൽ നിശ്ചയിച്ച് അതിന്റെ 75% മാണ് അനുവദിക്കാവുന്ന സബ്സിഡിയുടെ ഉയർന്ന പരിധി. കിണർ നിർമ്മാണം സംബന്ധിച്ച് ഓഡിറ്റിൽ ലഭ്യമാക്കിയ ഫയലുകളിൽ യൂണിറ്റ് കോസ്റ്റ് എത്രയെന്ന് രേഖപ്പെടുത്താതെ എല്ലാ ഗുണഭോക്താക്കൾക്കും 7500/-രൂപ വീതം രണ്ടു ഗഡുക്കളായി ആകെ 15000/-രൂപ നല്കിയിട്ടുണ്ട്. പ്രവർത്തിയുടെ പൂർത്തീകരണ ശേഷം മുനിസിപ്പൽ എഞ്ചിനീയർ നല്കിയ വാല്യേഷന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.

യൂണിറ്റ് കോസ്റ്റിന്റെ അഭാവത്തിൽ എഞ്ചിനീയർ നല്കിയ വാല്യേഷനെ ആധികാരിക രേഖയെന്ന് കണക്കാക്കിയാൽ 2016-17-ൽ ആനുകൂല്യം കൈപ്പറ്റിയ ചുവടെ പട്ടികയിൽ പേര് ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് അവർക്ക് അർഹമായതിലും അധികം സബ്സിഡി നല്കിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് / വാർഡ് നം. | എഞ്ചിനീയർ നല്കിയ വാല്യേഷൻ പ്രകാരമുള്ള ചെലവ് | വാല്യേഷന്റെ അടിസ്ഥാനത്തിൽ അർഹമായ സബ്സിഡി (75%) | അധികം നല്കിയത് |
|---|---|---|---|---|
| 1 | മുരുകൻ.ആർ, പുളിമൂട്ടിൽ തറയിൽ/ | 16000 | 12000 | 3000 |
| 2 | കെ.പി. രാമചന്ദ്രൻ, കൈമുട്ട വിളയിൽ/ | 15000 | 11250 | 3750 |
| 3 | മണിയൻ, മണിമന്ദിരം/25 | 15000 | 11250 | 3750 |
| 4 | രാധാമണി, കണ്ടത്തിൽ തറയിൽ/9 | 15000 | 11250 | 3750 |
| | അധികമായി അനുവദിച്ച ആകെ തുക | | | 14250/- |

മേൽ വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണം നം. 39/16.08.2017 നുള്ള മറുപടിയിൽ ഓരോ ഗുണഭോക്താവിനും രണ്ട് ഗഡുക്കളായി 7500/-രൂപ വീതം ആകെ 15000/-രൂപ കൊടുക്കത്തക്ക രീതിയിൽ പദ്ധതി രൂപീകരിച്ച് അംഗീകാരം വാങ്ങിയതിനാലാണ് ഇപ്രകാരം തുക നൽകേണ്ടി വന്നതെന്ന് അറിയിച്ചു. പദ്ധതി രൂപീകരണ ഫോറത്തിന്റെ പകർപ്പും മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മാത്രം പദ്ധതി രൂപീകരിച്ച് നടപ്പാക്കേണ്ടതാണ്. അധികമായി അനുവദിച്ച 14,250/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

(ii) പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖയില്ല

പാപ്പി.കെ, കുളത്തിന്റെ പടീറ്റതിൽ എന്ന ഗുണഭോക്താവ് ആദ്യ ഗഡു മാത്രമേ കൈപ്പറ്റിയിട്ടുള്ളൂ. ടിയാളുടെ ഫയൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രവൃത്തി പൂർത്തീകരിച്ചോ എന്നുള്ള വിവരം വ്യക്തമല്ല.

## 3-9 അധിക നിരക്കിൽ തെങ്ങിൻ തൈ വാങ്ങി

പ്രോജക്ട് നം. - 101/17 രോഗ ബാധിത തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ

അടങ്കൽ - 1000000 (വികസന ഫണ്ട് )

850500 (ഗുണഭോക്തൃ വിഹിതം)

1850500

ചെലവ് - 450870/- (വികസന ഫണ്ട്) (ബിൽ നം. 101151/KBMJ 01/16/8.3.17-387500, 101246/KMBJ 06/16/29.3.17-63370)

അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ നടപ്പാക്കിയ പദ്ധതിയാണ് രോഗ ബാധിത തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ എന്നത്. പദ്ധതി രൂപീകരണ ഫോം പ്രകാരം ടെൻഡർ/ക്വട്ടേഷൻ കൂടാതെ സാധനങ്ങൾ വാങ്ങാവുന്ന സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങാം എന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ അമ്പലപ്പുഴ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നുമാണ് തൈകൾ വാങ്ങിയിട്ടുള്ളത്. ഒരു തൈയ്ക്ക് 40/-രൂപ ഗുണഭോക്തൃ വിഹിതവും 120/- രൂപ വികസന ഫണ്ട് വിഹിതവുമായി ആകെ 160/- രൂപയുമാണ് വകയിരുത്തിയത്. തൈ ഒന്നിന് 40/-രൂപ വീതം ഗുണഭോക്തൃ വിഹിതം അടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് അതിനനുസൃതമായി തെങ്ങിൻ തൈകളും നല്കുന്നു.

373 ഗുണഭോക്താക്കൾക്ക് DxT തെങ്ങിൻ തൈകൾ നല്കുന്നതിനായി കെയ്കോയിൽ നിന്നും 160/-രൂപ നിരക്കിൽ 719 തെങ്ങിൻ തൈകൾ വാങ്ങി. പദ്ധതി നടത്തിപ്പിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ കാർഷിക ഉപകരണങ്ങൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്ന സ്ഥാപനമാണ്. ജില്ലാ കൃഷിതോട്ടം ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നും തെങ്ങിൻ തൈ ലഭ്യമാണെന്നിരിക്കെ അതിലേക്കുള്ള അന്വേഷണമോ ടെൻഡറോ കൂടാതെ കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറുടെ 14.03.17 - ലെ സർക്കുലറിനെ അടിസ്ഥാനമാക്കിയാണ് കെയ്കോയിൽ നിന്നുമുള്ള വാങ്ങൽ. ഈ സർക്കുലർ പ്രകാരം കാർഷിക യന്ത്രങ്ങളും സാമഗ്രികളും കെയ്കോ, കാംകോ എന്നീ സ്ഥാപനങ്ങളിൽ നിന്നും നേരിട്ടു വാങ്ങാമെന്നും ഈ സ്ഥാപനങ്ങൾ വിതരണം നടത്തുന്ന മറ്റു സ്ഥാപനങ്ങളുടെ സാധനങ്ങളുടെ ഗുണനിലവാരവും വിലയും പൊതു വിപണിയിലുള്ളതിനേക്കാൾ മെച്ചപ്പെട്ടതാണെങ്കിൽ കെയ്കോ, കാംകോ എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് മുൻഗണന നല്കാം എന്നുമാണ് വ്യക്തമാക്കിയിരിക്കുന്നത്. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും തെങ്ങിൻ തൈകൾ വാങ്ങാം എന്ന വ്യക്തമായ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.
2. പദ്ധതി കാലയളവിൽ സമീപസ്ഥ പഞ്ചായത്തുകളായ മുതുകുളം പഞ്ചായത്തിൽ 99/-രൂപയ്ക്കും, ചിങ്ങോലി പഞ്ചായത്തിൽ 125/-രൂപയ്ക്കുമായിരുന്നു അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ DxT തെങ്ങിൻതൈ നല്കിയിട്ടുള്ളത്. 125/-രൂപയ്ക്കെങ്കിലും ലഭ്യമാകുമായിരുന്ന തെങ്ങിൻ തൈ 160/-രൂപയ്ക്ക് വാങ്ങുക വഴി 25,165/-രൂപ (719x35) അധികമായി ചെലവഴിച്ചു.
3. ഇൻവോയിസ് നം. AMB/116/16-17/28.02.17 - ന്റെ അടിസ്ഥാനത്തിൽ വികസന ഫണ്ട് വിഹിതവും 13.06.17 - ൽ അക്കൗണ്ട് ട്രാൻസ്ഫർ മുഖേന ഗുണഭോക്തൃ വിഹിതവും അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെ രേഖയോ, പദ്ധതിവിഹിതവും, ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെയുള്ള ആകെ തുകയുടെ ബില്ലോ ഫയലിൽ ഇല്ല.

പദ്ധതി നിർവ്വഹണത്തിലെ മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം. 30/14.08.2017 ന് ഉള്ള മറുപടിയിൽ ജില്ലാ കൃഷിതോട്ടം ഉൾപ്പെടെയുള്ള ഫാമുകളിൽ D * T തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കാത്തതു കാരണമാണ് പദ്ധതി നടത്തിപ്പിന് ആവശ്യമായ തൈകൾ വിതരണം ചെയ്യുവാൻ സന്നദ്ധത അറിയിച്ച കെയ്കോയിൽ നിന്നും വാങ്ങിയതെന്നും അവർ മറ്റു പഞ്ചായത്തുകൾക്ക് കുറഞ്ഞ നിരക്കിൽ തൈകൾ വിതരണം ചെയ്തത് അറിഞ്ഞിരുന്നില്ല എന്നും ഗുണഭോക്തൃ വിഹിതം ഉൾപ്പെടെയുള്ള ബില്ലുകളും രസീതുകളും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതുമാണെന്നും തൈകളുടെ വിലയിനത്തിൽ കെയ്കോയ്ക്ക് അധികമായി നല്കിയ തുക തിരികെ ഈടാക്കുന്നതാണെന്നുമാണ് അറിയിച്ചത്. അധികമായി ചെലവു ചെയ്ത 25,165/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-10 പട്ടികജാതി വിഭാഗത്തിന്റെ ഭവന നിർമ്മാണ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം. - 228/17

അടങ്കൽ - 3870000

ചെലവ് - 1710000

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് സൂപ്പർവൈസർ

2015-16 - ൽ പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പട്ടികജാതി വിഭാഗം ഭവന നിർമ്മാണം എന്ന പദ്ധതി, നഗരസഭയുടെ ഭവന നിർമ്മാണ പദ്ധതികൾ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്താതെ തദ്ദേശ സ്വയം ഭരണ സ്ഥാപനം തന്നെ ഏറ്റെടുത്തു നടപ്പാക്കണമെന്ന സർക്കാർ നിർദ്ദേശത്തെ തുടർന്ന് എല്ലാ ഫയലുകളും നഗരസഭയ്ക്ക് കൈമാറി. 2016-17 ൽ ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായാണ് ഈ പദ്ധതി നടപ്പാക്കിയത്. പദ്ധതി നടത്തിപ്പിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. 2015-16 ൽ ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി രശ്മി.വി കല്ലേലിപ്പറമ്പിൽ, ശ്രീമതി. ശ്രീദേവി എന്നിവർക്ക് പദ്ധതി മാർഗ്ഗ രേഖയിൽ നിന്നും വ്യതിചലിച്ച് യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെയായിരുന്നു പട്ടിക ജാതി വികസന ഓഫീസർ ആനുകൂല്യം അനുവദിച്ചത്. 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇതു സംബന്ധിച്ച പരാമർശം വന്നിരുന്നു. എന്നാൽ ഈ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക തിരികെ ഈടാക്കാതെയാണ് പട്ടിക ജാതി വികസന ഓഫീസർ ഫയൽ കൈമാറിയത്.

2. 2016-17- ൽ 8 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി നഗരസഭയുമായി കരാർ വച്ചു. ആകെ 3 ലക്ഷം രൂപ 5 ഗഡുക്കളായി ആനുകൂല്യമനുവദിക്കുന്നതിൽ രാധാ ചന്ദ്രൻ, പൊന്നാരു പറമ്പിൽ എന്ന ഗുണഭോക്താവൊഴികെ ചുവടെ പേര് ചേർത്തിട്ടുള്ള മറ്റ് ഏഴ് പേരും എല്ലാ ഗഡുക്കളും കൈപ്പറ്റുകയോ തൻ വർഷം പ്രവൃത്തി പൂർത്തീകരിക്കുകയോ ചെയ്തില്ല.

| ഗുണഭോക്താവിന്റെ പേര് | ഇതുവരെ കൈപ്പറ്റിയ തുക |
|---|---|
| തങ്കമ്മ, പുത്തുവിളയിൽ | 2,70,000 |
| പൊടിയമ്മ,കണ്ടത്തിൽ തറയിൽ | 2,10,000 |
| സരോജിനി, സൂര്യമല തെക്കേതിൽ | 2,70,000 |
| വിജയമ്മ,കാവിന്റെ കിഴക്കതിൽ | 2,70,000 |
| ഷൈലജ, സുരേഷ് ഭവനം | 2,10,000 |
| രമാദേവി, പട്ടിക ജാതി കോളനി | 2,10,000 |
| ഉഷാകുമാരി, പട്ടിക ജാതി കോളനി | 2,10,000 |
| ആകെ | 16,50,000 |

മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം. 15/09.08.2017 ന് ഉള്ള മറുപടിയിൽ ശ്രീമതി. രശ്മി. വി കല്ലേലിപ്പറമ്പിൽ, ശ്രീമതി. ശ്രീദേവി എന്നിവർക്ക് തുക തിരികെ ഈടാക്കുന്നതു സംബന്ധിച്ച് രജിസ്റ്റേഡ് കത്ത് അയച്ചിട്ടുണ്ടെന്നും ടിയാളുകളുടെ ഫയൽ എസ്.സി.ഡി.ഒ-യ്ക്ക് തിരികെ നൽകുന്നതാണെന്നും അറിയിച്ചു. കൂടാതെ ഈ പദ്ധതി 2017-18ൽ സ്പിൽ ഓവറാക്കി ഗുണഭോക്താക്കൾക്ക് തുടർ ഗഡുക്കൾ അനുവദിക്കുന്നതുമാണ് എന്നുമറിയിച്ചു. ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

പ്രോജക്ട് നം. - 265/17

അടങ്കൽ - 221563

ചെലവ് - 96595

കേരള ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ 03.03.2014 - ലെ 882/എ1/2013/നമ്പർ കത്ത് പ്രകാരം മാവേലിക്കര നഗരസഭയുടെ 2014-15 സാമ്പത്തിക വർഷത്തിലെ പദ്ധതിയിലുൾപ്പെടുത്തി ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ

തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2014-15ലും, തുടർന്ന് 2015-16 - ലും പദ്ധതി രൂപീകരിച്ചുവെങ്കിലും പ്രാരംഭ പ്രവർത്തനങ്ങൾ മാത്രമാണ് നടപ്പായത്.

സ്പിൽ ഓവർ പദ്ധതികൾ ഉപേക്ഷിച്ച് 2016-17 ൽ പുതുതായി പദ്ധതി രൂപീകരിച്ച് ഹെൽത്ത് സൂപ്പർ വൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇത് നടപ്പാക്കുവാൻ നടപടികൾ ആരംഭിച്ചു. നഗരസഭാ പ്രദേശത്തെ ജീവജാലങ്ങൾ, ജലാശയങ്ങൾ, സസ്യങ്ങൾ, മണ്ണിനങ്ങൾ എന്നിവ ഉൾപ്പെടുത്തി ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുവാൻ 14.10.2016 ലെ ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി തീരുമാനമെടുത്തു. കൂടാതെ നഗരകാര്യ ഡയറക്ടറുടെ 21.01.17 ലെ ജി$_1$ - 38/17 നമ്പർ കത്ത് പ്രകാരം ജൈവ വൈവിധ്യ രജിസ്റ്റർ 2017 മാർച്ചിനു മുൻപ് പൂർത്തിയാക്കുവാനും നിർദ്ദേശിച്ചു. എന്നാൽ തൻ വർഷം ഡാറ്റാ കളക്ഷൻ വോളന്റിയർമാരെ തെരഞ്ഞെടുത്ത് വിവരശേഖരണത്തിനായി അവരെ ചുമതലപ്പെടുത്തുകയും അവർക്കുള്ള പരിശീലനവും മാത്രമാണ് നടപ്പായത്. ഹോണറേറിയമിനത്തിൽ 60,000/- രൂപയും പരിശീലനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി 30595/- രൂപയും ചെലവഴിച്ചു. എന്നാൽ ബയോ ഡൈവേഴ്സിറ്റി രജിസ്റ്ററിന്റെ തയ്യാറാക്കൽ പൂർത്തിയായില്ല.

പദ്ധതിയുടെ നിലവിലെ അവസ്ഥയുടെ വിവരം ലഭ്യമാക്കുവാൻ ഹെൽത്ത് സൂപ്പർവൈസർക്ക് നല്കിയ ഓഡിറ്റ് അന്വേഷണം നം. 45/17.08.2017-നുള്ള മറുപടിയിൽ പദ്ധതി 2017 - 18 - ൽ സ്പിൽ ഓവറാക്കിയിട്ടുണ്ടെന്നും ആയതിന്റെ ഡേറ്റാ കളക്ഷൻ പ്രവർത്തികൾ പൂർത്തീകരിച്ച് മാന്വലായി രജിസ്റ്റർ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഡാറ്റാ എൻട്രി ചെയ്ത് രജിസ്റ്റർ ബൈന്റ് ചെയ്യുവാൻ പാകത്തിൽ തയ്യാറായിട്ടുണ്ടെന്നും അറിയിച്ചു. ജൈവ വൈവിധ്യ രജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കി കേരള ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ പരിഗണയ്ക്കായി സമർപ്പിക്കേണ്ടതാണ്.

## 3-12 ആധുനിക ശ്മശാനത്തിന്റെ ബൈലോ പരിഷ്ക്കരണം അനിവാര്യം

മാവേലിക്കര നഗരസഭയുടെ ഏറ്റവും ജനോപകാരപ്രദമായ ആസ്തികളിലൊന്നാണ് കണ്ടിയൂരിലെ ഗ്യാസ് ക്രിമറ്റോറിയ സംവിധാനമുള്ള ആധുനിക ശ്മശാനം. കാലങ്ങളായി പ്രവർത്തന ക്ഷമമല്ലാതിരുന്ന ഇത് നഗരസഭയുടെ വിവിധ പദ്ധതികളിലൂടെ അറ്റകുറ്റപ്പണി നടത്തി പൊതുജനങ്ങൾക്കായി സമർപ്പിച്ചിട്ടുണ്ട്.

ആധുനിക ശ്മശാനത്തിന്റെ പരിപാലനം സംബന്ധിച്ച് മാവേലിക്കര നഗരസഭ 27.05.16 ൽ 12-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച മാവേലിക്കര നഗരസഭ ആധുനിക ശ്മശാനം (നടത്തിപ്പും, പരിപാലനവും, സൂക്ഷിപ്പും) ഉപനിയമങ്ങൾ -2016 എന്ന ബൈലോയിലെ ചട്ടം-1 ഉപചട്ടം-2 പ്രവർത്തന മേഖല എന്നതിലെ വ്യവസ്ഥകൾ ഇപ്രകാരമാണ് "നിലവിൽ മാവേലിക്കര നഗരസഭയുടെ അധികാര പരിധിയിൽ വരുന്ന കുടുംബങ്ങളുടെ ആവശ്യം മുൻനിർത്തിയുള്ള പശ്ചാത്തല സൗകര്യമായതിനാൽ ആയതിന്റെ ഉപയോഗം അപ്രകാരം പരിമിതപ്പെടുത്തി ക്ലിപ്തമാക്കുന്നു "

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 572 (1) പ്രകാരം ഏതെങ്കിലും ബൈലോയോ, റഗുലേഷനോ, അവയുടെ റദ്ദാക്കലോ, വ്യത്യാസപ്പെടുത്തലോ അത് സർക്കാർ അംഗീകാരം നല്കി സ്ഥിരീകരിക്കുന്നതു വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല. മാവേലിക്കര നഗരസഭ 27.05.16 - ൽ 12-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ബൈലോ സർക്കാർ അംഗീകാരത്തിന് അയച്ചു നല്കുന്നതിനായി നഗരസഭാ സെക്രട്ടറിയുടെ H1-1531/09/20.06.16 നമ്പർ നടപടിക്രമ പ്രകാരം ആരോഗ്യ വിഭാഗം മേധാവി, ജനറൽ സൂപ്രണ്ട്, എച്ച്.ഐ എന്നിവരെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത ബൈലോ അയച്ചതായോ അംഗീകാരം ലഭിച്ചതായോ രേഖയില്ലാത്തതിനാൽ വിവരം ആവശ്യപ്പെട്ട് ഹെൽത്ത് സൂപ്പർവൈസർക്ക് നല്കിയ ഓഡിറ്റ് അന്വേഷണം നം.06/08.08.17 - ന് നല്കിയ മറുപടിയിൽ ബൈലോയിൽ പരിഷ്ക്കരണം വരുത്തിയ ശേഷം അംഗീകാരത്തിനായി അയയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2016 കാലയളവിൽ നഗരസഭ പാസ്സാക്കിയ ബൈലോ ഇതുവരെയും സർക്കാർ അംഗീകാരത്തിന് അയച്ചു നല്കിയിട്ടില്ലാത്തതിനാൽ ഈ ബൈലോയിലെ വ്യവസ്ഥകൾ ഒന്നും തന്നെ നിയമപരമായി പ്രാബല്യത്തിലുള്ളതല്ല.

ഗ്യാസ് ക്രിമറ്റോറിയം അനുവദിക്കുന്നതിന്റെ രജിസ്റ്റർ പ്രകാരം 2016-17 - ൽ 5മൃതദേഹങ്ങൾ മാത്രമാണ് ഫീസ് ഈടാക്കി സംസ്കരിച്ചിട്ടുള്ളത്. ഒരു നഗരസഭയിലെ ജനങ്ങൾക്കു മാത്രം ശ്മശാനത്തിന്റെ ഉപയോഗം

പരിമിതപ്പെടുത്തുന്നത് ശ്മശാനം പ്രദാനം ചെയ്യുന്ന സേവന മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. കൂടാതെ സമീപ പ്രദേശങ്ങളിലൊന്നും തന്നെ ആധുനിക ശ്മശാനം ഇല്ലാത്തതിനാലും ശ്മശാനത്തിന് ഭൂമി ലഭിക്കുക എന്നത് പ്രയാസമേറിയ കാര്യമായതിനാലും മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഈ ശ്മശാനത്തിന്റെ സൗകര്യം ഉപയോഗിക്കുവാൻ പര്യാപ്തമായ രീതിയിൽ ബൈലോ പരിഷ്ക്കരണം അനിവാര്യമാണ് .

ലക്ഷങ്ങൾ ചെലവഴിച്ച് പുനരുപയോഗപ്രദമാക്കിയ ശ്മശാനം നഗരസഭാ പരിധിയിലുള്ളവരിലേക്ക് മാത്രം പരിമിതപ്പെടുത്തുന്നത് ഇത് ഏറിയ സമയവും നിഷ്ക്രിയമായി അവശേഷിക്കുവാനും മുൻ അവസ്ഥയിലേക്ക് പോകുവാനും കാരണമാകും. നഗരസഭാസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-13 ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയില്ല

പ്രോജക്ട് നം. - 186/17 ഭവന പുനരുദ്ധാരണ പദ്ധതി (ജനറൽ )

അടങ്കൽ - 2800000

ചെലവ് - 2740000

ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായ ഭവന പുനരുദ്ധാരണ പദ്ധതിയ്ക്കായി ഓരോ ഗുണഭോക്താവിനും 20,000/-രൂപയാണ് നഗരസഭ വകയിരുത്തിയത്. 2016-17 -ൽ 140 ഗുണഭോക്താക്കൾ നഗരസഭയുമായി കരാർ വച്ചതിൽ 134 പേർ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ചുവടെ പേര് ചേർക്കുന്ന 5 ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയതിനു ശേഷം പ്രവൃത്തി പൂർത്തീകരിക്കുകയോ രണ്ടാം ഗഡു സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | വാർഡ് നം. | കൈപ്പറ്റിയ തുക |
|---|---|---|
| ജഗദമ്മ, ഗോസായി പറമ്പിൽ | 25 | 10,000 |
| രഘുനാഥൻ പിള്ള, പനയ്ക്കൽ തെക്കതിൽ | 4 | 10,000 |
| സരസ്വതി, കണ്ടനല്ലൂർ | 16 | 10,000 |
| തങ്കമണി, ചിറയിൽ | 4 | 10,000 |
| കൃഷ്ണപിള്ള,ചെറുവാറ്റിൻകര | 17 | 10,000 |

പ്രവർത്തി പൂർത്തീകരിക്കാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 10/09.08.2017 - നുള്ള മറുപടിയിൽ പദ്ധതി 2017-18 - ൽ സ്പിൽ ഓവറാക്കിയിട്ടുണ്ടെന്നും ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് രണ്ടാം ഗഡു അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രവർത്തി പൂർത്തീകരിക്കുന്നതിൽ ഗുണഭോക്താക്കൾക്ക് ആവശ്യമായ സഹായവും നിർദ്ദേശവും നൽകേണ്ടതാണ്. തുടർന്നും വീഴ്ച വരുത്തുന്ന പക്ഷം അവർക്ക് അനുവദിച്ച ആദ്യ ഗഡു, അവർക്കെതിരെ നടപടി സ്വീകരിക്കുന്ന കാലയളവു വരെയുള്ള പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-14 മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസറുടെ മേൽ നോട്ടത്തിൽ നടത്തപ്പെടുന്ന പ്രവർത്തനമാണ് മഴക്കാല പൂർവ്വ ശുചീകരണം. ഇതിനായി 28 വാർഡുകളിലും വാർഡ് മെമ്പർ കൺവീനറായി വാർഡ് തല ശുചിത്വ സമിതി രൂപീകരിച്ച് മഴക്കാലം ആരംഭിക്കുന്നതിനു മുൻപായി മാലിന്യം നിർമ്മാർജനം, കൊതുക് നശീകരണം, ശുചിത്വത്തിന്റെ ആവശ്യകത, ബോധവൽക്കരണം മുതലായ പ്രവർത്തനങ്ങൾ നടത്തുന്നു .

2016-17- ൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തങ്ങൾ നടത്തുന്നതിനായി 06.06.16 ലെ കൗൺസിൽ തീരുമാന പ്രകാരം പഞ്ചാബ് നാഷനൽ ബാങ്കിലുള്ള ക്ലീൻ കേരള മിഷൻ ഫണ്ടിൽ നിന്നും വാർഡൊന്നിന് 20,000/-വീതം ആകെ 5,60,000/-രൂപ വാർഡുതല ശുചിത്വ സമിതികളുടെ അക്കൗണ്ടിലേക്ക് കൈമാറിയിരുന്നു (ചെക്ക് നം.728177/13.06.2016).

സ. ഉ (സാധാ) നം. 1724/2016/ത.സ്വ.ഭ.വ/23.05.2016 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശുചിത്വ മിഷൻ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തിരിച്ചടയ്ക്കാമെന്ന വ്യവസ്ഥയിലാണ് ക്ലീൻ കേരള മിഷൻ ഫണ്ടിൽ നിന്നും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തങ്ങൾ നടത്തുന്നതിനായി തുക കണ്ടെത്തിയത്. ശുചിത്വ മിഷൻ ഫണ്ട് ലഭിച്ചിട്ടില്ലാത്തതിനാൽ ഈ തുക തിരിച്ചടച്ചില്ല.

ഓരോ വാർഡിലും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ തുകയുടെ വിനിയോഗത്തിൽ വാർഡു തലത്തിൽ ഏകീകൃത സ്വഭാവമോ മേൽ പരിശോധനയോ ഒന്നും നടത്തുന്നില്ല എന്ന് വ്യക്തമായി. ഹാജരാക്കിയ രേഖകൾ യഥാർത്ഥ ചെലവിനെ പ്രതിഫലിപ്പിക്കുന്നുവെങ്കിൽ ഏതാനും വാർഡുകളിൽ ചെലവുകൾ വളരെക്കുറവും ചില വാർഡുകളിൽ 20,000/- രൂപയിൽ അധികമായ ചെലവും വന്നിട്ടുണ്ട്. ഇതിന് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തുക കുറവായി ചെലവഴിച്ച വാർഡുകൾ | ചെലവഴിച്ച തുക | വ്യത്യാസം | അനുവദനീയമായതിലും കൂടുതലായി ചെലവഴിച്ച വാർഡുകൾ | ചെലവഴിച്ച തുക | വ്യത്യാസം |
|---|---|---|---|---|---|
| 12 | 17470 | 2530 (കുറവ്) | 19 | 22000 | 2000 |
| 13 | 18050 | 1950 | 27 | 22500 | 2500 |
| 23 | 18150 | 1850 | 14 | 20200 | 200 |
| 21 | 15000 | 5000 | 20 | 20200 | 200 |
| 24 | 17786 | 2214 | 4 | 21000 | 1000 |
| 28 | 14550 | 5450 | 5 | 21000 | 1000 |
| 25 | 13485 | 6515 | 7 | 24000 | 4000 |
| 6 | 15000 | 5000 | | | |

മേൽ പറഞ്ഞവ കൂടാതെ 18-ാം വാർഡിൽ ആകെ 2700/- രൂപയാണ് മഴക്കാല പൂർവ്വ ശുചീകരണത്തിനായി ചെലവഴിച്ചത്. 17-ാം വാർഡിൽ തുക ഒന്നും തന്നെ ചെലവഴിച്ചുമില്ല. 20,000/- രൂപയും വിനിയോഗിക്കപ്പെടാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു. മഴക്കാല ജന്യമായ പകർച്ച വ്യാധികൾ പടർന്നു പിടിക്കുമ്പോഴും, ശുചീകരണ പ്രവർത്തനങ്ങൾക്കായി മുൻകൂറായി അനുവദിക്കുന്ന തുക യഥാവിധി ചെലവഴിക്കാത്തത് ബന്ധപ്പെട്ട വാർഡ് കൗൺസിലർ ഉൾപ്പെട്ട വാർഡ് തല ശുചിത്വ കമ്മിറ്റിയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ കമ്മിറ്റി ചെയ്യുന്ന പ്രവർത്തികൾ സംബന്ധിച്ച മിനിട്സ് എഴുതുന്നില്ല. ഈ വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെയും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.

## 3-15 ഖരമാലിന്യ സംസ്കരണ യൂണിറ്റ് നിർമ്മാണം പ്രാവർത്തികമായില്ല, മാലിന്യനിർമ്മാർജ്ജനം വഴി മുട്ടുന്നു

വ്യവസ്ഥാപിതവും ശാസ്ത്രീയവുമായ മാലിന്യ സംസ്കരണ സംവിധാനം നിലവിലില്ലാത്ത നഗരമാണ് മാവേലിക്കര. നഗരസഭയിലെ കണ്ടിജന്റ് വിഭാഗം വിവിധ പ്രദേശങ്ങളിൽ നിന്നും ദിവസേന ശേഖരിക്കുന്ന ജൈവവും അജൈവവുമായ മാലിന്യം നഗരസഭയുടെ അധീനതയിലുള്ള പുതിയകാവ് മാർക്കറ്റിനോടനുബന്ധിച്ചുള്ള ഡംബിംഗ് യാർഡിൽ നിക്ഷേപിക്കുന്നു. തുടർന്ന് അതിനു മുകളിൽ മണ്ണിട്ടു മൂടുന്ന തികച്ചും അശാസ്ത്രീയവും പ്രകൃതിയ്ക്കു സമീപവാസികൾക്കും ഒരുപോലെ ദോഷകരവുമായ മാലിന്യ സംസ്കരണ രീതിയാണ് ഇവിടെ അവലംബിച്ചു വന്നിരുന്നത്.

നഗരത്തിലെ മാലിന്യ സംസ്കരണം നഗരസഭയ്ക്ക് എന്നും പ്രശ്നങ്ങൾ ആകുന്ന സാഹചര്യത്തിൽ ഇതിനു പരിഹാരം കാണുന്നതിനായി ആലപ്പുഴ നഗരസഭയിൽ വിജയകരമായി നടപ്പിലാക്കിയ എയ്റോബിക്ക് കമ്പോസ്റ്റ് സംവിധാനം മാവേലിക്കര നഗരസഭയിലും നടപ്പിൽ വരുത്തുന്നതിനായി 2015-16 - ൽ പ്രോജക്ട് നം.83/16 പ്രകാരം പൈലറ്റ് പദ്ധതിയായി 8,40,000/-രൂപ അടങ്കലിൽ, അടങ്കൽ ടെൻഡർ ചെയ്ത് കരാർ ഉടമ്പടി വച്ച് നിലവിലുള്ള മോണിറ്ററിംഗ് സമിതിയുടെ മേൽ നോട്ടത്തിൽ പൂർത്തീകരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്.

നഗരസഭയുടെ 31.12.15 ലെ 15-ാം നമ്പർ തീരുമാന പ്രകാരം ശ്രീ. ഷാജിലാൽ എന്ന കരാറുകാരന് പ്രവർത്തിയുടെ കരാർ നല്കുകയും ടിയാൾ പുതിയകാവ് മാർക്കറ്റിൽ എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി സാധനങ്ങൾ ഇറക്കുകയും ചെയ്തു. എന്നാൽ പ്രാദേശികമായ എതിർപ്പും മാർക്കറ്റിന്റെ പടിഞ്ഞാറു വടക്കുവശത്തായിട്ടുള്ള പുറമ്പോക്കു സ്ഥലം പി.ഡബ്ല്യു.ഡി റോഡ് ഡിവിഷന്റെ അധീനതയിലായതിനാൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച ആശയക്കുഴപ്പവും കാരണം പദ്ധതി 2015-16 - ൽ നടപ്പായില്ല. ഇതേ പദ്ധതി 2016-17 - ൽ പ്രോജക്ട് നം.33/17 ആയി 8,40,000/-രൂപ അടങ്കലിൽ (വികസന ഫണ്ട് പൊതു വിഭാഗം) ആവിഷ്കരിച്ചുവെങ്കിലും ഇതു നടപ്പായില്ല.

ശരിയായ ആസൂത്രണമില്ലാതെ പദ്ധതി ആവിഷ്കരിക്കുകയും പ്രദേശ വാസികളുടെ ഇടയിൽ വേണ്ട രീതിയിൽ ബോധവൽക്കരണം നടത്താതെ പദ്ധതി നടപ്പാക്കുവാൻ ശ്രമിച്ചതും പദ്ധതി ഉപേക്ഷിക്കുവാനുള്ള കാരണങ്ങളായി. ഇത് നഗരസഭയുടെയും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.

2016-17 - ൽ പ്രോജക്ട് നം.180/17പ്രകാരം 4,00,000/-രൂപ അടങ്കലിൽ (ധനകാര്യ കമ്മീഷൻ അവാർഡ്) പുന്നമൂട് മാർക്കറ്റിൽ എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റ്, പ്രോജക്ട് നം. 240/17പ്രകാരം 1009996/- രൂപ അടങ്കലിൽ (ലോക ബാങ്ക് ധനസഹായം) കണ്ടിയൂർ എയ്റോബിക്ക് മാലിന്യ സംസ്കരണ യൂണിറ്റ് നിർമ്മാണം എന്നീ പദ്ധതികൾക്കും അംഗീകാരം ലഭിച്ചുവെങ്കിലും തൻവർഷം പ്രവർത്തി നടപ്പായില്ല.

നഗരസഭയ്ക്ക് ഫലപ്രദമായ യാതൊരു മാലിന്യ സംസ്കരണ സംവിധാനവും ഇപ്പോൾ നിലവിലില്ലാത്തതിനാൽ നഗരസഭയുടെ തന്നെ അധീനതയിലുള്ള പൂക്കട ജംഗ്ഷനിലെ മുനിസിപ്പൽ പാർക്കിന്റെ അതിരിൽ മാലിന്യം നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഇതുണ്ടാക്കുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. ഫലപ്രദവും ശാസ്ത്രീയവുമായ മാലിന്യ സംസ്കരണ പദ്ധതികൾ നഗരസഭ നടപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. കൂടാതെ മാലിന്യ സംസ്കരണ പ്ലാന്റുകളിൽ മാലിന്യം നിക്ഷേപിക്കേണ്ടതിന്റെ ആവശ്യകത യെപ്പറ്റി പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് കുടുബശ്രീ, വാർഡ് തല ആരോഗ്യ-ശുചിത്വ-പോഷണ കമ്മിറ്റി എന്നിവ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗിക്കേണ്ടതുമാണ്.

## 3-16 ഷീ പാഡ് പദ്ധതി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം. - 233/17

അടങ്കൽ - 300000

ചെലവ് - 150000

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് സൂപ്പർവൈസർ

മാവേലിക്കര നഗരസഭയിലെ 5 സ്കൂളുകളിൽ കേരള സംസ്ഥാന വനിതാ വികസന കേർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതിയാണിത്. സ.ഉ(സാധാ)നം. 280/16/ത.സ്വ.ഭ.വ/25.01.2016 ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടങ്കൽ തുകയുടെ 50% തുകയായ 1,50,000/- രൂപ മുൻകൂറായി സ്ഥാപനത്തിന് അക്കൗണ്ട് ട്രാൻസ്ഫർ ആയി നല്കിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിക്കുന്ന മുറയ്ക്ക് മാത്രം ബാക്കി തുക അനുവദിക്കുന്നതിനാണ് ഉത്തരവിൽ നിർദ്ദേശമുള്ളത്.

17.05.2017 - ലെ KSWDC/PO 2/She pad/LSGD/2015-16 നമ്പർ കത്തിനോടൊപ്പം തുകയുടെ കൈപ്പറ്റ് രസീത് ലഭിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം. 13/09.08.2017 - ന് ഉള്ള മറുപടിയിൽ 2017-18 വർഷത്തിൽ ബാലൻസ് തുക സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുള്ളതും K.S.W.D.C എന്ന ഏജൻസി മുഖേന പദ്ധതി പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചു. പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-17 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ-അവലോകനം

കെട്ടിടം

മാവേലിക്കര നഗരസഭാ പരിധിയിൽ 28 അങ്കണവാടികൾ പ്രവർത്തിക്കുന്നതിൽ 3 എണ്ണം സ്വന്തം കെട്ടിടത്തിലും 23 എണ്ണം വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. ശേഷിക്കുന്ന 2അങ്കണവാടികൾ വാടക രഹിതമായും പ്രവർത്തിക്കുന്നു. 2 അങ്കണവാടികൾ നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടെങ്കിലും AWC-125 ന് ലഭിച്ച സ്ഥലം ചതുപ്പ് നിലമായതിനാൽ അങ്കണവാടി നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടില്ല. AWC-106 ന്റെ നിർമ്മാണം 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. AWC-98, 128 എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. വൈദ്യുതി കണക്ഷൻ കൂടി ലഭ്യമാകേണ്ടതുണ്ട്.

നിർമ്മാണം പൂർത്തിയായി വരുന്ന AWC-128 നെ മോഡൽ അങ്കണവാടിയായി ഉയർത്തുന്നതിന് കമ്പ്യൂട്ടർ, വാതിൽപ്പുറ കളിയുപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് 2017-18 പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്.

കുടിവെള്ള സൗകര്യം

എല്ലാ അങ്കണവാടികൾക്കും കുടിവെള്ള സൗകര്യം ഉണ്ട്.

വൈദ്യുതി

വാടകയ്ക്ക് പ്രവർത്തിക്കുന്ന AWC-112 - ന് ഒഴികെ എല്ലാ അങ്കണവാടികളിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്.

ടോയ് ലെറ്റ് സൗകര്യം

28 അങ്കണവാടികളിലും ടോയ് ലെറ്റ് സൗകര്യം ലഭ്യമാണ്. ഇതിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന AWC-124 - ന് ബേബി ഫ്രണ്ടിലി ടോയ് ലെറ്റുണ്ട്.

ഗ്യാസ് കണക്ഷൻ

28 അങ്കണവാടികൾക്കും ഗ്യാസ് കണക്ഷൻ ലഭ്യമാണ്. ഒരു സിലിണ്ടറാണ് നിലവിൽ എല്ലാ അങ്കണവാടികൾക്കും ഉള്ളത്. അഡീഷണൽ കണക്ഷൻ ലഭിക്കുവാൻ 2017-18 - ൽ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

അടിസ്ഥാന സൗകര്യങ്ങൾ

കുട്ടികൾക്കിരിക്കുവാൻ ആവശ്യമായ കസേര, ബഞ്ച്, രജിസ്റ്ററുകളും മറ്റു രേഖകളും സൂക്ഷിക്കുവാനാവശ്യമായ അലമാരകൾ എന്നിവ നഗരസഭയിൽ നിന്നും അനുവദിച്ച് നല്കിയിട്ടുണ്ട്. പഴക്കം ചെന്ന കസേര, ബഞ്ച്, അലമാര എന്നിവ മാറ്റി പുതിയവ വാങ്ങുവാൻ 2017-18-ൽ പ്രോജക്ട് വച്ചിട്ടുണ്ട്.

ഫിറ്റ്നെസ് സർട്ടിഫിക്കറ്റ്

അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അവർ ജോലി ചെയ്യുവാൻ പ്രാപ്തരാണെന്നുള്ള ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ആരോഗ്യ വകുപ്പിൽ നിന്നും വാങ്ങി സൂക്ഷിക്കാറുണ്ട്. അങ്കണവാടി കെട്ടിടം സുരക്ഷിതമാണോ എന്നതിനുള്ള പരിശോധന നടത്തി ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നതിന് നഗരസഭാ എൽ.എസ്.ജി.ഡി വിഭാഗത്തിൽ 2017 ജൂലൈ മാസത്തിൽ കത്ത് നല്കിയിട്ടുണ്ട്.

അങ്കണവാടികളുടെ പ്രവർത്തനം ഏറെക്കുറെ തൃപ്തികരമെങ്കിലും ഭൂരിഭാഗം അങ്കണവാടികൾക്കും സ്വന്തം കെട്ടിടമില്ലാത്തത് അപര്യാപ്തതയാണ്. സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടം നിർമ്മിക്കാത്തതും കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നതുമായ അങ്കണവാടികൾ സംബന്ധിച്ച് ജി.ഒ(എം.എസ്) 29/2012ത.സ്വ.ഭ.വ/03.09.2010 ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 മുൻകൂർ അനുവദിച്ച തുകകൾ ക്രമീകരിച്ചില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 99 പ്രകാരം അനുവദിക്കുന്ന താത്കാലിക മുൻകൂറുകൾ 3 മാസത്തിനുള്ളിൽ ക്രമീകരിക്കണമെന്ന് ധനകാര്യ വകുപ്പിന്റെ 4.10.2011-ലെ 419/11/ധനം നമ്പർ ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. യഥാസമയം ക്രമീകരണ ബില്ലുകൾ ഹാജരാക്കാത്ത താത്കാലിക മുൻകൂറുകൾ അനുവദനീയമായ സമയ പരിധി കഴിഞ്ഞാലുടൻ തന്നെ മുൻകൂർ നല്കിയ തീയതി മുതൽ തിരികെ അടക്കുന്ന തീയതി വരെയുള്ള കാലയളവിന് 18% പലിശ സഹിതം തിരികെ ഈടാക്കണമെന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നു. നഗരസഭയിൽ 2016-17 സാമ്പത്തിക വർഷം താഴെപ്പറയും പ്രകാരം നല്കിയ 52,000/- രൂപയുടെ താത്കാലിക മുൻകൂറുകൾ നാളിതുവരെയായിട്ടും ക്രമീകരിച്ചിട്ടില്ലാ യെന്ന് കാണുന്നു.

| ക്രമ നം. | കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര്/തസ്തിക | തുക | ചെക്ക് നം., തീയതി (വൗച്ചർ നം. ബ്രാക്കറ്റിൽ) | ആവശ്യം |
|---|---|---|---|---|
| 1. | സുനിൽ കുമാർ.എസ് ജെ.എച്ച് .ഐ 11 | 10,000 | 11754/10.08.16 (06/8-16) | സ്വാതന്ത്ര്യ ദിനാഘോഷം |
| 2. | സുനിൽ കുമാർ.എസ് ജെ.എച്ച് .ഐ 11 | 2000/- | 11796/22.09.16 (46 /9-16) | TA അഡ്വാൻസ് |
| 3. | വിനോദ് കുമാർ.ജി, സീനിയർ ക്ലർക്ക് | 15000 | 11763/23.08.16 (20 /08-16) | പ്രതിഭാസംഗമം |
| 4. | സുനിൽ കുമാർ.എസ് ജെ.എച്ച് .ഐ 11 | 15000 | 13091/23.01.17 (18 / 01-17) | റിപബ്ലിക് ദിനാഘോഷം |

| | | | | |
|---|---|---|---|---|
| 5. | ജ്യോതി ലക്ഷ്മി,<br>റവന്യൂ ഇൻസ്പെക്ടർ | 10,000 | 756186/9.3.17<br>(21/3-17) | മൈക്ക് അനൌൺസ്മെന്റ് |
| | ആകെ | 52,000/- | | |

യഥാസമയം ക്രമീകരണ ബിൽ ഹാജരാക്കാത്ത മുഴവൻ തുകയും പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

കൂടാതെ മുൻകൂർ രജിസ്റ്റർ പ്രകാരം 1968-69 മുതലുള്ള മുൻകൂറുകൾ ഇതുവരെയും ക്രമീകരിച്ചിട്ടില്ല. ക്രമീകരിക്കാനുള്ള തുകയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | തുക |
|---|---|---|
| 1. | 1968-69 | 120/- |
| 2. | 1969-70 | 70/- |
| 3. | 1970-71 | 80/- |
| 4. | 1975-76 | 275/- |
| 5. | 1977-78 | 397/- |
| 6. | 1978-79 | 376/- |
| 7. | 1979-80 | 34/- |
| 8. | 1980-81 | 193/- |
| 9. | 1981-82 | 51/- |
| 10. | 1982-83 | 180/- |
| 11 | 1983-84 | 175/- |
| 12. | 1984-85 | 598/- |
| 13. | 1985-86 | 60/- |
| 14. | 1986-87 | 105/- |

| | | |
|---|---|---|
| 15. | 1987-88 | 6775/- |
| 16. | 1988-89 | 3300/- |
| 17. | 1989-90 | 6900/- |
| 18. | 1990-91 | 1180/- |
| 19. | 1991-92 | 5035/- |
| 20. | 1992-93 | 9285/- |
| 21 | 1993-94 | 3250/- |
| 22 | 1994-95 | 3350/- |
| 23. | 1995-96 | 12190/- |
| 24 | 1996-97 | 2506/- |
| 25 | 1997-98 | 600/- |
| 26 | 1998-99 | 500/- |
| 27. | 1999-2000 | 172800/- |
| 28. | 2000-01 | 123545/- |
| 29. | 2001-02 | 18500/- |
| 30 | 2002-03 | 500/- |
| 31 | 2003-04 | 2100/- |
| 32 | 2004-05 | 73381/- |
| 33 | 2005-06 | 30000/- |
| 34 | 2007-08 | 59578/- |

| | | |
|---|---|---|
| 35 | 2008-09 | 75310/- |
| 36 | 2010-11 | 102955/- |
| 37 | 2011-12 | 73525/- |
| 38 | 2012-13 | 80000/- |
| 39. | 2013-14 | 121000/- |
| 40 | 2014-15 | 17000/- |
| 41 | 2015-16 | 32000/- |
| | ആകെ. | 10,41,579/- |

വർഷങ്ങൾക്ക് മുൻപ് അനുവദിച്ച മുൻകൂറുകൾ നാളിതുവരെയും ക്രമീകരിക്കാത്തതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നഗരസഭ നൽകിയില്ല. (ഓഡിറ്റ് അന്വേഷണം നം.20 തീയതി, 09.08.2017).

മുൻകൂറുകൾ ക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-19 ആരോഗ്യമേഖലയിലെ മരുന്ന് വാങ്ങൽ പദ്ധതികൾ - നൽകിയ മുഴുവൻ തുകക്കുമുള്ള മരുന്നുകൾ ലഭിച്ചില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു

എ) മെഡിക്കൽ ഓഫീസർ (ആയൂർവേദം)

1. ആയൂർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം. 93/17) പദ്ധതിയിൽ മരുന്നുകൾക്കായി 6,00,000/- (ബിൽ നം.7/16-17 തീയതി 13.02.17) രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 5,39,415/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. ബാക്കി തുകക്കുള്ള മരുന്ന് ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾക്കായി നൽകിയ ഓഡിറ്റ് അന്വേഷത്തിന് (നം.2/08.08.17) മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. നൽകിയ മുഴുവൻ തുകക്കുമുള്ള മരുന്നുകൾ ലഭിക്കാത്തതിനാൽ ചെലവഴിച്ച ബാക്കി തുക60585/- (6,00,000-5,39,415) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
2. എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി (പ്രോജക്ട് നം.94/17) 1,25,000/-(ബിൽ നം.4/16-17 തീയതി 13.02.17) രൂപ പിൻവലിച്ച് ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഇതുവരെയും മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്ന് ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾക്കായി നൽകിയ ഓഡിറ്റ് അന്വേഷത്തിന് (നം.2/08.08.17) മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. മരുന്നുകൾ ലഭിക്കാത്തതിനാൽ ചെലവഴിച്ച 1,25,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി) സൂപ്രണ്ട്, ജില്ലാ ആശുപത്രി

പാലിയേറ്റിവ് കെയർ (പ്രോജക്ട് നം.174/17) പദ്ധതിയിൽ മരുന്നുകൾക്കായി (ബിൽ നം.5/16-17തീയതി 30.03.17) 40,000/-രൂപ പിൻവലിച്ച് കെ.എം.എസ്.സി.എൽ - ന് നൽകിയിട്ടുണ്ട്. ഇതുവരെ 33057/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. നൽകിയ മുഴുവൻ തുകക്കുമുള്ള മരുന്നുകൾ ലഭിക്കാത്തതിനാൽ

ചെലവഴിച്ച ബാക്കി തുക 6943/- (40,000-33,057) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-20 പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി-യഥാസമയം യോഗം ചേരുന്നില്ല:-

ജി.ഒ(ആർ.റ്റി) 3217/15 ത.സ്വ.ഭ.വ തീയതി 29.10.15 മാർഗ്ഗരേഖ (ഖ.2.3.2)യിലെ നിർദ്ദേശ പ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി രണ്ട് മാസത്തിലൊരിയ്ക്കലോ ഇടവേളകളിൽ ആവശ്യാനുസരണത്തിനോ പി.എം.സി.യോഗം ചേരേണ്ടതാണ്. 2016-17 വർഷം പി.എം.സി യോഗം ഒരു തവണ (14.12.2016) മാത്രമാണ് ചേർന്നിട്ടുള്ളത്. ഇതിൽനിന്നും നഗരസഭയിലെ സാന്ത്വന പരിപാലന പദ്ധതിയിലെ പ്രവർത്തനങ്ങൾ ഒട്ടും തന്നെ വിശകലനം ചെയ്യപ്പെടുന്നില്ല എന്നതാണ് വ്യക്തമാകുന്നത്. കമ്മിറ്റി കൃത്യമായി യോഗം ചേർന്ന് നടപ്പാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ മാത്രമേ പോരായ്മകൾ പരിഹരിയ്ക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സാധിയ്ക്കുകയുള്ളൂ. കൂടാതെ പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കും മെമ്പർ സെക്രട്ടറി ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്.

നഗരസഭാ ചെയർപേഴ്സൺ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ കൂടി ഉൾപ്പെടുന്ന കമ്മിറ്റി യഥാസമയം ചേരുന്നതിന്, ഭരണസമിതി തന്നെ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ആയതിനാൽ, തുടർന്നുള്ള വർഷങ്ങളിൽ ജി.ഒ(ആർ.റ്റി) 3217/15 ത.സ്വ.ഭ.വ. 29.10.15 ലെ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി രണ്ട് മാസത്തിലൊരിയ്ക്കലോ ഇടവേളകളിൽ ആവശ്യാനുസരണത്തിനോ പി.എം.സി.യോഗം ചേരാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും കാര്യക്ഷമമായും മുന്നോട്ട് കൊണ്ടുപോകുന്നതിനായി മാർഗ്ഗരേഖയിൽ (ഖ.2.4.1) നിർദ്ദേശിച്ചിട്ടുള്ള പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റിയും ഇതുവരെയും രൂപീകരിച്ചിട്ടില്ല. പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിച്ച് യഥാസമയങ്ങളിൽ (എല്ലാ മാസവും 5-ാം തീയതിക്ക് മുൻപ്) യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-21 ഉപയോഗിക്കാത്ത വാഹനം ലേലം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചില്ല

നഗരസഭയിൽ ഉപയോഗിച്ചിരുന്ന KL-01-AJ-5706 ലോറി നിലവിൽ ഉപയോഗയോഗ്യമല്ല. ഫയൽ (നം. H1-13632/05) പരിശോധിച്ചതിൽ ഈ വാഹനം ആരോഗ്യവകുപ്പിൽ നിന്നും നഗരസഭക്ക് ശുചീകരണത്തിനായി വിട്ടു നൽകിയിട്ടുള്ളതാണ്. ഇടവഴികളിലെ മാലിന്യം നീക്കം ചെയ്യാൻ വാഹനം ഉപയോഗിക്കാൻ കഴിയാത്തതിനാൽ ദൈനംദിന ജോലികൾക്ക് പ്രയോജനപ്പെടുന്നില്ല എന്ന് ഹെൽത്ത് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിരന്തരം അറ്റകുറ്റപ്പണികൾ ആവശ്യമായതിനാൽ 2001 മോഡൽ വാഹനം കണ്ടം ചെയ്യുന്നതിനുള്ള അനുമതിക്കായി വാഹനത്തിന്റെ ഉടമസ്ഥനായ സ്റ്റേറ്റ് ഹെൽത്ത് ട്രാൻസ്പോർട്ട് ഓഫീസർക്ക് 02.02.16 ൽ കത്ത് നൽകി.

ആരോഗ്യ വകുപ്പിൽ നിന്നുള്ള നിർദ്ദേശ പ്രകാരം ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസിലെ ഫോർമാൻ 28.05.16ൽ വാഹനം പരിശോധിച്ചു. വാഹനത്തിന്റെ ലോഗ് ബുക്കിൽ 30.07.2009 - ന് ശേഷം രേഖപ്പെടുത്തലുകൾ ഇല്ല. ഇൻഷ്വറൻസ്, ഫിറ്റ്നെസ് എന്നിവ പുതുക്കിയതിന്റെ രേഖകളും അറ്റകുറ്റപ്പണികൾ ചെയ്തതിന്റെ വിവരവും ലഭ്യമല്ല. ഇൻഷ്വറൻസ് പുതുക്കാത്തതിനാൽ വാഹന ത്തിന് അപകടം സംഭവിച്ചിട്ടുണ്ടോ എന്നും കേസ് നിലനിൽക്കുന്നുണ്ടോ എന്നതിലും വ്യക്തത ഇല്ല. പതിനഞ്ച് വർഷം പഴക്കമുള്ള വാഹനം തുരുമ്പെടുത്ത അവസ്ഥയിലാണ് തുടങ്ങിയ വിവരങ്ങളാണ് ഫോർമാൻ റിപ്പോർട്ട് ചെയ്തത്. ഇവ സംബന്ധിച്ച വിശദ റിപ്പോർട്ടുമായി ജില്ലയിലെ ഫോർമാൻ മെക്കാനിക്കുമായി ബന്ധപ്പെടുന്നതിനാണ് സ്റ്റേറ്റ് ഹെൽത്ത് ട്രാൻസ്പോർട്ട് ഓഫീസർ നഗരസഭയോട് നിർദ്ദേശിച്ചത് (എച്ച് റ്റി 4-15776/16/ആരോഗ്യ വകുപ്പ് ഡയറക്ടർ തീയതി 02.07.16). എന്നാൽ ഇതുമായി ബന്ധപ്പെട്ട് നഗരസഭ തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

വാഹനം തുരുമ്പെടുത്ത് പൂർണ്ണമായും നശിക്കുമെന്നതിനാൽ എത്രയും വേഗം തുടർ നടപടികൾ സ്വീകരിച്ച് വാഹനം ലേലം ചെയ്യണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-22 പരിക്കേറ്റ വിദ്യാർത്ഥിക്ക് നഷ്ടപരിഹാരം -കോടതി വിധിക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

സൂചന:- H1-4362/15 നം.ഫയൽ.

സമീപ പുരയിടത്തിലെ തെങ്ങിൽ നിന്നും തേങ്ങ സ്കൂൾ മേൽക്കൂരയിലേക്ക് വീണ് ഓട് തകർന്ന് മറ്റം സെന്റ് ജോൺസ് എച്ച്.എസ്.എസ് - ലെ വിദ്യാർത്ഥിയുടെ തലയ്ക്ക് പരിക്കേറ്റു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവ് പ്രകാരം (സി.ആർ.എം.പി നം.1624/04/LA1/2016/ KeSCPCR തീയതി, 15.07.16) ഈ വിദ്യാർത്ഥിക്ക് തനതുഫണ്ടിൽ നിന്നും 30,000/-രൂപ (വൗച്ചർ നം.32/08-16 തീയതി 31.08.16, ചെക്ക് നം.011772/31.08.16) നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. സ്ഥലം ഉടമക്കെതിരെയുള്ള മാവേലിക്കര പോലീസ് സ്റ്റേഷൻ ക്രൈം 332/16-ാം നമ്പർ കേസിലെ കോടതി വിധിക്കനുസൃതമായി ഈ തുക സർക്കാരിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിയമ നടപടികളിലൂടെ എതിർകക്ഷിയിൽ നിന്നും തിരികെ ഈടാക്കാവുന്നതാണെന്നും ബഹുമാനപ്പെട്ട കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. കോടതി വിധിക്കനുസൃതമായി തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം.28/14.08.17 നുള്ള മറുപടിയിൽ അറിയിച്ചു. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-23 നാഷണൽ പെൻഷൻ സ്കീം -ജീവനക്കാരുടെ നഗരസഭാവിഹിതം പൂർണ്ണമായും അടച്ചിട്ടില്ല

നാഷണൽ പെൻഷൻ സ്കീമിൽ അംഗമായ ജീവനക്കാരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്. | ജോലിയിൽ പ്രവേശിച്ച തീയതി. |
|---|---|---|
| 1. | ശ്രീ. എച്ച്. നവാസ്. | 26.05.2014 |
| 2. | ശ്രീ. പി. എം. റഷീദ്കുഞ്ഞ്. | 18.02.2014. |
| 3. | ശ്രീ. പി. ജി. മുരളീധരൻ. | 07.11.2014. |
| 4. | ശ്രീമതി. എസ്സ്. ജിസ്സി. | 15.01.2014. |
| 5. | ശ്രീമതി. വി. ലാലി. | 12.02.2014. |
| 6. | ശ്രീമതി. വി. ലക്ഷ്മി | 22.09.2014 |
| 7. | ശ്രീമതി. എസ്സ്. ജ്യോതി. | 12.09.2014 |

ഈ ജീവനക്കാർക്ക് എല്ലാവർക്കും PRAN നമ്പർ ലഭിച്ചത് സെപ്തംബർ 2016 ലാണ്. 2016 ഒക്ടോബർ മാസം മുതൽ പെൻഷൻ സ്കീമിലേക്കുള്ള നഗരസഭാവിഹിതം ഒടുക്കുന്നുണ്ട്. എന്നാൽ ഇവരുടെ ആരുടെയും സെപ്തംബർ 2016 വരെയുള്ള നഗരസഭാ വിഹിതം പെൻഷൻ സ്കീമിലേക്ക് അടച്ചിട്ടില്ല. ഇവരുടെ കുടിശ്ശികയുള്ള നഗരസഭാ വിഹിതം അടക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-24 പെൻഷൻ വിഹിതം കൃത്യമായി അടച്ചിട്ടും അലോട്ട്മെന്റ് ലഭിക്കുന്നില്ല, പെൻഷൻ ഫണ്ടിനായി പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ല

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് -കം -റിട്ടയർമെന്റ് ബെനിഫിറ്റ്)ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം രൂപീകൃതമായ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് നഗരസഭയിലെ ജീവനക്കാരുടെ മൊത്ത ശമ്പളത്തിന്റെ 15% വീതം പ്രതിമാസം ഒടുക്കു വരുത്തുന്നു. എന്നാൽ ഈ ചട്ടത്തിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യം നല്കുന്നതിനു വേണ്ടി സെക്രട്ടറി ട്രഷറിയിലോ, ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നുള്ള തുക ഈ അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതും ഇത് പെൻഷൻ വിതരണത്തിനല്ലാതെ മറ്റൊരു ആവശ്യത്തിനും ഉപയോഗിക്കുവാൻ പാടില്ലാത്തതുമാണ്. എന്നാൽ മാവേലിക്കര നഗരസഭ ഇപ്രകാരമുള്ള ഫണ്ട് രൂപീകരിച്ച് പെൻഷൻ വിതരണം അത് മുഖേനയാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. നഗരസഭയുടെ തനതു ഫണ്ട് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കിന്റെ മാവേലിക്കര

ശാഖയിലെ അക്കൗണ്ടിലാണ് ഈ തുകയും നിക്ഷേപിക്കുന്നത്.

നഗരസഭയിൽ നിന്നും ഒടുക്കുന്ന പെൻഷൻ കോൺട്രിബ്യൂഷന് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും അറിയിപ്പോ, കൈപ്പറ്റ രസീതോ ലഭിക്കുന്നില്ല. ജീവനക്കാർക്ക് ക്രെഡിറ്റ് കാർഡ് ഇല്ലാത്തതിനാൽ അടക്കുന്ന തുക ഇവരുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നു എന്നത് ഉറപ്പാക്കാനും കഴിയുന്നില്ല. കൃത്യമായി പെൻഷൻ വിഹിതം അടക്കുമ്പോഴും ഈ ഇനത്തിൽ കുടിശ്ശികയായി ഒടുക്കുവാനുള്ള തുകയുടെ വിവരം അന്വേഷിച്ച് നഗരകാര്യഡയറക്ടറേറ്റിൽ നിന്നുള്ള കത്തുകൾ തന്നെ ഇത് സംബന്ധിച്ച യാതൊരു കണക്കും പ്രസ്തുത കാര്യാലയത്തിൽ ഇല്ല എന്നതിന് തെളിവാണ്. ക്രെഡിറ്റ് കാർഡ് സംവിധാനം നിലവിലായാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാവുകയുള്ളൂ.

പെൻഷൻഫണ്ട് ഫയൽ (നം.എ3-2128/96) പ്രകാരം ഏറ്റവും ഒടുവിൽ നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ലഭിച്ചത് 2014-15 (50,00,000/-) വർഷമാണ്. 2007-08 മുതൽ 2014-15 വരെയായി 1,73,11,720/- രൂപയുടെ അലോട്ട്മെന്റ് ആണ് ലഭിച്ചത്. 21.06.2017-ലെ കണക്കനുസരിച്ച് 4,19,13,650/- രൂപയാണ് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുവാൻ ബാക്കിയുള്ളത്. തുക ലഭിക്കാത്തതിനാൽ തനതു ഫണ്ട് വിനിയോഗിച്ചാണ് നഗരസഭയിലെ പെൻഷണർമാർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നത്. 2017, ജൂൺ മാസം വരെയുള്ള കണക്കനുസരിച്ച് 5,92,25,370/-രൂപയാണ് (2007-08 മുതൽ) തനതുഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനായി ചെലവഴിച്ചിട്ടുള്ളത്. 31.03.17 ലെ കണക്ക് പ്രകാരം ഇവിടെ നിന്നും വിരമിച്ച 35 പേരും മറ്റു നഗരസഭകളിൽ നിന്നും മാവേലിക്കര നഗരസഭയിലേക്ക് ഓപ്ഷൻ നല്കിയ 12 പേരും ഉൾപ്പടെ 47 റഗുലർ വിഭാഗം ജീവനക്കാർ ഇവിടെ നിന്നും പെൻഷൻ കൈപ്പറ്റുന്നു. കൂടാതെ നഗരസഭയിൽ നിന്നും വിരമിച്ച 41കണ്ടിജന്റ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള തുകയും നഗരസഭയ്ക്ക് സ്വന്തം നിലയിൽ കണ്ടെത്തേണ്ടതുണ്ട്.

സാമ്പത്തിക പരാധീനതകൾ ഏറെയുള്ളപ്പോഴും ജീവനക്കാരുടെ പെൻഷൻ വിഹിതം കൃത്യമായിത്തന്നെ സെൻട്രൽ ഫണ്ടിലേക്ക് അടക്കുന്നുണ്ട്. എന്നാൽ 18.11.14 - ന ശേഷം ഈ ഇനത്തിൽ അർഹമായ യാതൊരു തുകയും ലഭിക്കാത്തതിനാൽ തനതുഫണ്ടിൽ നിന്നുണ്ടാകുന്ന ചെലവ് നഗരസഭക്ക് വലിയ ബാധ്യതയാകുന്നു എന്നത് ഗൗരവമേറിയ വിഷയമാണ്.

പെൻഷൻ അലോട്ട്മെന്റ് യഥാസമയം ലഭിക്കുന്നതിനുള്ള സത്വര ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകാനാവശ്യമായ നടപടികൾ കൗൺസിൽ സ്വീകരിക്കണം. എന്നാൽ മാത്രമേ തനതുഫണ്ടിൽ നിന്നുള്ള അധിക ബാധ്യത ഒഴിവാക്കുന്നതിനും പെൻഷൻ വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുകയുള്ളൂ. പെൻഷൻ ഫണ്ടിനായി പ്രത്യേക അക്കൗണ്ട് ആരംഭിക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-25 വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമല്ല

നഗരസഭയിൽ നിലവിൽ ഉപയോഗത്തിലുള്ള വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. KL-31A 8804 ടിപ്പർ.
2. KL-4Q-452 ട്രാക്ടർ.
3. KL-31D 3435 കാർ.
4. KL-31F 3013 ബൊലേറോ ജീപ്പ്.

ക്രമ നമ്പർ 1,2 വാഹനങ്ങൾ നഗരസഭയിലെ ശുചീകരണത്തിനായി ഉപയോഗിക്കുന്നവയാണ്. ഔദ്യോഗിക ആവശ്യത്തിനുപയോഗിക്കുന്ന (ക്രമ നമ്പർ 3,4) വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ഓരോ യാത്രയും ലോഗ്ബുക്കിൽ രേഖപ്പെടുത്തുകയും യാത്ര ചെയ്ത ആളുകൾ അത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ ശുചീകരണത്തിന് ഉപയോഗിക്കുന്നതുൾപ്പെടെയുള്ള വാഹനങ്ങളുടെ ലോഗ്ബുക്ക് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ പരിശോധിച്ച് ഉപയോഗം ക്രമപ്രകാരമാണെന്ന് ബോധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തുന്നില്ല. കാർ, ജീപ്പ് എന്നിവയുടെ ഇന്ധന രജിസ്റ്ററിൽ പ്രതിമാസ ഇന്ധന ഉപഭോഗത്തിന്റെ വിവരം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ഒരു വാഹനത്തിന്റെയും ലോഗ്ബുക്കിൽ വാഹനം ആകെ സഞ്ചരിച്ച ദൂരം, ഉപയോഗിച്ച ഇന്ധനം എന്നിവയുടെ പ്രതിമാസ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നില്ല.

2000 - ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ, ചട്ടം 8പ്രകാരം ആറുമാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ഇന്ധന ഉപയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതാണ്. ഔദ്യോഗിക ആവശ്യത്തിനുപയോഗിക്കുന്ന രണ്ടു വാഹനങ്ങളുടെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് അവസാനം ചെയ്തിട്ടുള്ളത് 30.04.2015-ലാണ്. ശുചീകരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധന ഉപഭോഗ ടെസ്റ്റ് നടത്തുന്നുമില്ല. KL-31A 8804 ടിപ്പർ ലോറിയുടെ ഫിറ്റ്നെസ് ടെസ്റ്റ് വാർഷികമായി നടത്തുന്നുണ്ട്. KL-4Q-452 ട്രാക്ടറിന് വാഹനം വാങ്ങിയതിന് ശേഷം (22.06.2004) ഫിറ്റ്നെസ് ടെസ്റ്റ് നടത്തിയിട്ടില്ല. ഫിറ്റ്നെസ് ടെസ്റ്റിനായി വാഹനത്തിന്റെ വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള നടപടി ക്രമങ്ങൾ ജൂലായ് 2017 - ൽ ആരംഭിച്ചിട്ടേയുള്ളൂ.

ചട്ടം 9ൽ നിഷ്കർഷിക്കും വിധം ഇന്ധന ഉപയോഗത്തിന്റെ കൃത്യതയും പരിശോധിക്കപ്പെടുന്നില്ല. വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ വിവരം രേഖപ്പെടുത്തുന്നതിനായി നിശ്ചിത മാതൃകയിലുള്ള റിപ്പയർ [ചട്ടം 4(1)(ഡി)-അനുബന്ധം(iii)] രജിസ്റ്റർ, സ്പെയർ പാർട്ട്, ഉപകരണങ്ങൾ മുതലായവയുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ശുചീകരണ വാഹനങ്ങൾക്ക് നിശ്ചിത മാതൃകയിലുള്ള ഇന്ധന, ഓയിൽ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

ഇന്ധന ഉപയോഗത്തിൽ കാര്യമായ വ്യതിയാനം വരുന്നുണ്ടോ എന്നത് അറിയുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും യഥാസമയം ഇന്ധന ഉപഭോഗം ടെസ്റ്റ് ചെയ്യുകയും ഇന്ധന ഉപയോഗത്തിന്റെ കൃത്യത പരിശോധിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. വാഹന പരിപാലനത്തിലും രജിസ്റ്ററുകളുടെ സൂക്ഷിപ്പിലും 2000 - ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-26 ആശ്രയ ഗുണഭോക്താക്കൾ അവഗണനയിൽ

സമൂഹികമായും സാമ്പത്തികമായും അവശത അനുഭവിക്കുന്ന വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്നുള്ള സർക്കാരിന്റെ ലക്ഷ്യം നിറവേറ്റുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ആശ്രയ പദ്ധതി.

ആശ്രയ ഒന്നാം ഘട്ടം

നിലവിൽ ഒന്നാം ഘട്ട ആശ്രയ പദ്ധതിയിൽ 13 പേരും രണ്ടാം ഘട്ട ആശ്രയയിൽ 50 പേരുമാണുള്ളത്. ഒന്നാം ഘട്ട ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട 6 ഗുണഭോക്താക്കളും രണ്ടാം ഘട്ട ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട 23 പേരും ഭൂമി ആവശ്യമുള്ളവരാണ്. രണ്ടാം ഘട്ട ആശ്രയയിൽ ഉൾപ്പെട്ട 27 ഗുണഭോക്താക്കൾ വീടിനും 4 ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണത്തിനും ധന സഹായം ആവശ്യമുള്ളവരാണ്. ആശ്രയ ഒന്നാം ഘട്ട ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മുൻ വർഷങ്ങളിലുൾപ്പടെ നീക്കി വെച്ചിരുന്ന 2837500 /-രൂപയിൽ 1622500 രൂപ മാത്രമാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളത്. അവശേഷിക്കുന്ന 1215000/- രൂപ ഗുണഭോക്താക്കളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അടിയന്തിരമായി വിനിയോഗിക്കേണ്ടതാണ്.

ആശ്രയ രണ്ടാം ഘട്ടം

രണ്ടാം ഘട്ട ആശ്രയ പദ്ധതിയിൽ 50 ഗുണഭോക്താക്കൾ ആനുകൂല്യങ്ങൾക്ക് അർഹരായുണ്ട്. ഇവരിൽ 23 ഗുണഭോക്താക്കൾ ഭൂമി ആവശ്യമുള്ളവരും 27 പേർ വീടിനും 4 പേർ ഭവന പുനരുദ്ധാരണത്തിനും അർഹതയുള്ളവരാണ്. 2016-17 ൽ ആശ്രയ പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 500000/- രൂപയും 2017-18 ൽ നിക്ഷേപിച്ച 400000/- രൂപയും നിക്ഷേപമായി തുടരുന്നു. ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടാതെ ഇപ്രകാരം ആശ്രയ പദ്ധതിക്കായുള്ള വിഹിതം നിക്ഷേപം മാത്രമായി തുടരുന്നത് ശരിയല്ല. അവശത അനുഭവിക്കുന്ന വിഭാഗങ്ങളോടുള്ള അവഗണനയാണ് ഇത് സൂചിപ്പിക്കുന്നത്. പദ്ധതി കൂടുതൽ സജീവമാക്കുന്നതിനുള്ള നടപടികൾ നഗരസഭാ അധികൃതരുടെ ഭാഗത്ത് നിന്നുണ്ടാകേണ്ടതാണ്.

## 3-27 എ ബി സി പ്രോഗ്രാം- തുക വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല

തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണം നടപ്പാക്കുന്നതിനായി 200000/- രൂപ (പ്രോജക്ട് നം.S0238/17) നഗരസഭാ

വിഹിതമായി ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറി 2015-16-ൽ ആവശ്യപ്പെട്ടിരുന്നു. ഇതിൻ പ്രകാരം 398000/- രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയിരുന്നു. അവശേഷിച്ച 102000/-രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറുന്നതിനായി പിൻവലിച്ചിരുന്നു. എന്നാൽ തുക ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൈപ്പറ്റിയിട്ടുള്ളതിന്റെ രേഖകൾ (ഔദ്യോഗിക രസീത്), തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാരാക്കിയിരുന്നില്ല. ഇക്കാരണത്താൽ 102000/- രൂപ (ബിൽ നം. 88/23.2.17) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-28 തെരുവ് വിളക്ക് പരിപാലനം - കെ.എസ്.ഇ.ബിയുടെ കണക്കിൽ ഉൾപ്പെടാത്ത പോസ്റ്റുകളുടെ അറ്റകുററപ്പണിക്ക് തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് : തെരുവ് വിളക്ക് മെയിന്റനൻസ് മുൻ വർഷത്തെ തുക നൽകൽ

പ്രോജക്ട് നമ്പർ : S0175/17

നഗരസഭയിലെ ട്യൂബ് ലൈറ്റുകളുടെയും സോഡിയം വേപ്പർ ലാംപുകളുടെയും മെയിന്റനൻസ് നടത്തുന്നതിനായി കരാറുകാരെ നെഗോസിയേഷൻ മുഖേന തെരഞ്ഞെടുത്തിരുന്നു. മാവേലിക്കര സെക്ഷനിൽ ട്യൂബ് ലൈറ്റ് മെയിന്റനൻസ് നടത്തുന്നതിന് ശ്രീ.ചന്ദ്രനെ തെരഞ്ഞെടുത്തിരുന്നു. കൂടാതെ തട്ടാരമ്പലം സെക്ഷനിലെ ട്യൂബ് ലൈറ്റ് മെയിന്റനൻസിനും നഗരസഭയിലെ മുഴുവൻ സോഡിയം വേപ്പർ ലാംപുകളുടെ മെയിന്റനൻസിനുമായി ശ്രീ.ഗോപാലകൃഷ്ണനെയും തെരഞ്ഞെടുത്തിരുന്നു. കരാറുകാരനായ ശ്രീ.ഗോപാലകൃഷ്ണൻ 205 സോഡിയം വേപ്പർ ലാമ്പുകൾ റിപ്പയർ ചെയ്തതിന്റെ കണക്കുകൾ ഹാജരാക്കിയിരുന്നു. സോഡിയം വേപ്പർ ലാംപുകളുടെ റിപ്പയറിംഗിന് 750/-രൂപയാണ് കരാറുകാരൻ ആവശ്യപ്പെട്ടിരുന്ന നിരക്ക്. ഈ നിരക്ക് പ്രകാരം 153750/-രൂപ (ബിൽ നം. 4/30. 9.16) (റിട്ടൻഷൻ തുക -15375/- രൂപ, ഐ.റ്റി -3075/- രൂപ, എന്നിവ കഴിച്ച് 135300/- രൂപ) പിൻവലിച്ച് ചെലവഴിച്ചിരുന്നു.

കെ.എസ്.ഇ.ബിയുടെ കണക്കുകൾ പ്രകാരം നഗരസഭയിൽ ആകെ 78 സോഡിയം വേപ്പർ ലാമ്പുകൾ മാത്രമാണുള്ളത്. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച രജിസ്റ്റർ, തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തിയത് സംബന്ധിച്ച് കെ.എസ്.ഇ.ബി - യിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (നം. 40/16.08.2017)ത്തിന് ഹാജരാക്കിയ മറുപടിയിൽ കെ.എസ്.ഇ.ബി യഥാസമയം പരിശോധന നടത്താതിരുന്നതിനാൽ പോസ്റ്റുകളുടെ എണ്ണം സംബന്ധിച്ചുള്ള കണക്കുകൾ കെ.എസ്.ഇ.ബിയുടെ പക്കലില്ലാ എന്നും പോസ്റ്റുകളുടെ യഥാർത്ഥ എണ്ണത്തിനനുസരിച്ചുള്ള തുകയാണ് ചെലവഴിച്ചത് എന്നും പറഞ്ഞിരിക്കുന്നു. എന്നാൽ ഈ മറുപടി തൃപ്തികരമല്ല. 78 സോഡിയം വേപ്പർ ലാമ്പുകളുടെ അറ്റകുറ്റപ്പണിക്കായി ഉണ്ടാകുമായിരുന്ന ചെലവ് 58500/- രൂപ (78x750) മാത്രമാണ്. അതിനാൽ കെ.എസ്.ഇ.ബി - യുടെ കണക്കിൽ ഇല്ലാത്ത 127 സോഡിയം വേപ്പർ ലാമ്പുകളുടെ മെയിന്റനൻസിനായി അനുവദിച്ച 95250/-രൂപ നൽകിയത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നഗരസഭാ പരിധിയിൽ ആകെയുള്ള സോഡിയം വേപ്പർ ലാമ്പിന്റെ യഥാർത്ഥ എണ്ണം തിട്ടപ്പെടുത്തി, രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-29 ഐ.കെ.എം നൽകിയ സ്പെസിഫിക്കേഷന് വിരുദ്ധമായി ലാപ് ടോപ്പ് വാങ്ങി

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : S0264/17

പ്രോജക്ട് : നഗരസഭാ ഓഫീസിലേക്ക് ലാപ് ടോപ്പ് വാങ്ങൽ

ചെലവഴിച്ച തുക : 40875/-

നഗരസഭാ ഓഫീസിലേക്ക് ലാപ് ടോപ്പ് വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ക്വട്ടേഷൻ ഹാജരാക്കിയ രണ്ട് സ്ഥാപനങ്ങളും ഏസസ് എന്ന കമ്പനിയുടെ സ്പെസിഫിക്കേഷനുകളാണ് ഹാജരാക്കിയിരുന്നത്. ഇവയിൽ കുറഞ്ഞ ക്വട്ടേഷൻ ഹാജരാക്കിയ സ്മാർട്ട് ടെക്നോളജീസ്, കൊച്ചി എന്ന സ്ഥാപനത്തിൽ നിന്ന് ഏസർ ലാപ്

ടോപ്പാണ് വങ്ങിയിട്ടുള്ളത്. ക്വട്ടേഷൻ പ്രകാരം ഇന്റൽ കോർ i5 സ്പെസിഫിക്കേഷനിലുള്ള ലാപ് ടോപ്പുകളാണ് ആവശ്യപ്പെട്ടിരുന്നത്. ഇത് ഐ.കെ.എം അനുവദിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ളതാണ്. എന്നാൽ i3 സ്പെസിഫിക്കേഷനിലുള്ള ലാപ് ടോപ്പാണ് വാങ്ങിയിരുന്നത്. ക്വട്ടേഷന് വിരുദ്ധമായി വാങ്ങൽ നടത്തിയത് സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ഓപ്പൺ മാർക്കറ്റിൽ ഇതേ സ്പെസിഫിക്കേഷനുള്ള ലാപ് ടോപ്പ് ഇതിലും കുറഞ്ഞ നിരക്കിൽ ലഭിക്കുമെന്നിരിക്കെ ഉയർന്ന നിരക്കിലുള്ള ലാപ് ടോപ്പാണ് വാങ്ങിയിട്ടുള്ളത്. ഇത് ക്രമ പ്രകാരമുള്ള നടപടിയല്ല. കമ്പ്യൂട്ടറുകളുടെയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും വാങ്ങലുകൾ നടത്തുമ്പോൾ ഐ.കെ.എം നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചുള്ളത് മാത്രമാണ് വാങ്ങേണ്ടത്. മാത്രമല്ല, ഇപ്രകാരമുള്ള വാങ്ങലുകൾ നടത്തുമ്പോൾ വിലയുടെ യുക്തിഭദ്രത കൂടി കണക്കിലെടുക്കേണ്ടതാണ്.

## 3-30 നഗരസഭാ കമ്പ്യൂട്ടർ വത്കരണം- ഉപകരണങ്ങൾ പ്രവർത്തന ക്ഷമമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ചെലവഴിച്ച തുക : 249989/(ബിൽ നം.278/29.03.17)

നഗരസഭാ കമ്പ്യൂട്ടർവത്കരണം (പ്രോജക്ട് നം.S0010/17) പ്രോജക്ടിൽ ഉൾപ്പെടുത്തി കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി ടെന്റർ ക്ഷണിച്ചതിൽ കുറഞ്ഞ ടെന്റർ സമർപ്പിച്ച സ്മാർട്ട് ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്ന് 6 കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ കമ്പ്യൂട്ടറുകൾ നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാക്കാത്തത് സംബന്ധിച്ച് അന്വേഷിച്ചതിൽ നഗരസഭാ ഓഫീസ് ക്യൂബിക്കിൾ ആക്കിയതിനാൽ നിലവിലുള്ള നെറ്റ് വർക്കിംഗ് സിസ്റ്റം ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ലാ എന്നും അതിനാൽ പുതിയ നെറ്റ് വർക്കിംഗ് സിസ്റ്റം സ്ഥാപിച്ചതിന് ശേഷമേ ടി കമ്പ്യൂട്ടറുകൾ പ്രവർത്തന ക്ഷമമാക്കാൻ സാധിക്കു എന്നും അറിയിച്ചു. നിലവിലുള്ള സംവിധാനത്തിന്റെ പോരായ്മകൾ പരിഹരിക്കാതെ ഉപകരണങ്ങൾ വാങ്ങിക്കൂട്ടിയത് ശരിയായ നടപടിയല്ല. അവ നാളിതുവരെ പ്രവർത്തന ക്ഷമമാക്കിയിട്ടില്ലാത്തതിനാൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെവഴിച്ച 249989/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-31 പത്താം ക്ലാസ് തുല്യതാ പരീക്ഷ-കോച്ചിംഗ് ക്ലാസിനായി തുക ചെലവഴിച്ചത് അനുവദിക്കുന്നില്ല

പ്രോജക്ട് : സാക്ഷരതാ പത്താം തരം തുല്യതാ പരീക്ഷ,

നമ്പർ : S0096/17

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പത്താം തരം തുല്യതാ പരീക്ഷ പ്രോജക്ട് പ്രകാരം പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസിനത്തിൽ 31500/- രൂപയും അവർക്ക് സ്പെഷ്യൽ കോച്ചിംഗ് ക്ലാസ് നൽകുന്നതിന് 15000/- രൂപയും വകയിരുത്തിയിരുന്നു. ടി പ്രോജക്ട് നടപ്പാക്കിയതിൽ പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 14000/- രൂപയും കോച്ചിംഗ് നൽകിയ ഇനത്തിൽ 15000/- രൂപയും ചെലവഴിച്ചിരുന്നു. 12-ാം പദ്ധതി മാർഗ്ഗ രേഖകൾ പ്രകാരം സാക്ഷരതാ പ്രോജക്ടിൽ ഉൾപ്പെടുത്തി പഠിതാക്കളുടെ ഫീസിനായി മാത്രമേ തുക ചെലവഴിക്കാൻ അനുവാദമുള്ളൂ. ഇതിന് വിരുദ്ധമായി അവർക്ക് കോച്ചിംഗ് നൽകിയ തിനും തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/11.08.17)മുൻ വർഷങ്ങളിലും ഇപ്രകാരം തുക ചെലവഴിച്ചതായും അതിനാലാണ് ഈ വർഷം കോച്ചിംഗിനായി തുക ചെലവഴിച്ചത് എന്നും പറഞ്ഞിരിക്കുന്നു. എന്നാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. ക്രമവിരുദ്ധമായി ചെലവഴിച്ച 15000/- രൂപ (ബിൽ നം. 110/29.3.17) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-32 വെള്ളക്കര കുടിശ്ശിക നാൾക്കുനാൾ വർദ്ധിക്കുന്നു- നഗരസഭയ്ക്ക് വൻബാദ്ധ്യത

നഗരസഭയിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം യഥാസമയം വാട്ടർ അതോറിറ്റിയിൽ അടക്കാതിരിക്കുന്നതിനാൽ നഗരസഭയുടെ ബാദ്ധ്യത വൻതോതിൽ വർദ്ധിച്ചു വരുന്നു. നിലവിൽ 31.8.17ൽ 29239948/-രൂപയാണ് വെള്ളക്കരമിനത്തിൽ നഗരസഭ അടക്കേണ്ടത്.

നഗരസഭയിലെ പൊതുടാപ്പുകളുടെ വെള്ളക്കരം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 30.4.2016 വരെ 25660963/- രൂപ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുള്ളതായി കാണുന്നു. 430 ടാപ്പുകളുടെ വെള്ളക്കരമാണിത്. പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ചുള്ള കണക്കുകൾ കൃത്യമാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിരുന്നെങ്കിലും സംയുക്ത പരിശോധന നടത്തിയിട്ടില്ല. ടാപ്പുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്ററും നഗരസഭ സൂക്ഷിച്ചിട്ടില്ല. അതിനാൽ ടാപ്പുകളുടെ യഥാർത്ഥ എണ്ണത്തിന് ആനുപാതികമായുള്ള വെള്ളക്കരമാണോ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുള്ളത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഫയൽ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ നിന്ന് സോഴ്സ് ഡിഡക്ഷൻ വഴി വെള്ളക്കരം അടയ്ക്കുന്നതിനായി തുക കുറവ് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | ജനറൽ പർപ്പസ് ഗ്രാന്റ് |
|---|---|---|
| 2005-06 | 851750 | |
| 2007-08 | 399600 | |
| 2008-09 | nil | 775753 |
| 2009-10 | 1375200 | 1706498 |
| 2010-11 | 2038338 | 1948815 |
| ആകെ | 4664888 | 4431066 |

ഇപ്രകാരം മുൻ വർഷങ്ങളിലായി ആകെ 9095954/- നഗരസഭാ ഫണ്ടിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ട്. കൂടാതെ തൻവർഷം സ്പിൽ ഓവർ പ്രോജക്ട് പ്രകാരം (പ്രോജക്ട് നം. S0017/17) മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് തുക 1089886/-രൂപ (ബിൽ നം.3/30.7.16) യും തൻവർഷ പ്രോജക്ടായ പ്രോജക്ട് നം. 90/16-17 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് തുക 1767000/- (DD No. 439115/30.9.16) രൂപയും പിൻവലിച്ച് വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. ഇതേ പ്രോജക്ട് പ്രകാരം വികസന ഫണ്ട് 703191/-രൂപയും (ബിൽ നം.98/16.3.17) ധനകാര്യ കമ്മീഷൻ ഗ്രാന്റ് 6103688/- രൂപ (ബിൽ നം.104/29.3.17- 4000000 രൂപ, 97/16.3.17) യും ഉൾപ്പടെ ആകെ 9663765/-രൂപ വെള്ളക്കരം അടയ്ക്കുന്നതിനായി സോഴ്സിൽ നിന്ന് തൻവർഷം സോഴ്സിൽ നിന്ന് കുറവ് ചെയ്തിരുന്നു. എന്നാൽ ഈ തുകയിൽ 1767000/- രൂപ മാത്രമാണ് 10/16 ലെ ബില്ലിൽ കുറവ് ചെയ്തിട്ടുള്ളത്. തുകകൾ ഡിമാന്റിൽ കുറവ് ചെയ്യുന്നതിനുള്ള കത്തിടപാടുകൾ വാട്ടർ അതോറിറ്റിയുമായി നടത്തിയിട്ടുമില്ല.

വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 430 ടാപ്പുകളാണ് നിലവിലുള്ളത്. 7884/- രൂപ നിരക്കിൽ 3390120/- രൂപയാണ് വെള്ളക്കരമിനത്തിൽ നഗരസഭയുടെ ഒരു വർഷത്തെ ബാദ്ധ്യത. വാട്ടർ അതോറിറ്റി ഈ തുകയുടെ 1/12 എന്ന കണക്കിലാണ് ഓരോ മാസത്തെയും വെള്ളക്കരം (282510/-രൂപ) നിശ്ചയിച്ചിട്ടുള്ളത്. ഈ തുക കൃത്യമായി അടയ്ക്കാതിരിക്കുന്നതിനാൽ ഓരോ മാസവും 2% വീതം പലിശ വർദ്ധിക്കുകയും അതോടൊപ്പം നഗരസഭയുടെ ബാദ്ധ്യത വർദ്ധിക്കുകയും ചെയ്യുന്നു. കുടിശ്ശിക തീർപ്പാക്കുന്നതിന് നഗരസഭ കാര്യമായ നടപടികളൊന്നും സ്വീകരിക്കുന്നില്ല. നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ട സർക്കാർ വിഹിതമാണ് ഇപ്രകാരം നഗരസഭാ അധികൃതരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന അനാസ്ഥമൂലം പാഴാകുന്നത്.

പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ചുള്ള പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ വെള്ളക്കരം മാത്രം അടയ്ക്കുന്നതിനുള്ള നടപടികൾ നഗരസഭാ അധികൃതരുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന് ആനുപാതികമല്ലാതെ അധികം തുക അടച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ടി തുക വരുംവർഷങ്ങളിലെ ഡിമാന്റിൽ ക്രമീകരിക്കേണ്ടതാണ്. അതോടൊപ്പം മുൻവർഷങ്ങളിലുൾപ്പെടെ വെള്ളക്കരമിനത്തിൽ നഗരസഭയ്ക്ക് അർഹമായ ഗ്രാന്റുകളുടെ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് വാട്ടർ അതോറിറ്റിക്ക് നൽകിയ തുക കൃത്യമായി കണക്കാക്കി ആയത് വാട്ടർ അതോറിറ്റിയുടെ ഡിമാന്റിൽ കുറവ് ചെയ്ത് നഗരസഭയുടെ ബാദ്ധ്യത കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-33 മരാമത്തുവേലകളുടെ നിർവ്വഹണത്തിൽ ശ്രദ്ധേയമായ അപാകതകൾ

2016-17 വർഷം നഗരസഭയിൽ നടപ്പാക്കിയ റോഡു വർക്കുകളുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന പൊതു അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. തൻവർഷം സ്പിൽഓവറായി നടപ്പാക്കിയ രണ്ട് റോഡ് വർക്കുകൾ ഒഴികെ ശേഷിച്ച റോഡുവർക്കുകളുടെയെല്ലാം എസ്റ്റിമേറ്റ് 5 ലക്ഷത്തിൽ താഴെയാണ്. ഇതുമൂലം പ്രസ്തുത വർക്കുകൾ ഇ-ടെൻഡർ കൂടാതെ ഓപ്പൺ ടെൻഡർ വഴി കരാറുകാരെ നിർവ്വഹണച്ചമതല ഏൽപ്പിക്കുകയാണുണ്ടായത്. ഹാജരാക്കിയ ടെൻഡർ ഫാറം വിൽപ്പന രജിസ്റ്റർ പ്രകാരം മിക്ക വർക്കുകൾക്കും 5 മുതൽ 10 വരെ ആളുകൾ ടെൻഡർ ഫാറം വാങ്ങിയിട്ടുണ്ടെങ്കിലും നടപ്പാക്കിയ എല്ലാ വർക്കുകൾക്കും 2 ടെൻഡറുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ ഒന്ന് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതലും, മറ്റേത് എസ്റ്റിമേറ്റ് നിരക്കിലോ വളരെ നിസ്സാരമായ കുറവ് രേഖപ്പെടുത്തിയതോ ആണ്. 1%ൽ കുറവ് രേഖപ്പെടുത്തിയ ടെൻഡറുകൾ കുറവാണ്. ടെൻഡർ സമർപ്പണത്തിൽ കരാറുകാർ ഒത്തുകളി നടത്തിയെന്ന് സംശയിക്കേണ്ട സാഹചര്യമുണ്ടായിട്ടും പ്രസ്തുത ടെൻഡർ നടപടി റദ്ദ് ചെയ്ത് ഇ-ടെൻഡർ ക്ഷണിക്കാതിരുന്നതും, വർക്കുകൾ പൂർണ്ണമായി ഏറ്റെടുക്കാതെ ഇ-ടെൻഡർ ഒഴിവാക്കുന്നതിനായി അടങ്കൽ 5 ലക്ഷത്തിൽ താഴെ പരിമിതപ്പെടുത്തിയതും ക്രമപ്രകാരമല്ല.
2. MORD Specification വഴി നടപ്പാക്കിയ റോഡ് റീ ടാറിംഗ് വർക്കുകളുടെയെല്ലാം ഒന്നാം ഇനമായി "Modified penetration macadam 75mm thick using Bitumen S-65” എന്ന ഇനം ഉൾപ്പെടുത്തി 334.53/$m^3$ നിരക്കിൽ കരാറുകാർക്ക് തുക അനുവദിച്ച നൽകിയിട്ടുണ്ട്. എന്നാൽ ഇതേ സ്പെസിഫിക്കേഷനിൽ "Modified penetration mecadam 50mm thick” ന്റെ നിരക്കും ഉൾപ്പെടുത്തിയിരിക്കെ (257.73/$m^3$) നഗരസഭയിലെ റീ ടാറിംഗ് വർക്കുകളിലെല്ലാം 75mm ന്റെ നിരക്ക് മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആവശ്യകത യഥാവിധി പരിശോധിക്കാതെയാണെന്ന് വിലയിരുത്തുന്നു.
3. MORD Specificationൽ തൻവർഷം നടത്തിയ റോഡ് ടാറിംഗ് വർക്കുകളിൽ WMM നടത്തുന്നതിനായി ഉപയോഗിച്ച മെറ്റലിന്റെ ഗ്രേഡിംഗ് നടത്തി സീവ് അനാലിസിസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മുകളിൽ പ്രതിപാദിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/16.08.17) DSR സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കിനേക്കാൾ കുറവായ MORD Specification നിരക്കാണ് നൽകിയതെന്നതിനാലും, മാർച്ച് 31ന മുൻപ് പ്രവൃത്തി തീരേണ്ടതിനാലുമാണ് ടെൻഡറുകൾ അംഗീകരിച്ചതെന്ന് എൻജിനീയർ മറുപടി നൽകി. 75mm penetration mecadam എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് ആവശ്യകത ബോദ്ധ്യപ്പെട്ടതിനാലാണെന്നും, നഗരസഭയിലെ വർക്കുകൾക്കെല്ലാം ഒരേ ക്വാറിയിൽ നിന്നുമാണ് മെറ്റീരിയൽ സപ്ലൈ എന്നതിനാൽ ഒരു പ്രാവശ്യം സീവ് അനാലിസിസ് നടത്തിയെന്നും ടിയാൻ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.
എന്നാൽ, ഈ മറുപടി മുകളിൽ പ്രതിപാദിച്ച അപാകതകളെ സാധൂകരിക്കുന്നവയല്ല. ആകയാൽ ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിലേക്ക് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-34 <u>പൈനുള്ളതിൽ റോഡ് ഇന്റർലോക്കിംഗ് രണ്ടാംഘട്ടം - ക്രമപ്രകാരമല്ലാത്ത നിർമ്മാണ പ്രവൃത്തി</u>

പ്രോജക്റ്റ് നം. - 116/17
എസ്റ്റിമേറ്റ് - 152213/-
ചെലവഴിച്ച തുക – 132134/- (ബിൽ നം. 48/27.03.17)

അളവു പുസ്തക നം. - 42/16-17

നഗരസഭയുടെ 12-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഈ റോഡ് 47 മീറ്റർ ഇന്റർലോക്ക് ചെയ്യലും ബാക്കി 78 മീറ്റർ കോൺക്രീറ്റ് ചെയ്യലും ആയിരുന്നു. റോഡ് കോൺക്രീറ്റിംഗ് നടത്തിയിട്ട് വർഷങ്ങളായെന്നതിനാൽ പൊട്ടിപ്പൊളിഞ്ഞിട്ടുണ്ടെന്നും, പായൽ പിടിച്ച് തെന്നുന്ന അവസ്ഥയിലുള്ളതിനാൽ കോൺക്രീറ്റ് മാറ്റി ഇന്റർലോക്ക് ചെയ്യണമെന്നുള്ള നാട്ടുകാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഇന്റർലോക്ക് ചെയ്യുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നുവെന്നുമാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കാണിച്ചിട്ടുള്ളത്. പ്രവൃത്തി ടെൻഡർ ചെയ്ത്

എസ്റ്റിമേറ്റ് നിരക്കിൽ ശ്രീ.കെ.ആനന്ദരാജൻ എന്ന കരാറുകാരനെ ഏൽപ്പിച്ചു. 15.02.2017ൽ എഗ്രിമെന്റ് വച്ച് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ (നം. 49/15.2.17), 7.3.17ൽ നിർമ്മാണം പൂർത്തീകരിക്കുകയും, 132134/- രൂപ മൂല്യനിർണ്ണയം നടത്തി, നികുതികൾ കഴിച്ച് ശേഷിച്ച 124176/-രൂപ ടിയാന് നൽകുകയും ചെയ്തിട്ടുണ്ട്. വർക്കിന്റെ നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

നിലവിൽ കോൺക്രീറ്റ് ചെയ്തിരുന്ന റോഡ് ഭാഗം പായൽ പിടിച്ച് "തെന്നുന്നുവെന്നുള്ള നാട്ടുകാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഇന്റർലോക്ക് ചെയ്യുവെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇപ്രകാരം ലഭിച്ചതായി പറയുന്ന പരാതി ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. രേഖാമൂലം ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയതുമില്ല. നിലവിൽ കോൺക്രീറ്റ് ചെയ്ത ഭാഗം പൊളിഞ്ഞിട്ടുള്ളപക്ഷം റീ കോൺക്രീറ്റ് ചെയ്യുകയാണ് വേണ്ടതെന്നിരിക്കെ റോഡ് തെന്നുന്നുവെന്ന് പരാതിയുണ്ടെന്നപേരിൽ റോഡ് പൂർണ്ണമായും ഇന്റർലോക്ക് ചെയ്ത് അധിക തുക ചെലവഴിച്ച നടപടി ക്രമവിരുദ്ധമാണ്.

അധിക ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 77.2മീറ്റർ നീളത്തിലും 1.99ശരാശരി വീതിയിലും ഇന്റർലോക്ക് ചെയ്യുന്നതിനായി ചെലവഴിച്ച തുക | :- | 132134 |
| 77.2x1.99x0.075 അളവിൽ 1:2:4 അനുപാതത്തിൽ റീകോൺക്രീറ്റ് ചെയ്യുന്നതിന് വേണ്ടിയിരുന്ന തുക (@8531.21/$m^3$) = 11.5$m^3$x8531.21 | :- | 98109/- |
| അധിക ചെലവ് (132134-98109) | :- | 34025/- |

ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/14.8.17) നിലവിൽ ഉണ്ടായിരുന്ന റോഡ് ഭൂരിഭാഗവും പൊട്ടിപ്പൊളിഞ്ഞതായിരുന്നുവെന്നും, കൂടാതെ നല്ല ചരിവുള്ള പ്രതലമായതിനാൽ പായൽ പിടിച്ച് തെന്നിവീഴാൻ സാധ്യതയുള്ളതിനാലും റോഡിന്റെ ബാക്കിഭാഗം ഇന്റർലോക്ക് ചെയ്യെന്നാണ് എൻജിനീയർ മറുപടി ലഭ്യമാക്കിയത്. പൊട്ടിപ്പൊളിഞ്ഞ റോഡ് തെന്നുന്നുവെന്നത് യുക്തിസഹമല്ല. കോൺക്രീറ്റ് ചെയ്യുന്ന റോഡ് ഭാഗം തെന്നാതിരിക്കുവാൻ പിക്ക് ചെയ്ത് ഗ്രിപ്പിംഗ് വർദ്ധിപ്പിക്കുന്നതുൾപ്പെടെ സാങ്കേതിക നടപടികൾ ഉണ്ടെന്നിരിക്കെ ഇതിന്റെ പേരിൽ ഇന്റർലോക്കിംഗിനായി ക്രമപ്രകാരമല്ലാതെ നടത്തിയ അധികച്ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ അധിക ചെലവിന് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-35 കുരുവിക്കാട് കോളനി റോഡ് റീ ടാറിംഗ് & ഇന്റർലോക്കിംഗ് - ക്രമപ്രകാരമല്ലാത്ത ഇനത്തിനായി അധികച്ചെലവ്

പ്രോജക്റ്റ് നം. - 178/17

എസ്റ്റിമേറ്റ് - 276505/-

ചെലവഴിച്ച തുക – 267824/- (ബിൽ നം. 9/31.3.17)

അളവുപുസ്തക നം. - 47/16-17

നഗരസഭയുടെ 2-ാം വാർഡിലെ കുരുവിക്കാട് കോളനി റോഡ് 150 മീറ്റർ റീ ടാർ ചെയ്യുന്നതിനും, 65.1 മീറ്റർ ഇന്റർലോക്ക് ചെയ്യുന്നതിനുമായി തയ്യാറാക്കിയ 276505/-രൂപ അടങ്കലുള്ള പ്രോജക്റ്റിന് 2016-17 വർഷം അംഗീകാരം ലഭിച്ചിരുന്നു. വർക്കിന്റെ നിർവ്വഹണത്തിനായി ടെൻഡർ ക്ഷണിച്ചതിൻ പ്രകാരം ലഭിച്ച ശ്രീ.ഗോപിനാഥൻ പിള്ളയുടെ 0.001% കുറഞ്ഞ നിരക്കിലുള്ള ടെൻഡർ 24.01.17ൽ കൂടിയ കൗൺസിൽ അംഗീകരിച്ചതിനെ തുടർന്ന് (നം.25) ടിയാന് 30.01.17ൽ സെലക്ഷൻ നോട്ടീസ് നൽകി. 15.02.17ൽ എഗ്രിമെന്റ് വച്ച (നം.43/15.02.17) ഈ വർക്ക് 28.03.17ൽ പൂർത്തീകരിക്കുകയും 267827/-രൂപ മൂല്യനിർണ്ണയം നടത്തി, നികുതികൾ കിഴിച്ച് കരാറുകാരന് 249594/-രൂപ അനുവദിക്കുകയും ചെയ്തു. വർക്കിന്റെ നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

ഈ വർക്കിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് MORD specification പ്രകാരമായിരുന്നു. ഇതുപ്രകാരം ഇന്റർലോക്ക് ചെയ്യുന്നതിന് 2016-17ൽ അനുവദനീയമായ നിരക്ക് 828.80/$m^2$ ആണ് (specification code 6-7-2). ഡാറ്റാ പ്രകാരം ഇന്റർലോക്കിന്റെ Edge Blockനുള്ള തുക ഉൾപ്പെടെയാണ് മേൽപ്പറഞ്ഞ നിരക്ക് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ വർക്കിൽ ഉൾപ്പെടുത്തി ചെയ്ത റോഡ് ഇന്റർലോക്കിന്റെ Edge Blockനായി 1:2:4 അനുപാതത്തിൽ 10 സെ.മീ. വീതിയിൽ കോൺക്രീറ്റിംഗിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തുകയും (@8531.21/$m^3$) അളവുപുസ്തക പ്രകാരം 1.3$m^3$ കോൺക്രീറ്റിംഗിനായി 11091/-രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. Edge block നാവശ്യമായ തുകയും കൂടി വകയിരുത്തിയാണ് ഇന്റർലോക്കിന്റെ നിരക്ക് നിശ്ചയിച്ചതെന്നിരിക്കെ ഇതിലേക്ക് പ്രത്യേകമായി തുക അനുവദിച്ച നടപടി ക്രമവിരുദ്ധമാണ്. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/14.8.17) ഡാറ്റായിൽ ഉൾപ്പെടുത്തിയിരിക്കുന്ന Edge block കൊണ്ട് side protect ചെയ്യാൻ കഴിയാത്ത സാഹചര്യത്തിലാണ് പ്രത്യേക നിരക്ക് അനുവദിച്ചതെന്നും, ഇന്റർലോക്കിന്റെ അളവ് എടുത്തപ്പോൾ കോൺക്രീറ്റ് ഏരിയ ഒഴിവാക്കിയാണ് എടുത്തിട്ടുള്ളതെന്നും" എൻജിനീയർ മറുപടി നൽകി. എന്നാൽ ശരാശരി 2.5മീറ്ററിൽ താഴെ വീതിയുള്ള റോഡിന്റെ ഇന്റർലോക്കിംഗിന് ഡാറ്റായിൽ ഉൾപ്പെടുത്തിയ Edge block നിരക്ക് പര്യാപ്തമല്ലെന്ന മറുപടി അംഗീകരിക്കത്തക്കതല്ല. കൂടാതെ കോൺക്രീറ്റ് ചെയ്ത ഭാഗം ഉൾപ്പെടുന്ന Edge Block നാണ് ഡാറ്റാ പ്രകാരം തുക വകയിരുത്തിയിരിക്കുന്നതെന്നതിനാൽ അതൊഴിവാക്കിയാണ് ഇന്റർലോക്കിന്റെ അളവെടുത്തതെന്നതും അംഗീകരിക്കുന്നില്ല. ആകയാൽ കരാറുകാരന് അധികമായി അനുവദിച്ച 11091/-രൂപ തിരികെ ഈടാക്കാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## 3-36 എഫ്.സി.ഐ.- കൊമ്പശ്ശേരിൽ റോഡ് മെറ്റലിംഗ് & ടാറിംഗ് - ഫില്ലിംഗിന് അധികച്ചെലവ്

പ്രോജക്ട് നം. - 29/17

എസ്റ്റിമേറ്റ് - 604000/-

കരാറുകാരൻ - പി.ഡാനിയേൽ

എഗ്രിമെന്റ് നം. - 54/11.1.16

അളവുപുസ്തക നം. - 31/15-16

ചെലവഴിച്ച തുക – 521869 (ബിൽ നം. 1/30.09.16)

ഈ വർക്കിനായി CPWD സ്പെസിഫിക്കേഷൻ പ്രകാരം തയ്യാറാക്കിയ 604000/-രൂപ അടങ്കലുള്ള പ്രോജക്ടിന്റെ നിർവ്വഹണം 11.99% കുറഞ്ഞ നിരക്കിൽ പി.ഡാനിയേൽ എന്ന കരാറുകാരനെ ഏൽപ്പിച്ചിരുന്നു. എസ്റ്റിമേറ്റിൽ ഈ വർക്കിന്റെ ഒന്നാം ഇനമായി 106$m^3$ ഫില്ലിംഗും ഉൾപ്പെടുത്തിയിരുന്നു. അളവുപുസ്തക പ്രകാരം കരാറുകാരൻ 108.57$m^3$ ഫില്ലിംഗ് നടത്തിയതായും ആയത് എസ്റ്റിമേറ്റിൽ നിജപ്പെടുത്തി 106$m^3$ ന് 800.15/$m^3$ നിരക്കിൽ 84816/-രൂപ മൂല്യനിർണ്ണയം നടത്തിയതായുമാണ് രേഖ. ഫില്ലിംഗിന് ലെവൽസ് എടുക്കുകയോ, ഇതിലേക്കായുള്ള ഗ്രാവൽ സ്റ്റാക്ക് ചെയ്ത അളവെടുക്കുകയോ ചെയ്തിട്ടില്ല. വർക്ക് നടത്തുന്നതിനുമുൻപുള്ള പ്രീമെഷർമെന്റ് അളവിനാണ് ഇതിലേക്ക് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. ടേപ്പ് മെഷർമെന്റിനെ ആധാരമാക്കിയാണ് പ്രീമെഷർമെന്റ് നടത്തിയതെന്നതിനാൽ ഈ അളവിൽ നിന്നും 10% കുറവു വരുത്തി ശേഷിച്ച അളവിനാണ് കരാറുകാരന് തുക അനുവദിക്കേണ്ടിയിരുന്നത്.

അനുവദിക്കാമായിരുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഫില്ലിംഗ് നടത്തിയ അളവ് | - | 108.57 |
| (-) ടേപ്പ് മെഷർമെന്റ് എന്ന നിലയിലുള്ള കുറവ് (10%) | - | 10.857 |
| തുക അനുവദിക്കേണ്ടിയിരുന്ന അളവ് | - | 97.71 |
| അനുവദിക്കേണ്ടിയിരുന്ന തുക (97.71x800.15) | - | 78183 |
| (-) ടെൻഡർ കുറവ് (11.99%) | - | 9374 |
| | | 68809 |
| അനുവദിച്ച തുക (84816-10169) | - | 74647 |
| അധികം അനുവദിച്ച തുക (74647-68809) | - | 5838 |

ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/14.8.17) 'ഫില്ലിംഗിന് ഡാറ്റായിൽ പറഞ്ഞ പ്രകാരം റോളർ ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്ത ശേഷമാണ് മെഷർമെന്റ് എടുത്ത് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും, ആയതിനാൽ കൺസോളിഡേഷൻ ഇനത്തിൽ 10% കുറവു വരുത്തിയില്ലാ' എന്ന് എൻജിനീയർ മറുപടി നൽകി. എന്നാൽ ലെവൽസ് എടുക്കാത്ത സാഹചര്യത്തിൽ ഫില്ലിംഗ് നടത്തിയതിനുശേഷം അളവെടുത്തുവെന്നത് യുക്തിസഹമല്ല. ആകയാൽ ടി മറുപടി അംഗീകരിക്കുന്നില്ല. പ്രീ മെഷർമെന്റ് അളവിൽ നിന്നും 10% കുറവ് വരുത്താതിരിക്കുകവഴി കരാറുകാരന് അധികം നൽകിയ 5838/-രൂപ ടിയാനിൽ നിന്നും ഈടാക്കാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## 3-37 സ്റ്റാക്ക് ചെയ്ത മെറ്റലിന്റെ അളവിൽ നിന്നും നിയമാനുസൃത കുറവു വരുത്താതെ കരാറുകാർക്ക് തുക അനുവദിച്ചു

2014ലെ DSR, CPWD സ്പെസിഫിക്കേഷനുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന റോഡുവർക്കുകൾക്കായി സ്റ്റാക്ക് ചെയ്ത മെറ്റലിന്റെ അളവിൽ നിന്നും 'വോയിഡ്സ്'' ഇനത്തിൽ നിയമാനുസൃതമായ 7.5% കുറവ് വരുത്താതെ കരാറുകാർക്ക് തുക അനുവദിച്ചിട്ടുണ്ട്.

| വർക്കിന്റെ പേരും പ്രോജക്ട് നമ്പരും | കരാറുകാരന്റെ പേര് | സ്റ്റാക്ക് ചെയ്ത മെറ്റലിന്റെ ഇനം, അളവ് | തുക നൽകിയ അളവ് | തുക നൽകേണ്ടിയിരുന്ന അളവ് | അധികം നൽകിയ തുകയും നിരക്കും | അളവ് പുസ്തക നമ്പർ | ബിൽ നം/ തീയതി |
|---|---|---|---|---|---|---|---|
| കൈപ്പള്ളിൽ - മാലിയിൽ റോഡ് മെറ്റലിംഗ് & ടാറിംഗ് (46/16) | എസ്.രമേശ് | 63mm-45mm $19.05m^3$ | $18.10m^3$ | $17.62m^3$ | 992 (@2067.20/$m^3$) | 18 & 21/16-17 | 16/ 20.02.17 |
| | | 53mm-22.4mm $19.12m^3$ | $18.10m^3$ | $17.69m^3$ | 851 (@2076.08/$m^3$) | 18 & 21/16-17 | 16/ 20.02.17 |
| എഫ്.സി.ഐ- കൊമ്പശ്ശേരിൽ റോഡ് മെറ്റലിംഗ് & ടാറിംഗ് (52/16) | പി.ഡാനിയേൽ | 53mm-22.4mm $46.78m^3$ | $46.28m^3$ | $43.27m^3$ | 5899 (@1972.90/$m^3$) | 31/15-16 | 1/30.9.16 |
| ആകെ അധികം നൽകിയ തുക | | | | | 7742 | | |

നിയമാനുസൃത കുറവു വരുത്താതെ കരാറുകാർക്ക് തുക അനുവദിച്ചതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 32/14.08.17) ഈയിനത്തിൽ അധികം നൽകിയ തുക തിരികെ

അടക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മുനിസിപ്പൽ എൻജിനീയർ മറുപടി നൽകി. തുക ഈടാക്കി അടക്കാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

## 3-38 നിർമ്മാണ പ്രവൃത്തികൾക്ക് നിയമാനുസൃത സേവനനികുതി ഒടുക്കിയിട്ടില്ല

നഗരസഭാ എൻജിനീയർ നിർവ്വഹണം നടത്തിയതും 2016-17 വർഷം പൂർത്തീകരിച്ചതുമായ താഴെപ്പറയുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ സർവ്വീസ് ടാക്സിനത്തിൽ തുക വകയിരുത്തുകയോ (ക്രമ നം.3 ഒഴികെ), ഫൈനൽ ബില്ലിൽ ഈയിനത്തിൽ കുറവുവരുത്തി തുക ഒടുക്കുകയോ ചെയ്തിട്ടില്ല.

| വർക്കിന്റെ പേരും പ്രോജക്ട് നമ്പരും | എസ്റ്റിമേറ്റ് തുക | കരാറുകാരന്റെ പേരും എഗ്രിമെന്റ് നമ്പരും | മൂല്യ നിർണ്ണയ തുക | സേവന നികുതി യിനത്തിൽ ഒടുക്കേണ്ടിയിരുന്ന തുകയും നിരക്കും | ട്രഷറി ബിൽ നം./ തീയതി |
|---|---|---|---|---|---|
| കണ്ടിയൂർ അംഗൻവാടി നിർമ്മാണം – 215/16 | 1019000 | എസ്.രമേശ്, 57/13.1.16 | 969434 | 58166 (6%) | 14/20.2.17 |
| മുനിസിപ്പൽ ടൗൺ ഹാൾ ഇന്റർലോക്ക് & കമാനം നിർമ്മാണം – 72/16 | 897000 | എൻ.വിജയൻ 66/9.2.16 | 786660 | 47200 (6%) | 32/17.3.17 |
| ഗവ. ഗേൾസ് സ്കൂളിന് ചുറ്റമതിൽ പുനരുദ്ധാരണം – 206/17 | 257907 | ആർ.വിജയൻ 34/3.2.17 | 193263 | 20293 (10.5%) | 58/30.3.17 |
| ഗവ. ഗേൾസ് സ്കൂളിൽ അംഗൻവാടി നിർമ്മാണം- 47/17 | 991619 | എസ്.രമേശ് 55/13.1.16 | 961970 | 57718 (6%) | 13/20.2.17 |
| ലൈബ്രറി കെട്ടിടത്തിന് പുറകിലായി മുറികളുടേയും സെക്രട്ടറിയുടെ ക്വാർട്ടേഴ്സിന്റേയും നിർമ്മാണം – 76/16 | 2250000 | എൻ.വിജയൻ 67/9.2.16 | 1807273 | 108436 (6%) | 59&60/ 30.3.17 |
| ഗവ.എൽ.പി. സ്കൂളിൽ കഞ്ഞിപ്പുര പുനരുദ്ധാരണവും ടോയിലറ്റ് നിർമ്മാണവും – 219/16 | 999000 | എസ്.രമേശ് 56/13.1.16 | 819268 | 86023 (10.5%) | 9/28.1.17 |
| ആകെ | | | | 377836 | |

ക്രമനം.3 പ്രകാരമുള്ള വർക്കിന്റെ എസ്റ്റിമേറ്റിൽ 24,507/-രൂപ സർവ്വീസ് ടാക്സിനത്തിൽ

വകയിരുത്തിയിരുന്നുവെങ്കിലും ആയത് ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തുകയോ, ഒടുക്കുവരുത്തുകയോ ചെയ്തിട്ടില്ല. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2015-16 വർഷം സേവന നികുതി അടക്കേണ്ടതില്ലാത്തതിനാലാണ് ക്രമനം.3 ഒഴികെയുള്ള വർക്കുകളിൽ നികുതി പിടിക്കാതിരുന്നതെന്ന് മുനിസിപ്പൽ എൻജിനീയർ മറുപടി നൽകി. ക്രമനം.3 പ്രകാരമുള്ള ചുറ്റുമതിൽ നിർമ്മാണം വഴി അതിനോട് ചേർന്നുള്ള റോഡ് സൈഡ് ബലപ്പെട്ടുവെന്നതിനാൽ റോഡുമായി ബന്ധപ്പെട്ട പ്രവൃത്തികൾ സേവനനികുതി ഈടാക്കേണ്ടതില്ലെന്നതുമൂലം നികുതി ഒടുക്കിയില്ലെന്ന് ടിയാൻ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ മറുപടി യുക്തിരഹിതമായതിനാലും, 2015-16 വർഷം സേവനനികുതി ബാധകമാണെന്നതിനാലും മേൽ പ്രതിപാദിച്ച വർക്കുകളുടെ സേവനനികുതി ഒടുക്കുവരുത്തുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## **3-39** ഡെപ്പോസിറ്റ് വർക്കുകളിൽ എഗ്രിമെന്റ് ചമയ്ക്കാതെ നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറി

നഗരസഭയിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി 2016-17 വർഷം അംഗീകാരം ലഭിച്ച 194-ാം നമ്പർ പ്രോജക്ടിൽ ഉൾപ്പെടുത്തി 2,82,000/-രൂപ വാട്ടർ അതോറിറ്റിയുടെ ആലപ്പുഴ ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലും (ബിൽ നം. 6&7/31.3.17) വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി (നം.150/17) 376100/-രൂപ വൈദ്യുതിബോർഡിന്റെ അസിസ്റ്റന്റ് എൻജിനീയറുടെ പേരിലും നൽകിയിട്ടുണ്ട് (ബിൽ നം. 5/31.3.17). ഡെപ്പോസിറ്റ് വർക്കെന്ന നിലയിൽ മുൻകൂറായി പ്രസ്തുത ഏജൻസികൾക്ക് പദ്ധതി തുക കൈമാറിയെങ്കിലും അവരുമായി നിയമാനുസൃത എഗ്രിമെന്റ് ചമച്ചിട്ടില്ല. കൂടാതെ ഏറ്റെടുത്ത വർക്കുകൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് സമയം വരെ (8/17) ലഭ്യമായിട്ടും ഇല്ല. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് എഗ്രിമെന്റ് വയ്ക്കാൻ വിട്ടുപോയതാണെന്നും വർക്കുകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-40** ടെൻഡർ ഫീസ് **- 22450/-** നഗരസഭാ ഫണ്ടിൽ ഒടുക്കിയിട്ടില്ല

നഗരസഭയിൽ 2015-16, 2016-17 വർഷങ്ങളിലായി ഇ-ടെൻഡർ ചെയ്ത വിവിധ മരാമത്ത് വേലകളുടെ ടെൻഡർ ഫീസിനത്തിൽ 184370/-രൂപ ലഭിച്ചിരുന്നു. ഇപ്രകാരം ലഭിച്ച തുകയിൽ 161920/-രൂപ ഓഡിറ്റ് സമയം വരെ (8/17) നഗരസഭാ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. മിച്ചമുള്ള 22450/-രൂപ നിലവിൽ മുനിസിപ്പൽ എൻജിനീയറുടെ പേരിലുള്ള 67274077836-ാം നമ്പർ അക്കൗണ്ടിൽ നിലനിൽക്കുന്നു. ഈ തുക മുനിസിപ്പൽ അക്കൗണ്ടിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-**4**

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## **4-1** വാർഷിക കണക്കു പരിശോധന

നഗരസഭയുടെ 2016-17 അക്കൗണ്ട്സ് പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ആഡിറ്റ് അന്വേഷണത്തിന് (നം.4) മറുപടി ലഭ്യമാക്കിയില്ല. വാർഷിക കണക്കിലെ അപാകം സംബന്ധിച്ച സംശയങ്ങൾ ദുരീകരിക്കുവാൻ നഗരസഭാ ജീവനക്കാർക്കാർക്കും കഴിഞ്ഞിട്ടില്ല. വാർഷിക കണക്ക് സംബന്ധിച്ച് ഒരു ജീവനക്കാരന് പോലും വ്യക്തമായ ധാരണയില്ല.

എ) റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് :

റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിന്റെ സംക്ഷിപ്തം താഴെപറയുന്നു.

| | | |
|---|---|---|
| മുന്നിരുപ്പ് | - | 31382892 |
| വരവ് | - | 132154462 |
| ആകെ | - | 163537354 |
| ചെലവ് | - | 121853199 |

| | | |
|---|---|---|
| നീക്കിയിരുപ്പ് | - | 41684155 |

റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിന്റെ പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ :-

1. താഴെപ്പറയുന്ന ശീർഷകങ്ങളിൽ യഥാർത്ഥത്തിൽ വരവില്ലെങ്കിലും തെറ്റായി രസീത് നൽകുക വഴി വരവ് കാണിച്ചിരിക്കുന്നു.

| വരവ് വന്ന ശീർഷകം | വരേണ്ടിയിരുന്ന ശീർഷകം | |
|---|---|---|
| 110010300 | 110010200 | 802 |
| 110010400 | 140700100 | 461 |
| 431800130 | 431800110 | 861 |
| 431800140 | 431800120 | 296 |
| 130109900 | 431400101 | 5112 |

2. അക്രൂ ചെയ്യാത്ത ഇനങ്ങളിൽ തെറ്റായ എൻട്രി വരുന്നത് നിമിത്തം ഇൻകം & എക്സ്പന്റിച്ചർ സ്റ്റേറ്റ്മന്റിൽ പ്രസ്തുത ഇനത്തിന്റെ ഡിമാന്റ് വർദ്ധിക്കുന്നു. റിവേഴ്സ് എൻട്രി വഴി റസീപ്റ്റിൽ മാറ്റം വരുത്തുന്നുണ്ടെങ്കിലും തത്തുല്യമായ മാറ്റം ഇൻകം & എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ വരുത്തുന്നില്ല.
3. പരസ്യനികുതി ഇനത്തിൽ ടാക്സ് റവന്യൂ (RP1), സൺഡ്രി ഡറ്റേഴ്സ് (RP37) എന്നീ ശീർഷകങ്ങളിൽ വരവുണ്ട്. ഒരേ ഇനം ഇപ്രകാരം രണ്ട് ഹെഡിൽ വന്നതിന്റെ കാരണം വ്യക്തമല്ല. ഈ ഇനത്തിലെ വരവ് ലേലരജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
4. പരസ്യനികുതി ലേലം വർഷാരംഭത്തിന് മുൻപ് നടക്കുന്നതായിട്ടും അതിനെ അക്രു ചെയ്ത വരവായി സൺഡ്രി ഡറ്റേഴ്സ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുന്നില്ല. ഇത് മൂലം വർഷാവസാനം പിരിക്കാൻ ബാക്കിയുള്ള തുക റിസീവബിൾസ് എന്ന ആസ്തിയായി പരിഗണിക്കപ്പെടാതെ പോകുന്നു.
5. മുതൽ-പിരിവ്-ബാക്കി പത്രിക ആഡിറ്റിൽ ഹാജരാക്കിയിട്ടില്ലാത്തതിനാൽ വരവിനങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല.
6. പാസ്ബുക്കുകളും ബാങ്ക് ബുക്കും തമ്മിൽ നീക്കിയിരുപ്പിൽ ഉള്ള അന്തരം പൊരുത്തപ്പെടുത്തിയതിന്റെ രേഖകൾ പൂർണ്ണമായി ആഡിറ്റിൽ ഹാജരാക്കാത്തതിനാൽ നീക്കിയിരുപ്പിന്റെ (RP40) കൃത്യത ഉറപ്പാക്കാനാകുന്നില്ല.

ഡിപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ഈ ഇനത്തിലുള്ള വരവ്-ചെലവുകളുടെ (RP27) കൃത്യത ഉറപ്പാക്കാനാകുന്നില്ല.

ബി) ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | |
|---|---|---|
| ആദായം | - | 139515656 |
| വ്യയം | - | 163883230 |
| മൊത്ത നഷ്ടം | - | 24367574<br>========== |
| പ്രയർ പീരീഡ് ഐറ്റം | - | 789522 |

| | | |
|---|---|---|
| അറ്റ നഷ്ടം | - | 25157103 |

1. അക്രു ചെയ്യാത്ത ഇനങ്ങളുടെ ഇൻകം & എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിലെ തുകയും തൻവർഷ വരവായി റസിപ്റ്റ് & പേയ്മന്റ് അക്കൗണ്ടിലെ തുകയും തുല്യമായിരിക്കേണ്ടതാണ്. എന്നാൽ 110100200-പ്രൊഫഷണൽ ടാക്സ് (എംപ്ലോയിസ്), 130109900-റന്റ് ഫ്രം അദർ സിവിക് അമിനിറ്റീസ് എന്നീ ഇനങ്ങളിൽ മേൽപ്പറഞ്ഞവ തമ്മിൽ അന്തരമുണ്ട്. യഥാർത്ഥ വരവിനേക്കാൾ യഥാക്രമം 136000/- (7242550-7106550), 6233803(6238915-5112) രൂപ അധികമാണ് ഈ ഇനങ്ങളിൽ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ചേർത്തിരിക്കുന്നത്. ഇത് മൂലം ഡെഫിസിറ്റിൽ കുറവുണ്ടാകുന്നു.
2. പരസ്യനികുതി ഡിമാന്റ് യഥാർത്ഥ ഡിമാന്റുമായി (രജിസ്റ്ററിൽ ഉള്ളത്) പൊരുത്തപ്പെടുന്നില്ല.
3. വിവിധ തനത്ഫണ്ട് ഇനങ്ങളുടെ മുതൽ-പിരിവ്-ബാക്കി പത്രിക തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.
4. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ സ്റ്റേറ്റ്മെന്റ് ആഡിറ്റിൽ ഹാജരാക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായിട്ടില്ല. 2010-11 മുതൽ 2015-16 വരെയുള്ള അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ 2015-16 അക്കൗണ്ട്സിനൊപ്പം സമർപ്പിച്ച ബാലൻസ് ഷീറ്റ് (31.03.16ലെ) പ്രകാരം 9124396/-രൂപ മാത്രമാണ്. തൻവർഷം മാത്രം 18474153/-രൂപ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഡിപ്രീസിയേഷൻ കണക്കാക്കിയിരിക്കുന്നു. അതു ശരിയല്ല. ആയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ഡെഫിസിറ്റ് കൃത്യമല്ല.

സി) <u>ബാലൻസ് ഷീറ്റ്</u>

| | | |
|---|---|---|
| ആകെ ആസ്തി | - | 154713768 |
| ആകെ ബാദ്ധ്യത | - | 126393762 |
| മുനിസിപ്പൽ ഫണ്ട് | - | 28320006 |

1. ബാലൻസ് ഷീറ്റിൽ സൺഡ്രി ഡറ്റേഴ്സ് (റിസീവബിൾസ്) ആയി (B15 പട്ടിക) സ്ഥാപന/വ്യാപാര തൊഴിൽ നികുതി അരിയർ ആയി 9420951/-രൂപയും ഡി&ഒ ലൈസൻസ് ഫീസ് അരിയറായി 1129803/-രൂപയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ കണക്കുകൾ ഈ ഇനങ്ങളിലെ മുതൽ-പിരിവ്-ബാക്കി കണക്കുമായി പൊരുത്തപ്പെടുന്നില്ല. പരസ്യ നികുതി പിരിവ് ലേലം ചെയ്ത് കൊടുത്തത് 90000/-രൂപയ്ക്കാണ്. ഇത് കൂടാതെ സിനിമാശാലകൾ 48506/- രൂപ നേരിട്ട് ഈ ഇനത്തിൽ അടച്ചിട്ടുമുണ്ട്. ഈ ഇനത്തിലെ ഇതിൽ കൂടുതൽ ഡിമാന്റ് യഥാർത്ഥത്തിലില്ല. എന്നാൽ 158866/-, 205965/- രൂപ വീതം കറന്റ്, അരിയർ ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ളതായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മേൽപ്പറഞ്ഞ കാരണങ്ങളാൽ സ്ഥാപനത്തിന് തെറ്റായ ഉയർന്ന ആസ്തി കാണിക്കുന്നു.
2. ബാലൻസ് ഷീറ്റിൽ റിസീവബിൾസിന് പ്രൊവിഷൻ തയ്യാറാക്കിയപ്പോൾ (പട്ടികB 21) 96.7 ലക്ഷം വരുന്ന പ്രൊഫഷണൽ ടാക്സിന് 34.00 ലക്ഷം പ്രൊവിഷൻ നൽകി. 11.42ലക്ഷം വരുന്ന ലൈസൻസ് ഫീസിന് 14600/- രൂപ മാത്രമാണ് പ്രൊവിഷൻ ഇട്ടത്. ഈ വരവിനങ്ങൾക്ക് പൊതുവിൽ രണ്ട് ശതമാനമാണ് പ്രൊവിഷൻ ഇടാറുള്ളത്. 2016 മാർച്ച് 31ൽ നൽകിയ അതേ പ്രൊവിഷൻ 2017മാർച്ച് 31 ലും തുടരുകയായിരുന്നു. റിസീവബിൾസിൽ വന്ന മാറ്റത്തിനനുസരിച്ച് പ്രൊവിഷനിൽ മാറ്റം വരുത്തിയില്ല. ഇത് ആസ്തിയുടെ കൃത്യത ഇല്ലാതെയാക്കുന്നു.
3. ബാലൻസ് ഷീറ്റിൽ ഒരിനത്തിന് നൽകുന്ന പ്രോവിഷൻ ആ ഇനത്തിൽ നിന്ന് കുറവ് ചെയ്യുകയാണ് വേണ്ടത്. എന്നാൽ റിസീവബിൾസിന് നൽകിയ പ്രൊവിഷൻ ആസ്തിയോട് കൂട്ടിയത് നിമിത്തം ആസ്തി പെരുപ്പിച്ച് കാണിക്കപ്പെടുന്നു.
4. പ്രൊഫഷണൽ ടാക്സ് (എംപ്ലോയിസ്) ന് തെറ്റായ തുക ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മന്റിൽ നൽകിയത് നിമിത്തം ഡെഫിസിറ്റിൽ വന്ന കുറവ് മുനിസിപ്പൽ ഫണ്ട് അധികമായി കാണിക്കുവാനും അത് വഴി ബാദ്ധ്യത അധികമായി കാണിക്കുവാനും ഇടനൽകുന്നു.

5. 2016 മാർച്ച് 31 ലെ സ്ഥിര ആസ്തിയോട് 2016-17 - ൽ ആർജ്ജിച്ച ആസ്തി കൂട്ടിയാൽ (2016 മാർച്ച് 31 - ലെ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിലെ പൂർത്തിയായവ ഒഴിച്ചാൽ പോലും) 2017 മാർച്ച് 31 ലെ ആസ്തി 70070888/- (57609921+12460967) രൂപ വരും. എന്നാൽ ബാലൻസ് ഷീറ്റിൽ ഇത് 70058388/- എന്നാണ് ചേർത്തിരിക്കുന്നത്. ഇത് മൂലം ആസ്തി കുറവായി കാണിക്കപ്പെടുന്നു.

6. 2016 മാർച്ച് 31ലെ മുനിസിപ്പൽ ഫണ്ട് 50248186/- രൂപയും 2016-17 ലെ ഡെഫിസിറ്റ് (ഇൻകം & എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) 25157103/- രൂപയുമാണ്. ഇവയുടെ അന്തരമായ 25091083/- രൂപയാണ് 2017 മാർച്ച് 31 ലെ മുനിസിപ്പൽ ഫണ്ടായി വരേണ്ടത്. എന്നാൽ മുനിസിപ്പൽ ഫണ്ട് 28320006/- രൂപ (ജനറൽ ഫണ്ട്, 53477109 – ഡെഫിസിറ്റ്, 25157103) ആണ് ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ളത്. ബാലൻസ് ഷീറ്റ് ടാലിയാക്കാൻ ജനറൽ ഫണ്ട് കൂട്ടികാണിച്ചിരിക്കുന്നു. ആകയാൽ ബാലൻസ് ഷീറ്റിലെ സാമ്പത്തികനില കൃത്യമല്ല.

7. ബാലൻസ് ഷീറ്റിൽ ലോൺസ്, അഡ്വാൻസ് & ഡപ്പോസിറ്റ് എന്ന ശീർഷകത്തിൽ സ്റ്റാന്റിംഗ് അഡ്വാൻസ് ആയി ചേർത്തിരിക്കുന്ന 9000/- രൂപയിൽ 7000/- രൂപ 24/1/12 - ൽ റിപ്പബ്ലിക് ദിന ആഘോഷ അഡ്വാൻസ് നൽകിയതാണ്. ഇത് മിസലേനിയസ് അഡ്വാൻസ് എന്ന ഹെഡിൽ വരേണ്ടതാണ്. അദർ അഡ്വാൻസ് ആയി ചേർത്തിരിക്കുന്ന 260000/- രൂപ 2010 - ന് മുമ്പ് നൽകിയതാണ്. എന്നാൽ ഇതിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

8. എസ്.ബി.റ്റി അക്കൗണ്ട് നമ്പർ 67182787841 (Sand A/C), ആലപ്പുഴ ജില്ല കോപ്പറേറ്റീവ് ബാങ്ക്, മാവേലിക്കര ശാഖ അക്കൗണ്ട് 1935, ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (തനത്ഫണ്ട്), പഞ്ചാബ് നാഷണൽ ബാങ്ക് - 67622, പഞ്ചാബ് നാഷണൽ ബാങ്ക്- ക്ലീൻ കേരള, പഞ്ചാബ് നാഷണൽ ബാങ്ക്- ദുരിതാശ്വാസം- 69268 എന്നീ അക്കൗണ്ടുകളുടെ പാസ് ബുക്ക് ബാലൻസും വാർഷിക കണക്കിലെ നീക്കിയിരുപ്പും തമ്മിൽ അന്തരമുണ്ട്. റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് (പണമാക്കാത്ത ചെക്കുകളുടെ വിവരം അടക്കം) ഹാജരാക്കിയിട്ടില്ല.

9. 5/8/17 ൽ റിക്വസിഷൻ നൽകിയിട്ടും ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. അതിനാൽ ബാലൻസ് ഷീറ്റിലെ ഈ ഇനങ്ങളുടെ (B 7 പട്ടിക) കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

10. 1-4-2010 ന് മുൻപ് ആർജ്ജിച്ച ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല.

11. ഒ.ഡി.എഫ് പദ്ധതിക്കായി വകമാറ്റിയ പ്ലാൻഫണ്ട് തുക പൂർണ്ണമായും ഗ്രാന്റ് & കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ് എന്ന ശീർഷകത്തിൽ (B4) ബാദ്ധ്യതയായി കാണിക്കേണ്ടതും ഈ ഇനത്തിൽ തിരിച്ച് കിട്ടാൻ ബാക്കിയുള്ള സൺഡ്രി ഡറ്റേഴ്സ് (റിസീവബിൾസ്) ൽ അദർ റിസീവബിൾസ് ആയി ആസ്തിയായി ഉൾപ്പെടുത്തേണ്ടതും (B15) ആയിരുന്നെങ്കിലും അത് ഉണ്ടായിട്ടില്ല.

## 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

--ഇല്ല--

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 282000 | - | 282000 |
| പി.എച്ച് ഡിവിഷൻ, ആലപ്പുഴ | ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ | 159300 | - | 159300 |

| | | | | |
|---|---|---|---|---|
| കെ.എസ്.ഇ.ബി.സബ് ഡിവിഷൻ | ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ | 216800 | - | 216800 |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവോ വായ്പ തിരിച്ചടവിനത്തിൽ ചെലവോ ഇല്ല.

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 132154462 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 121853199 |
| വരവിനങ്ങളിലുള്ള നഷ്ടം | 1041330 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 306267 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1403617 |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 24354 | | അനിത, സെക്ഷൻ ക്ലാർക്ക്,<br>കെ.എസ്.ഷാനിഫ, സൂപ്രണ്ട്<br>ഡി.സാജു, സെക്രട്ടറി |
| 2-3 | 532389 | | അനിത, സെക്ഷൻ ക്ലാർക്ക്,<br>ബിനുജി.ജി, റവന്യൂ ഇൻസ്പെക്ടർ<br>കെ.എസ്.ഷാനിഫ, സൂപ്രണ്ട്<br>ഡി.സാജു, സെക്രട്ടറി |
| 2-4 | 37500 | | എൻ.കെ.കൃഷ്ണകുമാർ, സെക്രട്ടറി<br>പ്രകാശ് കുമാർ, സെക്ഷൻ ക്ലാർക്ക്<br>ഡി.സാജു, സെക്രട്ടറി<br>കെ.എസ്.ഷാനിഫ, സൂപ്രണ്ട്<br>കെ.മുരളി, സെക്ഷൻ ക്ലർക്ക് |
| 2-5 | 11400 | | കെ.മുരളി, സെക്ഷൻ ക്ലർക്ക്<br>ഡി.സാജു, സെക്രട്ടറി<br>കെ.എസ്.ഷാനിഫ, സൂപ്രണ്ട് |
| 2-6 | 15000 | | കെ.മുരളി, സെക്ഷൻ ക്ലർക്ക്<br>ഡി.സാജു, സെക്രട്ടറി<br>കെ.എസ്.ഷാനിഫ, സൂപ്രണ്ട് |
| 2-7(C) | 2500 | | കെ.മുരളി, സെക്ഷൻ ക്ലർക്ക് |
| 2-11 | 418187 | | ഡി.സാജു, സെക്രട്ടറി<br>കെ.എസ്.ഷാനിഫ, സൂപ്രണ്ട്<br>കെ.മുരളി, സെക്ഷൻ ക്ലർക്ക് |
| 3-2(എ)<br>(ബി) | | 124711<br>13179 | ദിനേശ്കുമാർ.ഡി, മുനിസിപ്പൽ എൻജിനീയർ |

| | | | |
|---|---|---|---|
| 3-2 (സി) | | 3266 | ജയദാസ്, മുനിസിപ്പൽ എൻജിനീയർ |
| 3-8 (i) | | 14250 | മായാഗോപിദാസ്, എസ്.സി.ഡി.ഒ. |
| 3-9 | | 25165 | എം.എൻ.പ്രസാദ്, അഗ്രി. ഫീൽഡ് ഓഫീസർ |
| 3-18 | | 52000 | 27000- എസ്.സുനിൽകുമാർ, ജെ.എച്ച്.ഐ-II<br>15000-വിനോദ് കുമാർ.ജി, സീനിയർ ക്ലർക്ക്<br>10000-ജ്യോതിലക്ഷ്മി, റവന്യൂ ഇൻസ്പെക്ടർ |
| 3-31 | | 15000 | ഡി.സാജു, സെക്രട്ടറി |
| 3-34 | | 34025 | ജയദാസ്, മുനിസിപ്പൽ എൻജിനീയർ |
| 3-35 | | 11091 | ജയദാസ്, മുനിസിപ്പൽ എൻജിനീയർ |
| 3-36 | | 5838 | ഡി.ദിനേശ്കുമാർ, മുനിസിപ്പൽ എൻജിനീയർ |
| 3-37 | | 7742 | 5899-ഡി.ദിനേശ്കുമാർ, മുനിസിപ്പൽ എൻജിനീയർ<br>1843-ജയദാസ്, മുനിസിപ്പൽ എൻജിനീയർ |
| ആകെ | 1041330 | 306267 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 105750 | എം.എൻ.പ്രസാദ്, എ.എഫ്.ഒ. |
| 3-19(എ) | 185585 | ഡോ.എസ്.ആർ.രാജി, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| 3-19(ബി) | 6943 | ഡോ.കോശി ഇടിക്കുള, സൂപ്രണ്ട്,<br>ജില്ലാ ആശുപത്രി, മാവേലിക്കര |
| 3-27 | 102000 | ഡി.സാജു, സെക്രട്ടറി |
| 3-28 | 95250 | ഡി.ദിനേശ്കുമാർ, മുനിസിപ്പൽ എൻജിനീയർ |
| 3-30 | 249989 | ഡി.സാജു, സെക്രട്ടറി |
| 3-39 | 658100 | ഡി.സാജു, സെക്രട്ടറി |
| ആകെ | 1403617 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-3, 2-7എ, 2-7 ബി, 2-11 ബി

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| എൻ.കെ കൃഷ്ണകുമാർ,<br>സെക്രട്ടറി | സെക്രട്ടറി,<br>മലപ്പുറം നഗരസഭ | നമ്പിപ്പറമ്പ് ഹൗസ്,<br>കീഴ്മാട്, എരുമത്തല പി.ഓ,<br>ആലുവ |
| ഡി. സാജു,<br>സെക്രട്ടറി | സെക്രട്ടറി,<br>തിരുവല്ല നഗരസഭ | മേരി വിലാസം,<br>കൊട്ടുവിള പി.ഒ,<br>ഈസ്റ്റ് കല്ലട, കൊല്ലം |
| കെ.മുരളി, ക്ലാർക്ക് | ക്ലാർക്ക്, മാവേലിക്കര നഗരസഭ | മാവുള്ളതിൽ, വേടരപ്ലാവ്.പി.ഒ.<br>ചാരുംമൂട്, ആലപ്പുഴ |
| എ.ജ്യോതിലക്ഷ്മി,<br>റവന്യൂ ഇൻസ്പെക്ടർ | റവന്യൂ ഇൻസ്പെക്ടർ,<br>മാവേലിക്കര നഗരസഭ | പുത്തൻ മഠം,<br>കണ്ടിയൂർ, തട്ടാരമ്പലം,<br>മാവേലിക്കര |
| ജി. ബിനുജി<br>റവന്യൂ ഇൻസ്പെക്ടർ | റവന്യൂ ഇൻസ്പെക്ടർ,<br>മാവേലിക്കര നഗരസഭ | കണ്ണംപള്ളിൽ,<br>പായിക്കുഴി, ഓച്ചിറ |
| കെ.എസ്. ഷാനിഫ,<br>സൂപ്രണ്ട് | സൂപ്രണ്ട്,<br>മാവേലിക്കര നഗരസഭ | ആഷിഖ് മൻസിൽ,<br>പുന്നക്കുളം നോർത്ത്,<br>കുലശേഖരപുരം പി.ഒ,<br>കരുനാഗപ്പള്ളി |
| അനിത, ക്ലർക്ക് | ക്ലർക്ക്,<br>മാവേലിക്കര നഗരസഭ | സപ്തശ്രീ,<br>ചെറുകോൽ.പി.ഒ, മാവേലിക്കര |
| ദിനേശ് കുമാർ. ഡി,<br>മുനിസിപ്പൽ എൻജിനീയർ | മുനിസിപ്പൽ എഞ്ചിനീയർ,<br>മാവേലിക്കര നഗരസഭ | വൈഷ്ണവം,<br>കോട്ടക്കകം, ചവറ.പി.ഒ |
| ജയദാസ്.ഡി,<br>മുനിസിപ്പൽ എഞ്ചിനീയർ, | മുനിസിപ്പൽ എഞ്ചിനീയർ,<br>മാവേലിക്കര നഗരസഭ | ലക്ഷ്മിഭവനം,<br>വടശേരികോണം.പി.ഒ, വർക്കല |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.എ.4-936/00/17.03.2001 |
| 1998-99 | എൽ.എഫ്.എ.4-937/00/17.03.2001 |
| 1999-2000 | എൽ.എഫ്.എ.4-218/02/18.08.2002 |
| 96-97 (ഫൈനൽ) | എൽ.എഫ്.എ.4-1031/03/15.12.2003 |
| 97-98(ഫൈനൽ) | എൽ.എഫ്.എ.4-1163/02/14.01.2003 |
| 98-99(ഫൈനൽ) | എൽ.എഫ്.എ.4-532/05/07.10.2005 |
| 2000-01 | എൽ.എഫ്.എ.4-673/05/09.11.2005 |
| 2001-02 ചെലവ് | എൽ.എഫ്.എ.4-938/05/05.05.2006 |
| 99-2000(ഫൈനൽ) | എൽ.എഫ്.എ.4-939/05/05.05.2006 |
| 2000-01(ഫൈനൽ) | എൽ.എഫ്.എ.4-821/07/12.08.2007 |
| 2001-02(ഫൈനൽ) | എൽ.എഫ്.എ.4-822/07/31.10.2007 |
| 2002-03 (വരവ് -ചെലവ്) | എൽ.എഫ്.എ.4-823/07/31.10.2007/06.07.2008 |
| 2003-04 | എൽ.എഫ്.എ.4-813/08/28.01.2009/22.04.2009 |
| 2004-05 | എൽ.എഫ്.എ.4-814/08/21.08.2009/22.04.2009 |
| 2005-06 | എൽ.എഫ്.എ.4-834/08/21.08.2009/22.04.2009 |
| 2006-07 | എൽ.എഫ്.എ.4-837/08/21.08.2009/11.08.2009 |
| 2007-08 | എൽ.എഫ്.എ.4-838/08/10.06.2009/01.10.2009 |

| | |
|---|---|
| 2008-09 | എൽ.എഫ്.എ.എം.1-500/12/06.12.2012 |
| 2009-10 (ചെലവ്) | എൽ.എഫ്.എ.എം.1-561/12/06.12.2012/14.12.2012 |
| 2009-10 (വരവ്), 2010-11, 2011-12 & 2012-13 | എൽ.എഫ്.എ.എം.1-1991/2014/27.02.2015/01.05.2015 |
| 2013-14 | എൽ.എഫ്.എ.എം-1-1094/15/4.8.2015/31.08.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി./എം.1/559/2016/6.06.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി./ജി.എ5/160/17 തീയതി, 15.02.17/ 15.03.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
.
.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-എ.എൽ.പി/ജി.എ.5-1128/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 20.09.2017

ഫോൺ – 0477 2252753

ഇ-മെയിൽ – ddhglfalpy@gmail.com

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 13-ാം വകുപ്പ്, 1994 – ലെ കേരള നഗരപാലികാ

നിയമം - വകുപ്പ് 295(4) ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ മാവേലിക്കര നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം II, IIIലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും പാലിക്കാതിരുന്നതുമൂലം വരുമാനനഷ്ടവും, അധികച്ചെലവും ഉണ്ടായിട്ടുള്ളതിനാലും ഭാഗം IV(1)ൽ പറയുംപ്രകാരം അക്കൗണ്ടിംഗ് നിയമപ്രകാരമല്ല വാർഷിക കണക്ക് തയ്യാറാക്കിയിരിക്കുന്നത് എന്നതിനാലും, ഈ വാർഷിക ധനകാര്യപത്രിക മാവേലിക്കര നഗരസഭയുടെ 2016-17 ലെ വരവ് ചെലവ് കണക്കുകളേയും ധനസ്ഥിതിയേയും ശരിയായ രീതിയിൽ പ്രതിനിധാനം ചെയ്യുന്നില്ല എന്നാണ് എന്റെ അഭിപ്രായം.

.

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

No. KSA-ALP/GA.5-1128/2017

Kerala State Audit Department,
District Audit Office, Alappuzha.
Date: 20.09.2017
Phone : 0477 2252753
E-mail : ddhglfalpy@gmail.com

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Mavelikkara Municpality in Alappuzha District for the year ended on 31.03.2017 in accordance with Section 13 of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municpality Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Municipalities.

As reported in different paragraphs of part II & III of my report, there are deficiency of revenue and irregular expenditures due to non-adherence of rules and Govt.orders and as reported in paragraph IV(1) of the report, annual financial statements are not prepared in accordance with accounting principles. Hence, I am of the opinion that this financial statement do not represent true and fair view of the receipt and payment and financial position of Mavelikkara Municipality for 2016-17.

.

.

.

Senior Deputy Director
Kerala State Audit Department